18

# NEW VISION



**NEW VISION**

**18**

**Editorial Board**

Prof: Mathew Koshy — Tel: 04731-4068
Rev. A. C. Oommen — Tel: 04736 - 20187
Mr. M. Kurian — Tel: 0481 - 578599
Rev. Prof. K. C. Mathew — Tel 0481 - 578841

**Advisory Board**

Rt. Rev. T. B. Benjamin, Tel: 0481 - 566649
Rt. Rev. Geevarghese Mar Osthathiose — Tel: 0482-2473
Rt. Rev. K. Michel John
Rt. Rev. Dr. Thomas Mar Athanasius — Tel: 0458 - 32401
Rt. Rev. Dr. Issac Mar Philexenos — Tel: 011 - 312828
Mr. C. John Mathai, Tel: 0481 - 62351
Sr. Raichel John
Adv. K. I. Ninan, Tel: 0481 - 567858
Mr. V. J. Joseph
Prof. Mammen Varkey, Tel: 04782 - 34355
Rev. Dr. K. V. Mathew, Tel: 047351 - 6525
Mr. Mathew Idiculla, Chicago

**Co-ordinators in USA**

Rev. Thomas K. Oommen, New York
Mr. John K. Mathew, Texas
Mr. J. T. Wattachanackal, Chicago
Dr. Koshy Itty Eipe, Philadalphia

**Contact Address in USA & Canada**

NEW VISION
16W, 684 - 89th Place
Hinsdale, IL. 60521 U. S. A.
Phone / Fax: 708 - 986 - 1195

**Office Address in India**

NEW VISION
Manganam
Kottayam - 18
Telephone: 0481 - 578841

**Circulation - Manager**

Mr. Philipose Mathew

**Cover Design & Layout**

Pratap Publicity, Ktm. Ph: 564272

**Computer Typesetting**

Sajid Graphic Designs, Ktm., Ph: 569173



# വിദ്യാഭ്യാസ കമ്മിഷൻ



ക്രൈസ്തവ സഭകൾ ഏറെ കാലമായി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരികയാണ്. ഇന്ന് ഈ മേഖലയിൽ അനേകം സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ക്രൈസ്തവ സ്ഥാപനങ്ങൾ ഇനിയും ഈ മേഖലയിൽ പ്രവർത്തിക്കുന്നതിനു എത്രമാത്രം പ്രസക്തിയുണ്ട് എന്ന് പലരും ചിന്തിച്ചു തുടങ്ങിയിരിക്കുകയാണ്. വിദ്യാഭ്യാസം ലഭ്യമല്ലാതിരുന്ന കാലയളവ്, വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ജനത, വിദ്യാഭ്യാസം ഇല്ലാതിരുന്നതിനാൽ ചൂഷണവും അടിമത്തവും നിലനിന്നിരുന്ന ഒരു കാലഘട്ടം, ക്രിസ്ത്യൻ മിഷനറിമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ കാലയളവിലാണ് തിരുവിതാംകൂറിൽ ആരംഭിച്ചത്. ഇന്ന് ഈ സ്ഥിതി മാറിയിരിക്കുകയാണ്. കമ്പോള സംസ്കാരത്തിലേക്ക് വഴുതി വീണു കഴിഞ്ഞിരിക്കുന്ന കേരളത്തിൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് എന്താണ്? 1817-ൽ ആരംഭിച്ച കോട്ടയം സി. എം. .എസ്സ് കോളേജിൻേറയും 1964-ൽ ആരംഭിച്ച ബിഷപ്പ് മൂർ കോളേജിൻെറയും പ്രവർത്തനങ്ങൾ വിലയിരുത്തി, മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാനായി പ്രൊഫ. ഓ.ഏ. ചെറിയാൻ, പ്രൊഫ. സി. സി ജോസഫ്, റവ. ജേക്കബ് വർഗീസ് എന്നിവരെ ഒരു കമ്മിഷനായി നിയോഗിച്ചത് ഇത്തരുണത്തിൽ കൂടുതൽ പ്രസക്തമായി തോന്നുന്നു. സി. എസ്സ്. ഐ മദ്ധ്യകേരള മഹായിടവക ബിഷപ്പും കോളേജുകളുടെ മാനേജരുമായ ബിഷപ്പ് സാം മാത്യുവിൻെറ ഈ നടപടി അഭിനന്ദനമർഹിക്കുന്നതാണ്.

ഒൻപത് ദിവസത്തോളം സി. എം .എസ്. കോളേജിലും ഏതാണ്ട് രണ്ട് ദിവസത്തോളം ബിഷപ്പ് മൂർ കോളേജിലും തെളിവെടുപ്പ് നടത്തിയ ശേഷം ഒരു റിപ്പോർട്ട് 1995 ജൂൺ 26-ന് മാനേജർക്ക് സമർപ്പിക്കുകയുണ്ടായി. ആറ് മാസം കഴിഞ്ഞിട്ടും റിപ്പോർട്ടിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നില്ല. പ്രസ്തുത കോളേജുകളുടെ അഭിവൃദ്ധിയിൽ താല്പര്യമുള്ള ഏവർക്കും ഈ റിപ്പോർട്ട് നൽകിയാൽ മാത്രമേ ചർച്ചകൾ ഫലപ്രദമായി നടക്കു. ചർച്ചകളുടെ വെളിച്ചത്തിൽ ഭരണഘടനയിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാൻ തയ്യാറില്ലായെങ്കിൽ പണവും സമയവും നഷ്ടപ്പെടുത്തിയ ഒരു ഏർപ്പാടായേ ഇതിനെ കാണാനാവു.

എന്താണ് ഒരു ക്രിസ്ത്യൻ കോളേജ് എന്നതിൽ നിന്നു അർത്ഥമാക്കുന്നത്? ക്രിസ്ത്യൻ കോളേജ് ആരെയാണ് സേവിക്കേണ്ടത്? ആരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനാണ് ക്രിസ്ത്യൻ കോളേജുകൾ നിലകൊള്ളേണ്ടത് ? അടുത്ത 25 വർഷത്തേക്ക് ഓരോ കോളേജിൻെറയും മുൻഗണനാ ക്രമം എന്തായിരിക്കണം? ഏത് ദിശയിലാവണം നീങ്ങേണ്ടത്? തുടങ്ങിയവ വിശദമായും വ്യക്തമായും റിപ്പോർട്ടിൽ ഉണ്ടാവേണ്ടതായിരുന്നു.

അധികാര വികേന്ദ്രീകരണം എല്ലാ മേഖലകളിലും ഉണ്ടാവണം എന്നതാണ് റിപ്പോർട്ടിലെ ഒരു പ്രധാന ശക്തീകരണം. കോളേജിൻേറ ഭംഗിയായ നടത്തിപ്പിനു അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സഹകരണവും പങ്കാളിത്തവും വേണം. പ്രിൻസിപ്പലിൻെറ വ്യക്തിത്വത്തിൽ മാത്രം ഇന്ന് കോളേജുകൾ മുമ്പോട്ടു പോകില്ല. കൂട്ടായ നേതൃത്വം വളർത്തിയെടുക്കുന്നതിൽ കൂടി മാത്രമേ കോളേജുകൾ ഭംഗിയായി നടത്തുവാൻ സാധിക്കു. ഇതിനു അധികാര പങ്കാളിത്തം അനിവാര്യമാണ്. ഗവേണിംഗ് ബോഡിയിലേക്ക് മറ്റു പല കോളേജുകളിലും സാധിക്കുന്നതുപോലെ, അദ്ധ്യാപക പ്രതിനിധിയെ തെരഞ്ഞെടുക്കുവാൻ അനുവദിക്കണമെന്നുള്ള അദ്ധ്യാപകരുടെ നിവേദനം കമ്മിഷൻ പരിഗണനയ്ക്ക് എടുത്തില്ല എന്ന വസ്തുത ഖേദകരമാണ്.

വിദ്യാഭ്യാസ മേഖലയിൽ ക്രൈസ്തവ സഭയ്ക്ക് അർത്ഥ സമ്പൂർണ്ണ മായ സംഭാവന നൽകുവാൻ സഭാനേതൃത്വം, ഗവേണിംഗ് ബോർഡ് അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ ഏകോപിച്ചുള്ള ചർച്ചകൾ അനിവാര്യമാണ്. കമ്മീഷനെ നിയോഗിച്ചപ്പോൾ വലിയ പ്രതീക്ഷകളുണ്ടായിരുന്നെങ്കിലും, ചർച്ചകൾക്കും തുടർ നടപടികൾക്കും ഉണ്ടാകുന്ന കാലതാമസം പലരിലും നിരാശയുയർത്തുന്നു.

എം. കെ.

ന്യൂവിഷനിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളിലെ ആശയങ്ങൾ പത്രാധിപസമിതിയുടെ വീക്ഷണങ്ങൾ ആയിരിക്കണമെന്നില്ല. ചർച്ചകൾക്ക് സഹായിക്കുവാൻ വ്യത്യസ്ത വീക്ഷണങ്ങൾ, ആശയങ്ങൾ തുടങ്ങിയവ ഓരോ ലക്കത്തിലും ഉൾപ്പെടുത്തുവാൻ പത്രാധിപ സമിതി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

18

# NEW VISION


**2** എഡിറ്റോറിയൽ
വിദ്യാഭ്യാസ കമ്മീഷൻ

**4** ആഭിമുഖം
സാമൂഹ്യരാഷ്ട്രീയ കാര്യങ്ങളിൽ സഭ നിലപാടുകൾ ക്രോഡീകരിക്കണം
ബിഷപ്പ് സാംമാത്യു



**6** പ്രഭാഷണം
മാദ്ധ്യമങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പടിവാതില്ക്കൽ
ഡോ. നൈനാൻ കോശി




**8** വേദപഠനം
മുഖമില്ലാത്തവരെ യഥാസ്ഥാനപ്പെടുത്തുന്ന യേശു
റവ. ജോസഫ് അയിരൂക്കുഴി



**10** പ്രതികരണം
IS CSI GOING DIVISIVE INSTEAD OF UPHOLDING UNITY
John. T . Wattachanankal

**12** ഐക്യന്ദേശം





**14** INTERVIEW
Editor: CMAI Journal
Dr. A.K. Tharian



**16** റിപ്പോർട്ട്
ആഗോള കമ്പോളമുയർത്തുന്ന നൈതീക പ്രശ്നങ്ങൾ

**18** ലേഖനം
RESISTANCE IN THE THIRD REICH
JULIANE H JOHN



**19** സമകാലീന സംഭവങ്ങൾ
കൺവൻഷനുകളുടെ ശൈലിമാറ്റണം.

**20** എന്റെ കാഴ്ചപാടിൽ
CONCEPTUAL SHIFT IN HIGHER EDUCATION A CRITIQUE
Dr. M. M. Thomas



**22** വായനക്കാരുടെ കത്തുകൾ

**24** PRIMACY OF THE LOCAL CONGREGATION
Varkey. M. Cheriyan



**24** CONSULTATION ON CHRIATIAN EDUCATION MULTI- FAITH SOCIETY
Joseph Mani Olassa

**26** ആരോഗ്യപംക്തി
ഗ്രന്ഥനിരൂപണം

**28** കുറിപ്പുകൾ.

# സാമൂഹിക രാഷ്ട്രീയ കാര്യങ്ങളിൽ സഭ നില പാടുകൾ ക്രോഡീകരിക്കണം

**ബിഷപ്പ് സാം മാത്യു**

*സി. എസ്സ്. ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പായ റൈറ്റു. റവ. സാം മാത്യുവുമായി ന്യൂവിഷൻ എഡിറ്റർ പ്രൊഫ. മാത്യു കോശി 26-1-96ൽ നടത്തിയ അഭിമുഖം. 1-9-93-ൽ ബിഷപ്പായി സ്ഥാനമേറ്റയുടനെ ന്യൂ വിഷന് ഒരഭിമുഖം ബിഷപ്പ് അനുവദിച്ചിരുന്നു.*

**■ ബിഷപ്പായതിനുശേഷം പോയ വർഷങ്ങളെ എപ്രകാരമാണ് വിലയിരുത്തുന്നത്?**

മഹായിടവകയുടെ എല്ലാ പ്രവർത്തന രംഗങ്ങളിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടക്കാരും, സഭാ ശുശ്രൂഷകരും, കമ്മിറ്റിയംഗങ്ങളും എല്ലാം അത്യദ്ധ്വാനം ചെയ്തതിൻെറ ഫലമാണത്. പൊതുവേ എല്ലാ ഇടവകകളിലും ശാന്തമായ അന്തരീക്ഷം നില നിർത്തുവാൻ കഴിഞ്ഞു. ചുരുക്കം ചില ഇടവകകളിൽ ഭിന്നത മൂലം വേണ്ടതു പോലെ പ്രവർത്തിക്കുവാൻ കഴിയാതെ പോയിട്ടുണ്ട്. ജനങ്ങളെ ജീവനും ചൈതന്യവുമുള്ളവരാക്കിത്തീർക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

**■ മഹായിടവകയിൽ വർഷങ്ങളായി നില നിന്നിരുന്ന ഒരു പ്രശ്നമായിരുന്നല്ലോ ദലിത് പ്രശ്നം. അത് കഴിഞ്ഞ ബിഷപ്പിൻെറ കാലത്ത് കൂടുതൽ രൂക്ഷമാകുകയും ചെയ്തു. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികളെടുത്തോ?**

അവരുടെ വിശ്വാസമർജ്ജിക്കുവാൻ സാധിച്ചു എന്നതാണ് ഏറ്റവും പ്രധാന കാര്യം. SEDS മായുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. 57 കേസുകൾ പിൻവലിക്കപ്പെട്ടു. പിന്നോക്ക സഭകളെ ഉയർത്തിക്കൊണ്ടു വരുവാൻ ശ്രമിച്ചു കൊണ്ടിരിക്കയാണ്. പാവപ്പെട്ട ആളുകളെ സഹായിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നു. കൂടുതൽ പ്രാതിനിധ്യം നൽകുവാൻ ശ്രമിച്ചു വരികയാണ്.

**■ യുവജന പ്രസ്ഥാനവുമായുള്ള പ്രശ്നങ്ങൾ?**

യുവജന പ്രസ്ഥാനത്തിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം എത്രയും വേഗം കണ്ടെത്തുവാനാകും എന്നാണെൻെറ വിശ്വാസം. ഭരണഘടനയ്ക്കനുസൃതമായി ഏത് വിട്ടുവീഴ്ചകൾക്കും ഞാൻ തയ്യാറാണ്. പ്രസിഡൻറ് സ്ഥാനം എനിക്കു വേണമെന്ന് യാതൊരു ശാഠ്യവും വ്യക്തിപരമായി എനിക്കില്ല.

**■ മഹായിടവകയുടെ ആതുര ശുശ്രൂഷാരംഗത്തെക്കുറിച്ചു എന്താണ് തിരുമേനിയുടെ അഭിപ്രായം.**

മിഷൻ ആശുപത്രികൾ ഇന്ന് വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. 'ബിസ്സിനസ്സ്' കാഴ്ചപ്പാടോടെ നമുക്ക് നടത്താനാവില്ല. കടുത്ത



**അദ്ധ്യയന നിലവാരം വർദ്ധിപ്പിച്ചേ മതിയാകുകയുള്ളു. തികഞ്ഞ അച്ചടക്കബോധവും ഉത്സാഹവും അദ്ധ്യാപകർ പുലർത്തേണ്ടതാണ്. സ്കൂളുകളുടെ നില നില്പിനെക്കുറിച്ചു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കോളേജുകളുടെ സ്ഥിതിയും ഭിന്നമല്ല. ഇവിടെയും ഉന്നതമായ കാഴ്ചപ്പാടുണ്ടാകണം.**

മത്സരം ഉള്ള ഈയവസരത്തിൽ എന്ത് ചെയ്യണമെന്നാലോചിച്ചു കൊണ്ടിരിക്കുകയാണ്.

'ഓഡചരത്രം' ത്തിൻെറ മാതൃകയിൽ ഞാനൊരു ഡോക്ടേഴ്സ് ഫെലോഷിപ്പ് ഇവിടെ ആരംഭിച്ചിട്ടുണ്ട്. എല്ലാ മാസവും ഈ കൂട്ടായ്മ നടക്കുന്നുണ്ട്. ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ കോടുകുളഞ്ഞി ആശുപത്രി ഏറ്റെടുത്തു നടത്തുവാൻ ഒരു ശ്രമം നടത്തുകയാണ്.

ഇനിയും വലിയ ആശുപത്രികൾ മഹായിടവകയായി തുടങ്ങുവാൻ താല്പര്യമില്ല. സാങ്കേതിക വിദ്യകൾ ആവശ്യമില്ലാത്ത പ്രാഥമിക ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ, വൈദ്യശുശ്രൂഷ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ തുടങ്ങുകയെന്നതാണ് കർത്തവ്യം. ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പോലുള്ള സംവിധാനങ്ങൾക്കാണ് മഹായിടവക ഇനിയും ശക്തീകരണം കൊടുക്കുവാൻ ആഗ്രഹിക്കുന്നത്.

**■ സഭയുടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ചു ?**

അദ്ധ്യയന നിലവാരം വർദ്ധിപ്പിച്ചേ മതിയാകുകയുള്ളൂ. തികഞ്ഞ അച്ചടക്കബോധവും ഉത്സാഹവും അദ്ധ്യാപകർ പുലർത്തേണ്ടതാണ്. സ്കൂളുകളുടെ നില നില്പിനെക്കുറിച്ചു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കോളേജുകളുടെ സ്ഥിതിയും ഭിന്നമല്ല. ഇവിടെയും ഉന്നതമായ കാഴ്ചപ്പാടുണ്ടാകണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചു പഠിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. അവരുടെ റിപ്പോർട്ട് ഞാൻ ഗൗരവമായിത്തന്നെയാണെടുത്തിരിക്കുന്നത്. ചർച്ചകൾക്കായി സി.എം. എസ്സ് കോളേജിൽ കൊടുത്തിട്ടുണ്ട്. ബിഷപ്പ മൂർ കോളേജിലും അത് ഉടനെ ലഭിക്കുന്നതാണ്. ചർച്ചകൾക്ക് ശേഷം ഉചിതമായ നടപടികൾ എടുക്കുന്നതാണ്.

**■ അടുത്തയിടെ നടന്ന മഹായിടവക കൗൺസിലിൽ ശ്രദ്ധേയമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായോ?**

ചിന്തിച്ചു തീരുമാനങ്ങളെടുക്കാൻ ചില കാര്യങ്ങൾ ധാരണയായിട്ടുണ്ട്.

വിവാഹ മോചനം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടമാണിത്. ഇത് പ്രോത്സാഹിപ്പിക്കാൻ പാടില്ല. എന്നാൽ സത്യസന്ധമായ ചില കേസുകളിൽ പുനർ വിവാഹം അനുവദിക്കാമോ എന്നാലോചിക്കേണ്ടി വന്നിരിക്കയാണ്. മറ്റൊരു കാര്യം ആത്മഹത്യ ചെയ്യുന്നവർക്ക്, സഭാ ചട്ടങ്ങൾ പ്രകാരം, ശവസംസ്കാര ശുശ്രൂഷ നടത്താറില്ല. ഇത് ശരിയല്ല എന്ന ചിന്ത പല തലങ്ങളിലുണ്ടായിട്ടുണ്ട്. സഭയുടെ സാമൂഹിക രാഷ്ട്രീയ നില പാടുകൾ വ്യക്തമാക്കുവാൻ ഒരു സോഷ്യോ പൊളിറ്റിക്കൽ (Socio Political Board) ഉണ്ടാകുവാൻ ക്രമീകരണങ്ങൾ ചെയ്തു വരികയാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രശ്നമാണ് മലിനീകരണം. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചു ദൈവശാസ്ത്ര ദർശനം തന്നെയുണ്ട്. ഈ വിഷയം സഭ കാര്യമായി എടുക്കുവാൻ ഉദ്ദേശിക്കുന്നു.

മഹായിടവക എക്സിക്യൂട്ടീവ് കൂടുതലായി പഠിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്. സഭ എപ്രകാരം പ്രസക്തമായിത്തീരണം എന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന കമ്മിറ്റികൾക്ക് രൂപം നൽകി വരികയാണ്.

**■ മഹായിടവക കൗൺസിൽ കോട്ടയത്തു കൂടുന്നതിന് പകരം ഏതെങ്കിലും പ്രാദേശിക സഭകളിൽ കൂടരുതോ? കൗൺസിലംഗങ്ങൾക്ക് പ്രാദേശിക സഭകളെക്കുറിച്ചു മനസ്സിലാക്കുവാൻ ഇത് സഹായിക്കും.**

ഇത് പരിഗണിക്കാവുന്ന ഒരു നിർദ്ദേശമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി സ്ഥിരമായി കോട്ടയത്ത് കൂടുന്നതിന് പകരം അടുത്ത തവണ മാവേലിക്കര വച്ചു കൂടുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

■ ജനുവരിയിൽ നടന്ന സിനഡ് സമ്മേളനത്തിൽ ശ്രദ്ധേയമായ തീരുമാനങ്ങൾ വല്ലതുമുണ്ടായോ?

ശ്രദ്ധേയമായ തീരുമാനങ്ങളൊന്നും ഉണ്ടായതായി ഓർക്കുന്നില്ല.

■ വടക്കെ അമേരിക്കയിലെ സി. എസ്സ്. ഐ സഭകൾ മദ്ധ്യ കേരള മഹായിടവകയുടെ ഇടയ പരിപാലനത്തിലുള്ളിലാകണമെന്നും മറിച്ചു സീനഡിൻെറ ചുമതലയിൽ തന്നെ തുടരേണ്ടതാണെന്നും ഒരു ചർച്ച ഇപ്പോൾ സജീവമായിട്ടുണ്ടല്ലോ?

വടക്കേ അമേരിക്കയിലുള്ള 99% ജനങ്ങളും മദ്ധ്യകേരള മഹായിടവകയിൽ നിന്നുള്ളവരാണ്. നമ്മുടെ ജനങ്ങളും വൈദീകരും കഷ്ടപ്പെട്ടു രൂപം നൽകിയ സഭകളാണത്. കഴിഞ്ഞ കൂടി വരവിൽ പങ്കെടുത്ത 385 പേരിൽ 99% പേരും മദ്ധ്യ കേരള ഇടവകയിൽ നിന്നുള്ളവരായിരുന്നു. നാലോ അഞ്ചോ പേർ ദക്ഷിണ കേരളത്തിൽ നിന്ന് കാണും, രണ്ടോ മൂന്നോ പേർ മറ്റ് മഹായിടവകകളിൽ നിന്നും.

■ തിരുവനന്തപുരം, കൊല്ലം, സഭകൾ മദ്ധ്യകേരള മഹായിടവകയുടെ ഭൂമിശാസ്ത്ര പരിധിക്കു പുറത്തായിട്ടും, മദ്ധ്യകേരള മഹായിടവകയിൽ നില കൊള്ളുന്നത് ഒരു വിവാദമായി നില കൊള്ളുകയാണ്. ഇതും കൂടി ആ വിവാദത്തിലേക്ക് വരികയില്ലേ?

വടക്കേ അമേരിക്കയിലെ സഭകൾ ദക്ഷിണേന്ത്യ സഭയുടെ തന്നെ പരിധിക്ക് പുറത്തുള്ള സഭകളാണ്. ഏത് മഹായിടവകയിൽ നിന്നുള്ള ജനങ്ങളാണിവിടെയുള്ളത്, ആ മഹായിടവകയിലെ പട്ടക്കാരുടെ ഇടയ പരിപാലനം ലഭ്യമാക്കുകയാണ. ശരിയായ നയം എന്ന് തോന്നുന്നു.

ദക്ഷിണേന്ത്യ സഭയുടെ ഭൂമിശാസ്ത്ര പരിധിക്കു പുറത്തു നിന്നും, പ്രതിനിധികളായി സിനഡിൽ പങ്കെടുക്കുവാനാവില്ല. മഹായിടവകകളിൽ നിന്നും ഉള്ള പ്രതിനിധികളാണല്ലോ സിനഡിൽ പങ്കെടുക്കുന്നത്. വടക്കേ അമേരിക്കയിൽ നമുക്ക് ഒരു മഹായിടവക ഇല്ലായെന്നത് തന്നെ ഇതിനു കാരണം. ■

**ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രശ്നമാണ് മലിനീകരണം. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചു ദൈവശാസ്ത്ര ദർശനം തന്നെയുണ്ട്. ഈ വിഷയം സഭ കാര്യമായി എടുക്കുവാൻ ഉദ്ദേശിക്കുന്നു. സഭ എപ്രകാരം പ്രസക്തമായിത്തീരണമെന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന കമ്മിറ്റികൾക്ക് രൂപം നൽകി വരികയാണ്.**






പള്ളത്ത് ബിഷപ്പ് സി. കെ. ജേക്കബ് തിരുമേനിയുടെ 50-ാമതു സ്ഥാനാഭിഷേക വാർഷിക, സ്മാരക പ്രഭാഷണ സമ്മേളനത്തിൽ മഹായിടവക ബിഷപ്പ് ഡോ. സാം മാത്യു പ്രസംഗിക്കുന്നു.



തുകലശ്ശേരി ഇടവകയുടെ ഭവനദാന പരിപാടിയിൽ മഹായിടവക ബിഷപ്പ് ഒരു ഭവനത്തിൻെറ താക്കോൽദാനം നിർവ്വഹിക്കുന്നു.

---

കവിത

## രണ്ടു കിളികൾ

ജോൺ ജെ. നെടുങ്ങാടപ്പള്ളി

തത്തമ്മക്കിളി ചോദിച്ചു,
കുരികിൽക്കിളിയോടീവണ്ണം:-
കണ്ടില്ലേ, നാമീനരരെ,
നെടുവീർപ്പിടുമൊരുകൂട്ടത്തെ;
ചിന്താകുലത നിറഞ്ഞല്ലേ
ദിനരാത്രങ്ങൾ തള്ളുന്നു;
എന്താ കാരണമറിയാമോ?
എന്തോ, വട്ടു പിടിച്ചെന്നോ?

"കൊള്ളാം, നിന്നുടെ ചോദ്യങ്ങൾ"
കുരികിൽക്കിളിയുടനുര ചെയ്തു.

"ഇല്ലാ; ദൈവമവക്കെങ്ങും;
ഇല്ലാ, തെല്ലും വിശ്വാസം.

നമ്മൾക്കായിട്ടുണ്ടല്ലോ,
ദൈവം പിതാവായുണ്ടല്ലോ.
കരുണാകരനവൻ നോക്കീടും;
കാലേകൂട്ടിക്കരുതീടും.
മനുജന്നില്ലാ ദൈവഭയം;
മനുജന്നുള്ളത് ധനമോഹം!

(ഇംഗ്ലീഷിൽ നിന്നു പരിഭാഷ)

# മാദ്ധ്യമങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻെറ പടിവാതില്ക്കൽ



(കേരളാ കൗൺസിൽ ഓഫ് ചർച്ചസ് കമ്മ്യൂണിക്കേഷൻ വിഭാഗം, ക്രിസ്തീയ പത്രപ്രവർത്തകർക്കും, എഴുത്തുകാർക്കും വേണ്ടി നടത്തിയ സെമിനാറിൽ ഡോ. നൈനാൻ കോശി ചെയ്ത പ്രഭാഷണം)

ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഇരുപത്തിയൊന്നാംനൂറ്റാണ്ട് ആരംഭിച്ചു കഴിഞ്ഞു. 1914-ലെ യുദ്ധത്തിലൂടെ ഇരുപതാം നൂറ്റാണ്ട് ആരംഭിക്കുകയും 1991-ലെ സോവിയറ്റ് യൂണിയൻെറ തകർച്ചയിലൂടെ അവസാനിക്കുകയും ചെയ്തിരിക്കുന്നു എന്നാണവരുടെ അഭിപ്രായം. അവരുടെ അഭിപ്രായത്തിൽ പുതിയ ' യുഗം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

പ്രധാനമായും മൂന്നു കാര്യങ്ങളാണ് ഞാൻ പരാമർശിക്കുവാൻ ആഗ്രഹിക്കുന്നത്. ഒന്ന് ആഗോളവത്കരണം.രണ്ട് ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള പുരോഗതി. മൂന്ന് മാനുഷിക മൂല്യങ്ങൾക്കുള്ള സ്ഥാനം. മാദ്ധ്യമങ്ങളുടെ ഇപ്പോഴത്തെ സ്വഭാവം നിർണ്ണയിക്കുന്നത് ആദ്യം പറഞ്ഞ രണ്ടു കാര്യങ്ങളാണ്. ഇവയ്ക്കിടയിൽ മനുഷ്യ മൂല്യങ്ങൾക്ക് സ്ഥാനമുണ്ടോ എന്നുള്ളത് പരിഗണിക്കപ്പെടണം. ആദ്യത്തെ രണ്ടും പരസ്പര പൂരകങ്ങളാണ്.

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള പുരോഗതി അതി വേഗത്തിലായിരുന്നു. പ്രത്യേകിച്ചും കമ്മ്യൂണിക്കേഷൻ രംഗത്ത്. ബേറൂട്ടിൽ ബന്ദികളായിരുന്നവരുടെ കൂട്ടത്തിൽ ചെറി ആൻഡേഴ്സൺ എന്നൊരു പത്ര പ്രവർത്തകനുണ്ടായിരുന്നു. 1986-ൽ ബന്ദിയാകുകയും 1991-ൽവിമോചിതനാകുകയും ചെയ്ത അദ്ദേഹത്തെ അതിശയിപ്പിച്ചത് ഫാക്സ് മെഷീൻെറ പ്രവർത്തനമാണ്. ഫാക്സ് എന്നത് ഒരു പത്രപ്രവർത്തകൻെറ സ്വപ്നമാണ്. എവിടെ നിന്ന് എന്തും സ്വന്തം ഭാഷയിൽ പത്ര ഓഫീസിലെത്തിക്കുവാൻ സാധിക്കുന്നത് ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഒരു നേട്ടമല്ലേ? ടെലിഫോണിൽ പറഞ്ഞാൽ കമ്പ്യൂട്ടറിൽ പ്രിൻറ് ചെയ്തു എടുക്കാവുന്ന വിധത്തിൽ ഇലക്ട്രോണിക്ക് മാദ്ധ്യമം വളർന്നിരിക്കുന്നു.

ടെലിവിഷൻ മാദ്ധ്യമങ്ങളുടെ നേതാവ് മാത്രമല്ല രാജാവ് കൂടിയാണ്. ടെലിവിഷൻ മാദ്ധ്യമങ്ങളുടെ ഗതിയും ഗതിവേഗവും താളവും ലയവും എല്ലാം നിയന്ത്രിക്കുന്നു. ഉദാഹരണത്തിന് സി. എൻ. എൻ. തന്നെയെടുക്കുക. 1980-ൽ CNN തുടങ്ങുന്നയവസരത്തിൽ, നിലനിന്നിരുന്ന ഇതര ടെലിവിഷൻ കമ്പനികൾ CNNനെ കളിയാക്കി വിളിച്ചിരുന്നതു Chicken Noodle Network എന്നായിരുന്നു. ഇന്ന് CNN എവിടെയാണ്. രാജ്യതന്ത്രജ്ഞന്മാർ, രാഷ്ട്രനേതാക്കന്മാർ തുടങ്ങിയവർ വാർത്തകൾ അറിയുവാൻ ഉപയോഗിക്കുന്നത് CNN ആണ്. ഇറാക്കിലെ താരിക് അസിസ്, ക്യൂബയിലെ ഫിദൽ കാസ്ട്രോ, ഈജിപ്തിലെ മുബാരാക്ക് തുടങ്ങിയ അനേകം രാഷ്ട്ര നേതാക്കന്മാർ CNNനെയാണ് വാർത്തകൾക്ക് ആശ്രയിക്കുക.

ടെലിവിഷന് പരിമിതികളുണ്ട്. അമേരിക്കൻ പ്രസിഡൻറ് പതിവു വാർത്താവലോകനത്തിനു വരുന്നതിൻെറ ചിത്രങ്ങൾ ടി വി യിൽ കാണിക്കും. ചിത്രത്തിനനുസരിച്ചു പ്രസിഡൻറിൻെറ മുഖഭാവം മാറുന്നില്ലായെങ്കിൽ മുഖഭാവമനുസരിച്ച് വാർത്ത പറഞ്ഞേ മതിയാകു. ടെലിവിഷൻെറ വിജയവും പരാജയവും, സാദ്ധ്യതകളും പരിമിതികളും ചിത്രങ്ങളാണ്. ഇവിടെ പ്രസിഡൻറിൻെറ മുഖഭാവമനുസരിച്ചു വേണം വാർത്ത അപഗ്രഥിക്കാൻ.

രാഷ്ട്രീയ കാര്യപരിപാടി ക്രമീകരിക്കുക (Political Agenda Setting) മാദ്ധ്യമങ്ങളുടെ പ്രധാന ജോലിയാണ്. പുറത്തുള്ള ലോകവും

> **രാഷ്ട്രീയ കാര്യപരിപാടി ക്രമീകരിക്കുക മാദ്ധ്യമങ്ങളുടെ പ്രധാന ജോലിയാണ്. പുറത്തുള്ള ലോകവും പത്രപ്രവർത്തകൻെറ തലയിലുള്ള രാഷ്ട്രീയവും അനുസരിച്ച് പ്രതിച്ഛായകൾ സൃഷ്ടിക്കുകയെന്നതാണ് മാദ്ധ്യമങ്ങളുടെ പങ്ക്**

പത്രപ്രവർത്തകൻെറ തലയിലുള്ള രാഷ്ട്രീയവും അനുസരിച്ച് പ്രതിച്ഛായകൾ സൃഷ്ടിക്കുകയെന്നതാണ് മാദ്ധ്യമങ്ങളുടെ പങ്ക്. ടെലിവിഷൻെറ കൂടിയ പങ്ക് കാര്യപരിപാടി നിർണ്ണയിക്കുന്നതിൽ മാത്രമല്ല, നയരൂപവൽകരണത്തിലും ഉണ്ട്. വിദേശനയം രൂപവൽക്കരിക്കുന്നതിൽ ടെലിവിഷൻ ഒരു പ്രധാന കഥാപാത്രമാണ്.


ഇറാക്കിൻെറ ഉത്തരഭാഗത്തുണ്ടായ സമരങ്ങളെ ഇറാക്കു ഭരണ കൂടം അടിച്ചമർത്തിയതിനാൽ ലക്ഷക്കണക്കിനു അഭയാർത്ഥികൾ ടർക്കിയിലേക്ക് പോകുന്നത് ടെലിവിഷനിൽ കണ്ടാണ് അമേരിക്ക ഇടപെട്ടത്. പഴയ വിദേശ നയമനുസരിച്ചു ടർക്കിയിലേയും ഇറാക്കിലേയും അമ്പാസഡർമാർ അവിടെ നടക്കുന്ന കാര്യങ്ങൾ വിശദമായി കേബിൾ മുഖേന അമേരിക്കയെ അറിയിക്കും. ഉദ്യോഗസ്ഥർ ചർച്ച ചെയ്യുമ്പോൾ വാർത്താ മാദ്ധ്യമങ്ങളിൽ എത്തും. അവയെ നേരിടുവാൻ സ്റ്റെയിറ്റ് ഡിപ്പാർട്ടുമെൻറ് തയ്യാറെടുത്തു കഴിഞ്ഞിരിക്കും. ഇന്ന് ഈ രീതി മാറിയിരിക്കുന്നു.

രണ്ടു കാര്യങ്ങളെക്കുറിച്ച് സാമാന്യജനങ്ങൾക്ക് വിവരമില്ല എന്ന ധാരണയിലാണ് മിക്ക സർക്കാരുകളും പ്രവർത്തിക്കുന്നത്. ഒന്ന് വിദേശനയം. രണ്ട് പ്രതിരോധം. ഈ രണ്ടു കാര്യങ്ങളും മന്ത്രികാര്യാലയങ്ങൾക്ക് മാത്രമേ അറിയാവൂ. അസർബൈജാനിൽ അർമീനിയക്കാരെ കൊല്ലുന്ന ചിത്രം CNN--ൽ വന്നപ്പോൾഅമേരിക്കയിൽ രൂപപ്പെടുന്ന പൊതുജനാഭിപ്രായത്തോടു പ്രതികരിക്കുവാൻ സ്റ്റെയ്റ്റ് ഡിപ്പാർട്ട്മെൻറ് നിർബന്ധിതമായിതീരുകയാണ്. നയരൂപവൽക്കരണത്തിൽ ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഇന്ന് പങ്ക് വഹിക്കുന്നു. ചിത്രങ്ങൾ നൽകുന്ന വൈകാരികാനുഭൂതി പത്രങ്ങൾ നൽകുന്നതിൽ നിന്നും വ്യത്യസ്തമാണ്. നയതന്ത്രം, അന്താരാഷ്ട്ര ഐക്യദാർഢ്യം എന്നതെല്ലാം ഇന്ന് പുതിയ തലത്തിലാണ് കൈകാര്യം ചെയ്യപ്പെടുന്നത്. പല കൂടിയാലോചനകളും ഇന്ന് സാധ്യമായി നിർണ്ണയിക്കാനാവില്ല. കൂടിയാലോചനയിൽ പങ്കെടുക്കുന്ന പലരുടേയും മുഖഭാവം കണ്ടാൽ പലതും വായിക്കാനാവും. ചില ഘട്ടങ്ങളിൽ മദ്ധ്യസ്ഥത വഹിക്കാനും ടി.വിക്ക് സാധിക്കും. ടി.വി ഇന്ന് മിക്കകാര്യങ്ങളിലും സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്.

ഇന്ന് പത്രപ്രവർത്തന അപഗ്രഥനത്തിനു തളർവാതം പിടിപ്പെട്ടിരിക്കുകയാണ്. വിശദാംശങ്ങൾ മനസ്സിലാക്കി ഗവേഷണത്തിനു ശ്രമിക്കാതെ വാർത്തകൾ എത്രയും പെട്ടെന്നു ജനങ്ങളിൽ എത്തിക്കുവാനുള്ള മത്സരമാണ്, ഇന്ന് മാദ്ധ്യമങ്ങൾ നടത്തുന്നത്. അതുകൊണ്ടാണ് ഒരോ ജില്ലയിലും പത്രങ്ങൾ അച്ചടിക്കുവാൻ ശ്രമങ്ങളാരംഭിച്ചുകൊണ്ടിരിക്കുന്നത്.

'ഷോ ബിസിനസ്സിലാണ്' ഇന്ന് എല്ലവർക്കും താത്പര്യം. ഗവേഷണത്തിനു സമയമില്ല. ഡൽഹിയിലെ ILO പ്രതിനിധിയുടെ തിരുവനന്തപുരം സന്ദർശനത്തെക്കുറിച്ചുള്ള മനോരമ റിപ്പോർട്ടുതന്നെയെടുക്കാം. ഇൻറർ നാഷണൽ ലേബർ ഓർഗനൈസേഷൻ എന്നത് ഇന്ത്യൻ

## ചർച്ചയിൽ പങ്കെടുത്തവർ



ലേബർ ഓർഗനൈസേഷൻ എന്ന് തെറ്റിച്ചെഴുതിയതു പോകട്ടെ. പ്രതിനിധി ലൈല, സോഷ്യൽ ക്ലോസിനെക്കുറിച്ചു പറഞ്ഞതൊന്നും പത്രത്തിൽ വന്നില്ല. മറിച്ച് ലൈല സുന്ദരിയാണെന്നും കേരളം സുന്ദരമാണെന്നവർ പറഞ്ഞുവെന്നുമാണ് പത്രത്തിൽ വന്നത്. വ്യക്തിയെപ്പറ്റി അന്വേഷിക്കുവാനോ, ഒന്നും സമയമില്ല. പ്രിൻറ് മീഡിയ, ടെലിവിഷനെ അനുകരിക്കുവാൻ ശ്രമിക്കുന്നത്നിമിത്തമുള്ള പ്രശ്നങ്ങളാണ്.

പത്രങ്ങൾക്കുള്ള ഏറ്റവും വലിയ വെല്ലുവിളി യഥാസമയ റിപ്പോർട്ടിങ്ങ് (Read time reporting) ടി. വി. യിൽക്കൂടി സാധിക്കുന്നു എന്നതാണ്. ഗൾഫ് യുദ്ധകാലത്ത് ഇറാക്കിൻെറ സ്കഡ് മിസൈലുകൾ യിസ്രയേലിൽ വീഴുന്നത് CNN കാണിക്കുകയുണ്ടായി. യിസ്രയേലി പ്രതിരോധനസേനയ്ക്ക് ഇത് വലിയ പ്രശ്നമായി മാറി. ഇറാക്കിൻെറ സൈനികരും CNN ചിത്രങ്ങൾ കാണുന്നതിനാൽ, ടാർജറ്റിൽ വീണോ ഇല്ലയോ എന്നറിയുവാൻ ടി.വി ഇറാക്കിനെ സഹായിച്ചു. ടി. വി യുദ്ധത്തിൽ പങ്കാളിയായി തീർന്നു. യുദ്ധത്തിനും സമാധാനത്തിനും ഇതുപയോഗിക്കാം. കൂടുതലും യുദ്ധത്തിനാണെങ്കിലും.

മലയാളം ദൂരദർശൻ വാർത്താപ്രക്ഷേപണത്തിലെ തെറ്റുകൾ കണ്ടുപിടിക്കുക എൻെറയൊരു വിനോദമാണ്. തെറ്റുകൾ പരിധി വിടുമ്പോൾ ഞാൻ ന്യൂസ് എഡിറ്ററെ വിളിച്ചു പറയാറുണ്ട്. ഓരോ ദിവസവും ഓരോ തെറ്റെങ്കിലും ഉണ്ടായിരിക്കും.ഒരു ദിവസം ദൂരദർശനിൽ കനേഡിയൻ പ്രസിഡൻറ് എന്നു പറയുകയുണ്ടായി. (ഗവർണർ ജനറൽ, പ്രധാനമന്ത്രി തുടങ്ങിയവരാണ് ഭരണാധികാരികൾ. പ്രസിഡൻറ് എന്ന സ്ഥാനം കാനഡയിലില്ല)തിരുവനന്തപുരത്തെ പ്രശസ്തമായ ഒരു വിദ്യാലയത്തിലെ ഒരദ്ധ്യാപകൻ തലേ ദിവസത്തെ ദൂരദർശൻ വാർത്തയെ അടിസ്ഥാനപ്പെടുത്തി ചോദ്യങ്ങൾ ചോദിക്കാറുണ്ട്. കാനഡയുടെ പ്രസിഡൻറ് ആരാണ്?. ഗതിവേഗത കൂടുമ്പോൾ സൂക്ഷ്മത കുറയും.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് യൂറോപ്പിലേക്ക് പോകുമ്പോൾ എൻെറ കൂടെ ഒരു പത്രപ്രവർത്തകനുണ്ടായിരുന്നു.കൊളമ്പോയിൽ നിന്നു വരികയായിരുന്നു അദ്ദേഹം. ശ്രീ ലങ്കയിൽ നടന്ന യുദ്ധത്തെക്കുറിച്ച് റിപ്പോർട്ടു ചെയ്യാൻ എത്തിയ അഞ്ഞൂറോളം പത്രപ്രവർത്തകരിൽ ഒരാളായിരുന്നു അദ്ദേഹം. ഇവരെല്ലാം താമസിച്ചിരുന്നത് കൊളമ്പോയിലായിരുന്നു. കൊളംബൊയ്ക്കു അപ്പുറത്തേക്ക് ആരും പോയില്ല. ഇടയ്ക്ക് ഒരു പ്രാവശ്യം യുദ്ധമേഖലയിലേക്ക് കൊണ്ടുപോകാം എന്നു പറഞ്ഞിരുന്നെങ്കിലും ആ വിമാനം LTTE-ക്കാർ തകർത്തകാരണം, ജാഫ്നയിൽ ശ്രീലങ്കൻ പതാക ഉയർത്തുന്നതു വരെ ആരും അവിടെ ചെന്നില്ല. പക്ഷേ നമുക്ക് പത്രങ്ങളിൽ കൂടി ദിവസവും കഥകൾ ലഭിക്കുന്നുണ്ടായിരുന്നു. ശ്രീലങ്കയുടെ പ്രതിരോധ മന്ത്രാലയം പുറത്തു വിടുന്ന വാർത്തകളും കഥകളും ശേഖരിക്കുവാൻ പത്രപ്രവർത്തകർ തമ്മിൽ മത്സരമായിരുന്നു. ചിത്രങ്ങൾ സൂക്ഷിച്ചു നോക്കിയാൽ അടിയിൽ MOD എന്നു കാണാം (Ministry of Defence)

മാദ്ധ്യമങ്ങളിലൂടെ ക്രൂരതകൾ ആരോപിക്കുന്നതായി കാണാം. (Atrocities Accusation) LTTEയുടെ ക്രൂരതകൾ, സദ്ദാം ഹുസൈൻെറ ക്രൂരതകൾ തുടങ്ങിയവ പത്രങ്ങൾകൂടി നാം വായ്ക്കാറുണ്ട്. പലതും മെനഞ്ഞെടുക്കുന്നതാണെന്നു പൊതുജനം അറിയാറില്ല. യുദ്ധത്തിൽ അമേരിക്കയെ ഇടപെടുത്തുവാൻ സഹായമായത് ഒരു കുവൈറ്റി പെൺകുട്ടിയുടെ മൊഴിയായിരുന്നു. ഇറാക്കി ഭടന്മാർ കുവൈറ്റിൽ വന്നിറങ്ങിയപ്പോൾ പൂർണ്ണ വളർച്ചയെത്താതെ ഇൻകുബേറ്ററിൽ സൂക്ഷിച്ചിരുന്ന കുഞ്ഞുങ്ങൾ മരിക്കുവാനിടയായതിനെപ്പറ്റി , പെൺകുട്ടിയിൽ നിന്നു ലഭിച്ച വിവരങ്ങൾ, ആംനസ്റ്റി ഇൻറ്റർനാഷണലിൻെറ റിപ്പോർട്ടിലും ടി വി യിലും വരികയുണ്ടായി. യുദ്ധം ഒഴുവാക്കണമെന്ന് അമേരിക്കൻ എപ്പിസ്കോപ്പൽ സഭകൾ ബുഷിനോട് ആവശ്യപ്പെട്ടപ്പോൾ ബുഷ് ഈ റിപ്പോർട്ടാണ് യുദ്ധത്തെ ന്യായീകരിക്കുവാനായി കാണിച്ചത്. കുഞ്ഞുങ്ങളെ പൈശാചികമായി കൊല ചെയ്ത ഇറാക്കി ഭടന്മാരെക്കുറിച്ചുള്ള വിവരങ്ങൾ. പക്ഷേ ഈ വാർത്തകൾക്കു യാതൊരു അടിസ്ഥാനവുമില്ലായിരുന്നു. കുവൈറ്റി അംബാസഡറുടെ മകളായ ഈ പെൺകുട്ടി നന്നായി ഇംഗ്ലീഷ് സംസാരിക്കുകയും ചെയ്തു. ഈ പെൺകുട്ടിയെ കൊണ്ടു കഥ പറയിച്ചതാണെന്നു പിന്നീട് തെളിയുകയുണ്ടായി.

ആഗോളവൽക്കരണമാണ് ഇന്നത്തെ ഒരു പ്രത്യേക സവിശേഷത. അനേകം ചാനലുകളുള്ളതിനാൽ ആശയപ്രകാശനത്തിനു സ്വാതന്ത്ര്യമുണ്ടെന്നുള്ള ഒരു തെറ്റായ ധാരണ ഉളവാക്കുവാൻ സാധിക്കുന്നുണ്ട്. സ്വതന്ത്ര കമ്പോളത്തിൻെറ ഒരു പ്രത്യേകതയാണിത്. എല്ലാറ്റിൻെറയും പ്രയോജനങ്ങൾ ഉപഭോഗ വസ്തുക്കളുടെ നിർമ്മാണക്കമ്പനികളാണ്. അതുകൊണ്ട് ഓരോ ചാനലും ഉപഭോഗസംസ്കാരം പ്രചരിപ്പിക്കുവാൻ ബോധപൂർവ്വം ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

**ഇതൊരു ആത്മാവില്ലാത്ത ലോകമാണ്. ഈ ലോകത്തിൽ രാഷ്ട്രങ്ങളില്ല. ജനതകളില്ല. കമ്പോളമേയുള്ളു. ലോകബാങ്കിൻെറയും ഐക്യരാഷ്ട്രസഭയുടെയും ലഘുലേഖകളിൽ ഇന്ത്യയെ പെട്ടെന്നു വികസിക്കുന്ന കമ്പോളമായാണ് ചിത്രീകരിക്കുന്നത്. ഇന്ത്യ ഒരു രാഷ്ട്രമല്ല. ഒരു ജനതയല്ല. ഒരു കമ്പോളമാണ്. കമ്പോളത്തിൽ സഹോദരീ സഹോദരന്മാരില്ല. ഐക്യദാർഢ്യമില്ല. മത്സരം മാത്രമേയുള്ളു. മാദ്ധ്യമം ഇതിനായാണ് ഇന്ന് ഉപയോഗിക്കപ്പെടുന്നത്.**

ആഗോളവൽക്കരണത്തിൻെറ ഏറ്റവും വലിയ പ്രത്യേകത ധ്രൂവീകരണമാണ്. ചരിത്രത്തിൽ ഒരു കാലത്തും ഇത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ സ്വത്തും വിജ്ഞാനവും ചുരുക്കം പേരിൽ കുന്നുകൂടിയിട്ടില്ല എന്നാണ് പോൾ കെന്നഡി പറയുന്നത്. ഇതൊക്കെ കണ്ടുകൊണ്ടിരിക്കയല്ലാതെ നമ്മുടെ അഭിപ്രായങ്ങൾക്ക് വലിയ പ്രസക്തിയൊന്നുമില്ല. നമ്മുടേത് മൂകരുടെ രാജ്യമാണ്. അമേരിക്കൻ മോഡൽ വാണിജ്യ ടി.വി. നിർണ്ണയിക്കുന്ന സംസ്കാരം മൂകമായിരുന്നു കാണുക. ആസ്വദിക്കുക.അതിനു പറ്റിയ പരസ്യങ്ങളാണ് ആഗോളാടിസ്ഥാനത്തിൽ നടന്നു വരുന്നത്.

ദാരിദ്ര്യത്തെക്കുറിച്ചുള്ള പഴയ ധാരണകളൊക്കെ മാറിക്കൊണ്ടിരുന്നു. പണ്ടൊക്കെ ദാരിദ്ര്യം എന്നത് അനീതിയുടെ ഭാഗമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഘടനാപരമായ അനീതി ഇപ്പോൾ സ്ട്രക്ച്ചറൽ അഡ്ജസ്റ്റുമെൻറാണ് (Structural Adjustment). ഘടനാപരമായ ക്രമീകരണത്തിൽ ബഹുചാനലുകളുള്ള സമൂഹത്തിൽ ദരിദ്രർ

ശേഷം പേജ് 9ൽ

# മുഖമില്ലാത്തവരെ യഥാസ്ഥാനപ്പെടുത്തുന്ന യേശു



മർക്കോസ്: 5. 1 മുതൽ.
(Ref. മത്തായി- 8. 28-34, ലൂക്കോ: 8. 26-39)

റവ. ജോസഫ് അയിരുക്കുഴി

> കാടു വെട്ടി നാടാക്കി അതിനെ സ്വാർത്ഥതയാക്കായി ചൂഷണം ചെയ്യുമ്പോൾ അന്യാധീനപ്പെടുന്ന ആദിവാസിയുടെയും വികസനത്തിൻെറ പേരു പറഞ്ഞു കുടിയിറക്കപ്പെടുന്ന ഗ്രാമീണരുടെയും (നർമ്മദ തുടങ്ങിയ പദ്ധതികൾ) ചിത്രം നമുക്ക് ഈ മനുഷ്യനിൽ കാണാം. ഈ ഭൂതഗ്രസ്തന്, ഇന്ന് ഒരു വേരില്ലാത്ത അവസ്ഥയാണ്. സാമൂഹ്യ സാഹോദര്യത്തിൻെറ ചൂടു നഷ്ടപ്പെട്ടവൻ ശവക്കല്ലറയിലെ സാങ്കല്പിക കൂട്ടായ്മയിൽ അഭയം തേടുന്നു.

ആമുഖം. യേശു ഗലീലത്തടാകത്തിന് മറുകരയിൽ വച്ച് അശുദ്ധാത്മാവുള്ള ഒരു മനുഷ്യനെ അഭിമുഖീകരിച്ച് അവനെ രൂപാന്തരത്തിലേയ്ക്കും അവൻെറ വ്യക്തിത്വത്തിൻെറ സമഗ്രതയിലേയ്ക്കും കൂട്ടിക്കൊണ്ടു വരികയാണ്? മത്തായിയും മർക്കോസും ഗദര എന്നും ലൂക്കോസ് ഗരസന്ന്യ എന്നും പറഞ്ഞിരിക്കുന്ന ഈ സ്ഥലം ഗലീലത്തടാകത്തിനടുത്തുള്ള ഒരു കുന്നിൻ ചരിവായ ഖർസാ ആണന്ന് ആധുനിക പഠിതാക്കൾ കരുതുന്നു. യഹൂദരേതർ തിങ്ങിപ്പാർത്തിരുന്ന ഒരു സ്ഥലം. ബഹുകാലമായി വസ്ത്രമില്ലാതെയും ഭവനത്തിൽ പാർക്കാതെയും കല്ലറകളിൽ പാർത്തു വന്ന, കായശക്തിയിൽ ഭീകരനായ ആ മനുഷ്യൻ യേശുവിൻെറ മുമ്പിൽ അവനെ 'മഹോന്നതനായ ദൈവ പുത്രാ' എന്ന് അഭിസംബോധന ചെയ്യുന്നു. സമയമാകും മുമ്പ് തന്നെ പാതാളത്തിൽ അയക്കരുത് എന്നാണ് അപേക്ഷ. യേശു തൽക്കാലം അവൻെറ ആഗ്രഹപ്രകാരം പന്നിക്കൂട്ടത്തിലേയ്ക്ക് അയക്കുകയാണ്. യേശുവിനെ അഭിമുഖീകരിക്കുന്ന ഭൂതങ്ങൾ ഓടുകയല്ലാതെ തരമില്ല. യേശു ആ വ്യക്തിയെ അവൻെറ സ്വന്ത ഭവനത്തിലേക്കും സമൂഹത്തിലേക്കും തിരിച്ചയക്കുന്നു.

> ഗദരേന്ര്യരുടെ വിധേയത്വം അവരുടെ പന്നിക്കൂട്ടത്തോടാണ്. പന്നികൂട്ടം അവരുടെ സ്വകാര്യ സ്വത്തിൻെറ പ്രതീകമാണ്. മനുഷ്യനു കൊടുക്കേണ്ട ശാശ്വത മൂല്യങ്ങൾ അവർ ഇവിടെ പന്നിക്കൂട്ടങ്ങൾക്കാണ് നൽകിയത്. വിടുതലിനും ഉദ്ധാരണത്തിനും വികസനത്തിനും വേണ്ടി തങ്ങളുടെ പന്നിക്കൂട്ടം (സമ്പാദ്യം) നഷ്ടപ്പെടുത്താൻ അവർ ആഗ്രഹിച്ചു.

## ◆ ഭൂത ഗ്രസ്തൻ- അന്യാധീനപ്പെട്ട മനുഷ്യൻ

ഗദര ദേശത്തെ ഭൂതഗ്രസ്തൻ സമൂഹത്തിൽ നിന്ന് അന്യപ്പെട്ടവനാണ്. അവന് സമൂഹത്തോടോ സമൂഹത്തിന് അവനോടൊ പ്രത്യേകിച്ച് കടപ്പാടോ മമതയോ ഇല്ല. സമൂഹത്തിൽ നിന്നന്യപ്പെട്ട മനുഷ്യൻ തനിക്ക് സ്വന്തമായുള്ളതിൽ നിന്ന് അന്യപ്പെട്ടവനാണ്. വസ്ത്രവും ഭവനവും അവൻ ഉപേക്ഷിക്കുമ്പോൾ തനിക്ക് സമൂഹത്തിലുണ്ടാവേണ്ട സ്ഥാനവും കൂടി ആണ് അവൻ ഉപേക്ഷിക്കുന്നത്. അത് അവൻ ഉപേക്ഷിക്കേണ്ടി വരുന്ന ഒരു സാഹചര്യമാണ് നില നിൽക്കുന്നത്. കാടു വെട്ടി നാടാക്കി അതിനെ സ്വാർത്ഥതക്കായി ചൂഷണം ചെയ്യുമ്പോൾ അന്യാധീനപ്പെടുന്ന ആദിവാസിയുടെയും വികസനത്തിൻെറ പേരു പറഞ്ഞു കുടിയിറക്കപ്പെടുന്ന ഗ്രാമീണരുടെയും (നർമ്മദ തുടങ്ങിയ പദ്ധതികൾ) ചിത്രം നമുക്ക് ഈ മനുഷ്യനിൽ കാണാം. ഈ ഭൂതഗ്രസ്തന്, ഇന്ന് ഒരു വേരില്ലാത്ത അവസ്ഥയാണ്. സാമൂഹ്യ സാഹോദര്യത്തിൻെറ ചൂടു നഷ്ടപ്പെട്ടവൻ ശവക്കല്ലറയിലെ സാങ്കല്പിക കൂട്ടായ്മയിൽ അഭയം തേടുന്നു. ബന്ധങ്ങളില്ലാതെ വ്യക്തിയില്ല. എല്ലാം മറന്നു പ്രകൃതിയോടും കുടുംബത്തോടും സമൂഹത്തോടും ചേർന്നു നിന്നുകൊണ്ടാണ് തൻെറ സ്വത്വം കണ്ടു പിടിക്കേണ്ടത് (Identity)കരുപ്പിടിക്കേണ്ടത്. അവയിൽ നിന്ന് പരിചരണം സ്വീകരിച്ചും നിലവിലിരിക്കുന്ന പാരമ്പര്യങ്ങളോട് സംവാദിച്ചുമാണ് ഏതു മനുഷ്യനും വളരേണ്ടത്. വേരു നഷ്ടപ്പെട്ടവൻ സമൂഹത്തിൻെറ അതിർത്തിയിലേയ്ക്ക് (Periphery)തള്ളപ്പെടുന്നു. ഉപഭോഗ സംസ്കാരത്തിൻെറ അടിസ്ഥാന ശിലയായ മത്സരം ബലഹീനനേയും, കഴിവു കുറഞ്ഞവനേയും തള്ളിക്കളഞ്ഞു കൊണ്ടാണ് മുന്നേറുന്നത്. അങ്ങനെയുള്ളവർ ഒരു വ്യക്തിയേ അല്ല. ഇന്നത്തെ ദയാവധം, പെൺ കുട്ടികളെ ഗർഭത്തിൽ വച്ചു തന്നെ കൊല്ലുക, സൂപ്പർ റേസ് ഉണ്ടാക്കുന്നതിനുള്ള ആധുനിക ശാസ്ത്ര സങ്കേതങ്ങൾ കണ്ടെത്തുക എന്നിവയുടെ പ്രമാണം Survival of the fittestഎന്നതു തന്നെയാണ്. അങ്ങനെയുള്ള സമൂഹത്തിൽ ഒരിറ്റു കരുണയ്ക്കോ, സഹാനുഭൂതിക്കൊ സേവനങ്ങൾക്കൊ അർത്ഥം കണ്ടെന്നു വരികയില്ല.

## ◆ ഭൂതഗ്രസ്തൻ ദൈവ രാജ്യത്തെ അഭിമുഖീകരിക്കുന്നു.

ഭൂതങ്ങൾ വിറയ്ക്കുകയും, ബന്ധിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്യുന്നത് ദൈവ രാജ്യത്തിലാണ്. ആ ദൈവരാജ്യം ഇവനിൽ സമാഗതമായെന്നാണ് ഭൂതഗ്രസ്തൻ വിശ്വസിക്കുന്നത്. മഹോന്നതനായ ദൈവത്തിൻെറ പുത്രാ എന്ന സംബോധന തൻെറ ഈ അറിവിൻെറ പ്രഖ്യാപനമാണ്. ദൈവ രാജ്യം ചരിത്രത്തിൻെറ അതിരുകളിലേയ്ക്ക് അതിക്രമിച്ചു കടക്കുന്നത് നാമിവിടെ കാണുന്നു. ലോകത്തിൻെറ അധികാരങ്ങൾ (ഭൂതങ്ങളുടെ) ശ്രേഷ്ഠാധികാരികൾക്ക് കീഴടങ്ങണം.

## ◆ യേശുവിൻെറ അഭിമുഖീകരണം

യേശു ഈ മാനസിക രോഗിയുടെ യഥാർത്ഥ പ്രശ്നം മനസിലാക്കുന്നു. അവൻെറ പേരു യേശു ചോദിക്കുന്നു. പേരിനു പിമ്പിൽ ഒരു മനുഷ്യാളത്തമുണ്ട്. അവന് ഛിന്നഭിന്നമാക്കപ്പെട്ട ഒരു ആളത്തമാണുള്ളത്. അതു കൊണ്ടാണ് അവൻ പറയുന്നത്: ഞങ്ങൾ പലരാണ്. ഒരു സൈന്യ ദളം (6000 പട്ടാളക്കാരുടെ ഒരു യൂണിറ്റ്). ഒരു പേര് അതിൻെറ സമൂഹത്തിലെ സ്ഥാനവും ധർമ്മവുമാണ് വ്യക്തമാക്കുന്നത്. നരനിൽ നിന്നെടുത്തിരിക്കുന്ന സ്ത്രീക്ക് നാരി എന്നു പേർ. ആദം സൃഷ്ടികൾക്ക് പേരിടുന്നതും ഈ അർത്ഥത്തിലാണ്. നഷ്ടപ്പെട്ട ആളത്തത്തിൻെറ വീണ്ടെ

ടുപ്പാണ് യേശുവിനെ സംബന്ധിച്ചിടത്തോളം പ്രധാനം. ആ വ്യക്തിയോടുള്ള സമർപ്പണം പന്നികളുടെ നാശത്തിന് കാരണമായി. പന്നിക്കൂട്ടവും ദൈവത്തിൻെറ സൃഷ്ടിയാകയാൽ അതിനെയും താൻ മാനിക്കാതിരുന്നില്ല. എന്നാൽ ഇവിടെ ഒരു വ്യക്തിയെയും ഒരു പന്നിക്കൂട്ടത്തെയും താരതമ്യപ്പെടുത്തുമ്പോൾ ആ വ്യക്തിക്ക് തന്നെ തൂക്കം, വില. കാരണം ആ വ്യക്തിയാണ് ദൈവ സാദൃശ്യത്തിൽ (Image of God)സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. യേശുവിന് തിരഞ്ഞെടുപ്പ് വളരെ ലളിതമായിരുന്നു. മനുഷ്യാളത്തത്തിൻെറ ഉദ്ധാരണത്തിന് ആ പന്നിക്കൂട്ടത്തിൻെറ നാശം അനിവാര്യമായിരുന്നു. മനുഷ്യരും ദൈവവും തമ്മിൽ സാരാംശത്തിലല്ല അളവിലാണ് വ്യത്യാസം. പന്നിക്കൂട്ടവുമായി സാരാംശത്തിൽ തന്നെ വ്യത്യാസമുണ്ട്. ഇന്ന് മനുഷ്യ ബന്ധങ്ങൾ പോലും സ്വത്തിൻെറ അടിസ്ഥാനത്തിലാണ്. നിത്യതയോടുള്ള ബന്ധത്തിൽ തൻെറ ഉദ്ധാരണത്തേക്കാൾ തനിക്കുള്ളത് ദരിദ്രനു കൊടുക്കാനുള്ള പ്രയാസമായിരുന്നല്ലൊ ആ ധനികനായ ചെറുപ്പക്കാരനെ ഭരിച്ചത്. ആധുനിക സമൂഹം തങ്ങളുടെ ഭൗതികമായ വളർച്ചയിൽ ഊന്നൽ കൊടുക്കുമ്പോൾ മറന്ന് പോകുന്നത് അത് നേടാനും നില നിറുത്താനും ഉപയോഗിക്കാനുമുള്ള വ്യഗ്രതയിൽ മനുഷ്യാളത്തങ്ങളാണ്.

## ◆ ഭൂതഗ്രസ്തൻ ഒരു റിബൽ.

സമൂഹത്തിൻെറ നിയമങ്ങളും മൂല്യങ്ങളും ആണ് അവൻ പൊട്ടിച്ചെറിയുന്ന ചങ്ങലകൾ. തന്നെ അംഗീകരിക്കാത്തതും ആദരിക്കാത്തതുമായ ധാർമ്മിക പ്രമാണങ്ങളൊ തത്വ ശാസ്ത്രങ്ങളൊ അവന് പത്ഥ്യമല്ല. അതിർത്തിയിലേയ്ക്ക് തള്ളി മാറ്റപ്പെടുന്ന സമൂഹവും വ്യക്തിയും എന്നും ആ സമൂഹത്തിന് ഒരു തലവേദനയും വെല്ലുവിളിയുമാണ്. ആ സമൂഹത്തിൻെറ കപട പ്രമാണങ്ങൾക്കെതിരെ അവർ പടവാളുയർത്തി എന്നു വരാം. ഭൗതികതയിൽ ഉച്ചകോടിയിലെത്തി നിൽക്കുന്ന പല സമൂഹങ്ങളിലും നില നിൽക്കുന്ന അരാജകത്വത്തിൻെറയും സംഘർഷത്തിൻെറയും കാരണം തേടി മറ്റെങ്ങും പോവേണ്ടതില്ല. നിലവിലുള്ള സമൂഹത്തെ നിഷേധിക്കുന്ന ഈ ഭൂതഗ്രസ്തൻ ഒരു സ്വയം നിഷേധി കൂടിയാണ്. അവൻ തന്നെത്തന്നെ പീഡിപ്പിക്കുന്നു.

## ◆ ഭൂതഗ്രസ്തൻ-ഒരു പീഡകൻ

ഒരുവൻ മറ്റൊരുവനെ പീഡിപ്പിക്കുന്നത് സാധാരണം. ഇവിടെ ഇവൻ സ്വയം മുറിക്കുകയും ചതയ്ക്കുകയും ചെയ്യുന്നു. സമൂഹം തന്നിൽ

> ഇന്നും മുഖമില്ലാത്തവർക്കും പേരില്ലാത്തവർക്കും ഉയർത്തെഴുന്നേല്പുണ്ടാവുമ്പോൾ ഭയക്കുന്നത് സ്ഥാപിത മതവും സമൂഹവുമാണ്. വടക്കേ ഇന്ത്യയിൽ കൊല്ലപ്പെടുന്ന കന്യാസ്ത്രീകളുടെ എണ്ണം വർദ്ധിക്കുന്നത് അവർ അനേകർക്ക് ഉച്ചക്കഞ്ഞി കൊടുക്കുന്നതു കൊണ്ടല്ല അവകാശം നിഷേധിക്കപ്പെട്ടവരുടെ ഉയർത്തെഴുന്നേല്പിന് അവർ പ്രോത്സാഹനം നൽകുന്നു എന്നതു കൊണ്ടാണ്.

അടിച്ചേൽപ്പിച്ച പീഡനത്തിൻെറ ഒരു തുടർച്ചയാണിത്. സമൂഹത്തിൻെറ ഏകതാബോധം നഷ്ടപ്പെട്ടതിലുള്ള അന്യഥാബോധമാണിതിനു പിന്നിൽ. ഇനിയും എറിക്കെന്തിനു ജീവിക്കണം. ജീവിതവും മരണവും ഒരു പോലെ തനിക്ക് പത്ഥ്യമാണ്. അവൻ സ്വയം പീഡിപ്പിക്കുമ്പോഴും അവനിലുള്ള ദൈവ സാദൃശ്യമാണ് വേദനിക്കുന്നത്. അതുകൊണ്ടാണ് യേശു ആ വ്യക്തിയോടുള്ള തൻെറ സമർപ്പണം പ്രഖ്യാപിക്കുന്നത്. ആ വ്യക്തിയോടുള്ള സമർപണമില്ലാതെ ദൈവ സമർപ്പണത്തിന് അർത്ഥമില്ല. "മനുഷ്യൻ സ്വയ കേന്ദ്രീകരണം വിട്ട് പുറത്തേക്ക് നോക്കുമ്പോൾ അയൽക്കാരനേയും ദൈവത്തേയും ഒരുമിച്ചാണ് കാണുന്നത്. അയൽക്കാരനിൽ കൂടിയാണ് ദൈവത്തെ കാണുന്നത്...... ഇവിടെ സഹോദരനെ കൂടാതെ ദൈവത്തെ സമീപിക്കുവാൻ സാധ്യമല്ല.'' എന്ന് Dr. M. M. തോമസ് പറഞ്ഞിട്ടുള്ളത് ഏറ്റവും അർത്ഥവത്താണ്.

## ◆ ജനങ്ങളും-അവരുടെ വിധേയത്വവും.

ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നും വാർത്ത കേട്ടു വന്നവർ, ഈ മനുഷ്യൻ സുബോധമുള്ളവനായിക്കണ്ടതിൽ ഭയപ്പട്ടു. യേശുവിനോട് അതിർ വിട്ടു പോകണമെന്ന് ആവശ്യപ്പെടുന്നു. ഗദരേന്യരുടെ വിധേയത്വം അവരുടെ പന്നിക്കൂട്ടത്തോടാണ്. പന്നിക്കൂട്ടം അവരുടെ സ്വകാര്യ സ്വത്തിൻെറ പ്രതീകമാണ്. മനുഷ്യനു കൊടുക്കേണ്ട ശാശ്വത മൂല്യങ്ങൾ അവർ ഇവിടെ പന്നിക്കൂട്ടങ്ങൾക്കാണ് നൽകിയത്. വിടുതലിനും ഉദ്ധാരണത്തിനും വികസനത്തിനും വേണ്ടി തങ്ങളുടെ പന്നിക്കൂട്ടം (സമ്പാദ്യം) നഷ്ടപ്പെടുത്താൻ അവർ ആഗ്രഹിച്ചില്ല. സാമ്പത്തിക ലാഭം നൽകാത്ത സ്കൂളുകളും ആശുപത്രികളും പോലും നിറുത്തേണ്ടതാണെന്നുള്ള പ്രമാണവുമായി ഇതിനെ താരതമ്യം ചെയ്യാവുന്നതാണ്.

ഏതൊരു സമൂഹം തന്നെ ആട്ടിയിറക്കി വിട്ടുവൊ ആ സമൂഹത്തിൽ അവനെ യഥാസ്ഥാനപ്പെടുത്തുകയാണ് യേശു ചെയ്യുന്നത്. അവനെ അടർത്തിയെടുത്ത് മറ്റൊന്നിൽ പ്രതിഷ്ഠിക്കുകയല്ല, ആ സമൂഹത്തിൻെറ തന്നെ ജീവിത ചക്രത്തിലെ സമൂഹ കണ്ണിയായി അവനെ തീർക്കുന്നു.

ഇന്നലെ വരെ സമൂഹത്തിൻെറ പ്രാന്ത പ്രദേശങ്ങളിൽ എച്ചിലില പെറുക്കിയവൻ സമൂഹത്തിൻെറ കേന്ദ്രത്തിലേയ്ക്ക് തിരിച്ചു ചെന്നപ്പോൾ അവർ ഭയന്നു. ഇന്നും മുഖമില്ലാത്തവർക്കും പേരില്ലാത്തവർക്കും ഉയിർത്തെഴുന്നേല്പുണ്ടാവുമ്പോൾ ഭയക്കുന്നത് സ്ഥാപിത മതവും സമൂഹവുമാണ്. വടക്കേ ഇന്ത്യയിൽ കൊല്ലപ്പെടുന്ന കന്യാസ്ത്രീകളുടെ എണ്ണം വർദ്ധിക്കുന്നത് അവർ അനേകർക്ക് ഉച്ചക്കഞ്ഞി കൊടുക്കുന്നതു കൊണ്ടല്ല അവകാശം നിഷേധിക്കപ്പെട്ടവരുടെ ഉയിർത്തെഴുന്നേല്പിന് അവർ പ്രോത്സാഹനം നൽകുന്നു എന്നതു കൊണ്ടാണ്. ●

## മാദ്ധ്യമങ്ങൾ

7ാം പേജിൽ നിന്നും തുടർച്ച

ഉണ്ടായേ പറ്റൂ. സുരക്ഷിത വലയത്തിൽ നിന്നു കുറെ പേർ രക്ഷപെടും.

ദൂരദർശനെയും മറ്റ് മാദ്ധ്യമങ്ങളെയും വിമർശന കാഴ്ചപ്പാടിൽ തന്നെ വീക്ഷിക്കുവാനും വായിക്കുവാനും നാം തയ്യാറാകണം. തിരുവനന്തപുരത്തെ പ്രകടനങ്ങൾ നിരീക്ഷിക്കുന്നത് എൻെറ പ്രധാനപ്പെട്ട ഒരു ഹോബിയാണ്. 94 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് മത്സ്യത്തൊഴിലാളികളുടെ ഒരു ഗംഭീര പ്രകടനം നടക്കുകയുണ്ടായി. പലതു കൊണ്ടും അതു ശ്രദ്ധേയമായ പ്രകടനമായിരുന്നു. അന്നു വൈകിട്ടത്തെ ദൂരദർശൻ വാർത്തയിൽ ഈ പ്രകടനത്തെക്കുറിച്ചു യാതൊരു വാർത്തയും വന്നില്ല. മറിച്ചു ഫ്രാൻസിലെ മത്സ്യത്തൊഴിലാളികളുടെ ഒരു പ്രകടനം കാണിക്കുകയുണ്ടായി. ഒരു പ്രത്യേക വിധത്തിൽ ആളുകളെ തെറ്റി ധരിപ്പിക്കുവാൻ മാധ്യമങ്ങൾക്ക് സാധിക്കുന്നുണ്ട്. ഇതിനു ഒരു ബദൽ വാർത്താ വിതരണസമ്പ്രദായം ഉണ്ടാകണം.

ഇവിടെയാണ് ചെറിയ പ്രസിദ്ധീകരണങ്ങളുടെ പ്രസക്തി. ബദലും പ്രത്യാക്രമണവുമായ ഒരു പത്രപ്രവർത്തന ശൈലി ക്രിസ്തീയ മാദ്ധ്യമ പ്രവർത്തകർ ഉണ്ടാക്കിയെടുക്കണം.

ടി. എസ്സ്. എലിയട്ടിൻെറ കവിതാഭാഗം ഉദ്ധരിക്കട്ടെ.

Where is the life we have lost in living
Where is the wisdom we have lost in knowledge.
Where is the knowledge we have lost in information.

ബദലുകൾക്ക് വേണ്ടിയുള്ള അന്വേഷണം മൂല്യങ്ങൾ നില നിൽക്കുന്ന മാനവികതയെ സൃഷ്ടിക്കാനുള്ള മാധ്യമങ്ങളുടെ വളർച്ചയ്ക്ക് സഹായിക്കണം. ●

# IS CSI GOING DIVISIVE INSTEAD OF UPHOLDING UNITY?

John T-Wattachanackal Chicago

This article is written as challenged by a statement seen in an article in the recent, 17th issue of NEW VISION, and also as a reflection on the various incidences involving some of the leaders of the church of South India.

On the back cover page of the 17th issue of New Vision, the article says: Some members expressed the desire that since all members of the congregations in the US are from Madhya Kerala Diocese the Bishop in charge of the churches should be the Bishop of Madhya Kerala Diocese and not the Moderator.

There are some inherent flaws in this argument; first of all, this shows tunnel vision, and the ostrich's game in the secular way of thinking, and a violation of most cardinal mandate of God, i.e., love your neighbor as yourself, and, of course, diametrically opposite to the principle of unity for which, the CSI readily accepts the praise, by repeating that ``CSI is the next miracle after Pentecost". Also, there is a suppression of fact in the statement made at the Conference: All members of the CSI Congregations are not from Madhya Kerala; there are CSI congregations in the US, where the membership is comprised of people from Tamil Nadu, Karnataka, and Andhra, besides people from Kerala, CSI People from states other than Kerala may be a minority, but do not forget the very basis of CSI is `unity', and its readiness for `tolerance' for others. It is not the number that counts; didn't our Master and Savior teach us that each soul is precious than the whole world? Remember, there is nothing achieved or nothing we can be proud of, if just one group of people huddle together without recognizing the otherness of the others and thus exclude them; there is nothing Christian in that policy.

Also instrumental to this article are the two articles recently appeared in the New Vision, one that is in the 17th issue by Joseph Pulikunnel, Director of the Indian Institute of Christian Studies, in the Dialogue Column (Charchavedi), and the recent article by a former Bishop of CSI, Sunder Clarke. Both of these writers pointed out the role reversals of the leaders of the Church; Dr. Clarke's criticism was directly at CSI. In both these articles, the crux of the problem, as identified by both writers, is: the obsession to amass power. What happened is that, it appears that the CSI leaders tend to forget that they have taken pledges to follow the path of the suffering servant.. It appears that many of these leaders ignore Mark 9:35b which says ``Whoever wants to be first must be last of all and servant of all''.

As I wrote in a previous occasion in the New Vision. (``Church of South India-a church going global?''), while it was the lay people who struggled to establish congregations all over the USA and Canada, what the ecclesiastical leaders of CSI demonstrated in the USA and Canada was their over-anxiety in `empire building'; the ruthless campaigning, the ultimatums, the `splitting and doubling' of congregations to lure the votes of those who are unduly influenced, the hostile action of desertion of the Ad-hoc Council meeting by the church leader when he did not get adequate support for certain plans/constitutions etc. have caused further divisions in congregations, and between congregations, and between individuals. Now, if some diocese in the CSI is bent upon acceding the congregations in the USA and Canada, it is nothing but another demonstration of Madhya (Central) Kerala's territorial ambition and empire building as going on at Trivandrum, Kerala. We all know how people's hard earned money was wasted

**Now, if some diocese in the CSI is bent upon acceding the congregations in the USA and Canada, it is nothing but another demonstration of Madhya (Central) Kerala's territorial ambbition and empire building as going on at Trivandrum, Kerala. We all know how people's hard earned money was wasted in the past litigating this issue: ``to which diocese should the CSI Christ Church in Trivandrum belong to? Doesn't common sense alone dictate that a CSI congregation which functions within half a mile of the Head quarters of a CSI Diocese (South Kerala) of the area should naturally belong to that particular Diocese. This remains as an unsettled issue in the matter of relationships between dioceses.**



Executive Council Members CSI Council for N. America

in the past litigating this issue: ``to which diocese should the CSI Christ Church in Trivandrum belong to? Doesn't common sense alone dictate that a CSI congregation which functions within half a mile of the Head quarters of a CSI Diocese (South Kerala) of the area should naturally belong to that particular Diocese This remains as an unsettled issue in the matter of relationships between dioceses.

**According to our faith, the diocese need not have become anxious and worried for `tomorrow' as indicated by its worldly scheme of `investing' in an income producing commercial complex but should have used its money and energy to further the Kingdom of Heaven, because Jesus said: ``it is the nations of the world that strive after all these things, and your father knows that you need them. Instead strive for his kingdom, and all these things will be given to you as well.''**

Talking about the territorial ambition of Madhya Kerala diocese, it appears that the driving force in campaigning to bring the congregations of USA and Canada under Madhya Kerala is not a spiritual one but a worldly one, as this congregation is comprised of materially well placed members, of course, from Central Kerala. One wonders, is it not the same anxiety that is the driving force in campaigning to bring the congregations of the USA and Canada under Madhya Kerala. What kind of an example are we presenting to our children as a church, that is ``the next miracle after Pentecost''?

As regards the economic anxiety of the Central Kerala Diocese, I must say that I was amazed when I hoard that the Diocese has gone into Real Estate business by building a Commercial Complex at Kottayam city, of course, to ensure a steady flow of income: now the question is: what is the mission of the church? Is it in income producing business or to search for the lost sheep and to expand the Kingdom of Heaven? This kind of policy and action puts in the minds of people that the church does not practice what it preaches - why should the church worry about making money? It appears that the Madhya Kerala diocesan leaders ignore Luke 12: 29-31:

According to our faith, the diocese need not have become anxious and worried for `tomorrow' as indicated by its worldly scheme of `investing' in an income producing commercial complex but should have used its money and energy to further the Kingdom of Heaven, because Jesus said: ``it is the nations of the world that strive after all these things, and your father knows that you need them. Instead strive for his kingdom, and all these things will be given to you as well.'' (Lk 12: 30-31). Doesn't this apply to the church/diocese? It is not human beings who can or who should assure the well being of any church, but God. Incidentally, monies have been collected by our diocesan leaders from North America for specific purposes such as to raise the salaries of the pastors (Achans), and, specific gifts for different worthy causes have been made by individual congregation. Of course God works through His people!


Finally, with all these vexation about the so called `empire building', I am afraid, the leaders are directly and indirectly promoting fissiparous tendencies among the CSI people in the USA, both laity and clergy from the various dioceses in Kerala, and from the various states of India. One can readily see such transactions, and thereby giving a wrong message to the flocks who assemble as congregations. There was no such divisive tendencies among the people and congregations prior to the steps of `empire building' by the leaders. Who is the guilty?


It would be, therefore, in the larger interest of the Church of South India, and the laity and clergy of CSI in the USA and Canada, to maintain the present policy, as decided by the CSI Synod on July 4, 1993 that the CSI congregations in the USA and Canada be under the direct relationship of the Moderator. This policy, to a great extent, can prevent the divisive tendencies in their CSI circles both in the North America and in India.

Also at this time, one remembers the published letter of the then Moderator which exhorted the congregations:

ശേഷം 15-ാംപേജിൽ







# ഐക്യസന്ദേശം

മൂന്നു ദശകത്തിലേറെക്കാലം രണ്ടു സഭകളിലായി നിന്നു കലഹിച്ചിരുന്ന കൽദായ സഭകൾ 1995 അവസാനം ഒരു സഭയായിത്തീർന്നിരിക്കയാണ്. മാർ അപ്രേം, പൗലോസ് മാർ പൗലോസ് എന്നീ ബിഷപ്പുമാരുടെ നേതൃത്വത്തിൽ ഒരു സഭയും മാർ തീമോഥിയോസ് ബിഷപ്പിൻെറ നേതൃത്വത്തിൽ വേറൊരു സഭയും കൽദായ സഭ എന്ന പേരിൽ തൃശൂരിലുണ്ടായിരുന്നു. കലഹങ്ങൾക്കെല്ലാം വിരമമിട്ടു കൊണ്ട് ഈ രണ്ടു സഭകളും ഒന്നായിത്തീർന്നിരിക്കയാണ്. മൂന്നു ബിഷപ്പുമാരും ചേർന്നു പുറപ്പെടുവിക്കുന്ന ഇടയ ലേഖനം സകലവും വിശദീകരിക്കുന്നതിനാൽ ഞങ്ങൾ ഇവിടെ പ്രസിദ്ധീകരിക്കുന്നു. കൽദായ സഭയുടെ സന്തോഷത്തിൽ നമുക്കും പങ്കു ചേരാം.

എഡിറ്റർ

ഇന്ത്യയിലെ പൗരസ്ത്യ സഭയിലെ വൈദികരേയും വിശ്വസ്ത സഭാംഗങ്ങളെയും എപ്പിസ്ക്കോപ്പൽ കൗൺസിൽ അറിയിക്കുന്നത്:

കർത്താവിൽ പ്രിയരേ,

കഴിഞ്ഞ മുപ്പതിലേറെ വർഷങ്ങളോളം കക്ഷിവഴക്കുകളും വ്യവഹാരങ്ങളുമായി ഭിന്നിച്ചു നിന്നിരുന്ന സഭ ദൈവാനുഗ്രഹത്താൽ പുനരൈക്യപ്പെട്ടിരിക്കുന്ന ഈ സന്തോഷാവസരത്തിൽ ലഭിച്ച കൃപകളെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

ഐക്യം കൈവരിക്കുന്നതിനുള്ള നടപടികൾ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പെട്ടെന്ന് ചെയ്തു തീർക്കുവാൻ നാം നിർബ്ബന്ധിതരായി. അതിനു അവലംബിച്ച മാർഗ്ഗങ്ങളെപ്പറ്റി സഭാംഗങ്ങൾ അജ്ഞരായിരിക്കരുതെന്നും, ഐക്യത്തിൻെറ പാതയിൽ സഭയുടെ പ്രവർത്തനം പൂർവ്വാധികം മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ബോദ്ധ്യമായതിനാലാണ് ഞങ്ങൾ ഈ സന്ദേശം പുറപ്പെടുവിക്കുന്നത്.

സഭാ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ പല വേദികളിലും നടത്തിയിട്ടുള്ളതാണല്ലോ. പരിശുദ്ധ പാത്രിയർക്കീസ് മാറൻ മാർ ദിൻഹ നാലാമൻ തിരുമേനിയുടെ പ്രത്യേക പ്രതിനിധികളായി ഇക്കഴിഞ്ഞ നവംബർ 6-ന് ഇന്ത്യയിലെത്തിച്ചേർന്ന ലെബനോനിലെ മെത്രാപ്പോലീത്ത മാർ നർസൈ, ആസ്ട്രേലിയയിലെ എപ്പസ്ക്കോപ്പ മാർ മീലിസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യം ചർച്ചകളുടെ ആക്കം വർദ്ധിപ്പിക്കാൻ കാരണമായി. അഭിവന്ദ്യ തിരുമേനിമാരും. ഇരു വിഭാഗങ്ങളിലെ ട്രസ്റ്റിമാരും, ഞങ്ങളും പല ഘട്ടങ്ങളിലായി ഐക്യം കൈവരിക്കുന്നതിനു ചർച്ചകൾ നടത്തി. നമ്മുടെ വന്ദ്യ വൈദികരുമായി പല അവസരങ്ങളിൽ നടത്തിയിട്ടുള്ള സംഭാഷണങ്ങൾ ചർച്ചകൾക്കു ഊണം പകരാൻ ഞങ്ങളെ സഹായിച്ചിട്ടുണ്ട്.

ഈ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങൾ ഇരുകക്ഷികളിലേയും പ്രത്യേകം വിളിച്ചു കൂട്ടിയ സഭാപ്രതിനിധി കൗൺസിലുകളെ അറിയിക്കുകയും, വിശദമായി അപഗ്രഥിക്കുകയും ചെയ്തിട്ടുള്ളതാണ്. സഭാ ഐക്യ ചർച്ചകൾ തുടർന്നും നടത്തുന്നതിനും ഐക്യം പരിസമാപ്തിയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സഭാ പ്രതിനിധി കൗൺസിലുകൾ അതതു കക്ഷികളിലേ തിരുമേനിമാരേയും ട്രസ്റ്റിമാരേയും ചുമതലപ്പെടുത്തി. മദ്ധ്യസ്ഥരായി പ്രവർത്തിച്ച തിരുമേനിമാരും, ട്രസ്റ്റിമാരും ഞങ്ങളും വീണ്ടും നടത്തിയ ദീർഘിച്ച ചർച്ചകളുടെ ഫലമായാണ് നവംബർ 13-ന് ഐക്യ ഉടമ്പടിയിൽ ബന്ധപ്പെട്ടവർ ഒപ്പുവക്കാൻ ഇടയായത്. യേശുക്രിസ്തുവിൻെറ സഭ ഒരേ ആത്മാവിൽ ഐക്യപ്പെട്ടിരിക്കണമെന്ന ദൈവഹിതത്തോടുള്ള അനുസരണത്തിൻെറ പ്രതീകമായാണ് ഞങ്ങൾ ഉടമ്പടിയിൽ ഒപ്പുവച്ചത്.

> യേശുക്രിസ്തുവിൻെറ സഭ ഒരേ ആത്മാവിൽ ഐക്യപ്പെട്ടിരിക്കണമെന്ന ദൈവഹിതത്തോടുള്ള അനുസരണത്തിൻെറ പ്രതീകമായാണ് ഞങ്ങൾ ഉടമ്പടിയിൽ ഒപ്പുവച്ചത്.

ഉടമ്പടിയനുസരിച്ച് ഇരുവിഭാഗങ്ങളിലേയും പട്ടത്വം പരസ്പരം അംഗീകരിച്ചു. ആഗോള പൗരസ്ത്യസഭയുടെ ഇപ്പോൾ അമേരിക്കയിലെ ഷിക്കോഗോയിൽ ആസ്ഥാനമാക്കിയിട്ടുള്ള മാറൻ മാർ ദിൻഹ നാലാമൻ പാത്രിയർക്കീസ് ബാവയാണ് സഭയുടെ പരമാദ്ധ്യക്ഷൻ. അദ്ദേഹത്തിൻെറ കീഴിൽ രണ്ട് വർഷം ഇന്ത്യയിലെ രണ്ട് മെത്രാപ്പോലീത്തമാരും എപ്പിസ്ക്കോപ്പയും അടങ്ങുന്ന 'എപ്പിസ്ക്കോപ്പൽ കൗൺസിൽ' ആയിരിക്കും ഇന്ത്യൻ സഭയ്ക്ക് നേതൃത്വം നൽകുക. മാർ തിമോഥിയോസ് മെത്രാപ്പോലീത്ത കൗൺസിൻെറ ചെയർമാനും മാർ പൗലൊസ് എപ്പിസ്ക്കോപ സെക്രട്ടറിയും ആയിരിക്കും. ഇന്ത്യൻ സഭയുടെ ഭരണം മാർ അപ്രേം മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിലായിരിക്കും. സഭയിലെ തിരുനാളുകളും മറ്റും ആചരിക്കുക ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചായിരിക്കും.

ഇരു വിഭാഗങ്ങളിലും ഇപ്പോൾ നിലവിലുള്ള സഭാ പ്രതിനിധികളും, ട്രസ്റ്റിമാരും, ഇടവക കൈക്കാരൻമാരും രണ്ട് വർഷം താൽക്കാലിക സംവിധാനമനുസരിച്ച് ഒത്തുചേർന്ന് പ്രവർത്തി

ക്കുന്നതാണ്. സഭാവക സ്വത്തുക്കളും മറ്റും ഈ കാലയളവിൽ ഏകീകരിച്ച് ഒരേ ചട്ടക്കൂട്ടിനുള്ളിൽ കൊണ്ടുവരും. എന്നാൽ രണ്ട് വർഷത്തിനുള്ളിൽ മാതൃസഭയിൽ നിലവിലുള്ള ഭരണഘടനയ്ക്കനുസൃതമായും, പരിശുദ്ധ സുനഹദോസ് നിയമങ്ങളോടും ചട്ടങ്ങളോടും വിധേയത്വം പുലർത്തിയും പുതിയ ഭരണഘടനയ്ക്ക് രൂപം കൊടുക്കുന്നതും, അതനുസരിച്ച് സഭാപ്രതിനിധികളുടെയും, ട്രസ്റ്റിമാരുടേയും, ഇടവകകൈക്കാരൻമാരുടേയും തെരഞ്ഞെടുപ്പ് നടത്തി സഭാപ്രവർത്തനം സുഗമമാക്കുന്നതുമാണ്.

സിവിൽകോടതികളിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾ ബന്ധപ്പെട്ട കക്ഷികൾ പിൻവലിക്കും. അതിനാവശ്യമായ കോടതി നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് നിങ്ങളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

കഴിഞ്ഞ നിരവധി വർഷങ്ങളായി സഭയിലെ ഇരുകക്ഷികളിലേയും സമാധാനകാംക്ഷികളായ വിശ്വാസികൾ ഐക്യത്തിനുവേണ്ടിയുള്ള തങ്ങളുടെ അഭിവാഞ്ഛയുടെ സഫലീകരണത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നുവല്ലോ. നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഇപ്പോൾ ഉത്തരം ലഭിച്ചിരിക്കുകയാണ്. നിങ്ങളുടെ പ്രത്യാശാനിർഭരമായ പ്രവർത്തനങ്ങൾ ഫലപ്രാപ്തി കൈവരിച്ചിരിക്കുന്നു. സഭയിൽ ഐക്യം നിലനിന്ന് കാണാൻ ആഗ്രഹിച്ച നിരവധി സഭാസ്നേഹികൾ ഈ സന്തോഷാവസരത്തിന് സാക്ഷ്യം വഹിക്കാൻ സാധിക്കാതെ മൺമറഞ്ഞുപോയി. സഭയുടെ പ്രസക്തമായ ദൗത്യനിർവ്വഹണത്തിന് അവരുടെ മാതൃകയും നല്ല ഓർമ്മയും ജീവിച്ചിരിക്കുന്ന സഭാംഗങ്ങൾക്ക് ഉത്തേജനം നൽകട്ടെ.

ദൈവഹിതത്തിന് വിപരീതമായി ഭിന്നിച്ച് നിൽക്കുകയും, തൽഫലമായി സമൂഹത്തിൽ ദൈവസമാധാനത്തിന് സാക്ഷ്യം വഹിക്കുന്നതിൽ വീഴ്ച വരുത്തുകയും, പ്രവർത്തനസാദ്ധ്യതകളെ അവഗണിക്കുകയും ചെയ്ത വലിയ അപരാധത്തെയോർത്ത് നമുക്ക് പശ്ചാത്തപിക്കാം. ദൈവത്തോടുള്ള അനുസരണത്തിലും സമൂഹത്തോടുള്ള പ്രതിബദ്ധതയിലും കൂടുതൽ ഉത്തരവാദിത്വത്തോടും നിശ്ചയദാർഢ്യത്തോടും കൂടി പ്രവർത്തിച്ചുകൊണ്ടാണ് ഈ പശ്ചാത്താപം നാം പ്രകടമാക്കേണ്ടത്. ഇപ്പോൾ കരഗതമായിരിക്കുന്ന ഐക്യം ദൈവത്തിൻെറ ദാനമാണെന്നും ദൈവകൃപയിലാശ്രയിച്ച് ഐക്യം സുദൃഢമാക്കുവാൻ പരസ്പര വിശ്വാസത്തോടും, സ്നേഹത്തോടും, ബഹുമാനത്തോടും കൂടി ദൈവജനം പ്രവർത്തിക്കേണ്ടതാണെന്നും ഈ അവസരത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. പുറകോട്ട് നോക്കി വിജയാപജയങ്ങൾ വിലയിരുത്തുകയല്ല, ഭാവിയുടെ വിധാതാവും പ്രത്യാശയുടെ കേന്ദ്രവുമായ ദൈവത്തിൽ ദൃഷ്ടികൾ നട്ട് താഴ്മയോടുകൂടി പുതിയ പ്രവർത്തനമേഖലകളിലേക്ക് തിരിയുകയായിരിക്കും സഭ ചെയ്യുക. മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന പൊള്ളയായ അവകാശവാദങ്ങളും അമിതമായ ആഹ്ലാദപ്രകടനങ്ങളും ഒഴിവാക്കി, ലഭിച്ച വലിയ കൃപയെ ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

ഒരു പക്ഷേ ഐക്യത്തിൻെറ ആദ്യ നാളുകൾ ശ്രമകരമായി നമുക്ക് അനുഭവപ്പെട്ടേക്കാം. മൂന്നു ദശകത്തിലേറെക്കാലം കലഹിക്കുകയും പരസ്പരം കുറ്റമാരോപിക്കുകയും ചെയ്തവർ ഒത്തു ചേരുമ്പോൾ പലവിധത്തിലുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ഉണ്ടാകുക സ്വാഭാവികമാണല്ലോ. അത്തരം സന്ദർഭങ്ങളിലെല്ലാം 'തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്ന' യേശുവിൻെറ ജീവിതരീതി നമുക്ക് മാതൃകയായിരിക്കട്ടെ. "ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിൻെറ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിൻെറ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏക മനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എൻെറ സന്തോഷം പൂർണ്ണമാക്കുവിൻ. ശാഠ്യത്താലോ ദുരഭിമാനത്തിലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവൻെറ ഗുണവും കൂടെ നോക്കണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ". (ഫിലിപ്പിയർ 2: 1-5) എന്ന പൗലൊസ് അപ്പൊസ്തലൻെറ പ്രബോധനം നമുക്ക് പാഠമാക്കാം. നമ്മെ ഭിന്നിപ്പിക്കുന്ന ശക്തികൾ എത്രയോ നിസ്സാരം; എന്നാൽ നമ്മെ ഒന്നിപ്പിക്കുന്ന ശക്തികൾ എത്രയോ വലുതും വളരെയുമാണ്! അനുഞ്ജിപ്പിക്കുന്നവനും മുറിവുണക്കുന്നവനും ദൈവമാണ്. ആ ദൈവകൃപയിലാശ്രയിച്ച് ധൈര്യത്തോടും പ്രത്യാശയോടും കൂടി നമുക്ക് സഭയുടെ പ്രവർത്തനം മെച്ചപ്പെടുത്താം.

ഐക്യചർച്ചകൾ ഫലപ്രാപ്തി കൈവരിക്കുന്നതിന് നമ്മുടെ ട്രസ്റ്റിമാർ നിസ്തുലമായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്, ദൈവം അവർക്ക് തക്കപ്രതിഫലം നൽകട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഐക്യപ്രതീക്ഷകൾക്ക് മങ്ങലേൽക്കുമ്പോഴൊക്കെ കാലാകാലങ്ങളിൽ നമ്മുടെ യുവജനങ്ങൾ യുവസഹജമായ നിർബന്ധ പ്രേരണകൾകൊണ്ട് ഞങ്ങളെ വെല്ലുവിളിക്കാറുണ്ട്. സഭയുടെ ദൗത്യനിർവഹണം കാലാനുസൃതമായി പ്രസക്തമാക്കുന്നതിനും ഇതേ മനോഭാവം പുലർത്തുവാൻ അവർക്ക് സാധിക്കട്ടെ. സഭയിൽ സമാധാനവും ഐക്യവും നിലനിർത്തുവാൻ നമ്മുടെ മഹിളാസമാജത്തിൻെറ നിരന്തര പ്രാർത്ഥനായജ്ഞങ്ങളും സഹായകരമായിരുന്നിട്ടുണ്ട്. നവംബർ 17-നു നാം ഐക്യദിനം ആഘോഷിച്ചു. വളരെ ചുരുങ്ങിയ സമയം കൊണ്ടാണ് അതിനു വേണ്ട ക്രമീകരണങ്ങൾ പൂർത്തിയാക്കിയത്. ആബാലവൃദ്ധം ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനംകൊണ്ടുമാത്രമാണ് അതു സാദ്ധ്യമായത്. ഈ സഹകരണം നമ്മുടെ സഭയുടെ അനന്തമായ സാദ്ധ്യതകളെ വിളിച്ചോതുന്നതായിരുന്നുവെന്ന് നിസ്സംശയം പറയാം. എല്ലാവരേയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ കൃപയും, പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ കൂട്ടായ്മയും നാമെല്ലാവരോടും കൂടെ എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ, ആമേൻ

മാർ തിമോഥിയോസ് മെത്രാപ്പോലീത്ത
മാർ അപ്രേം മെത്രാപ്പോലീത്ത
മാർ പൗലൊസ് എപ്പിസ്ക്കോപ്പ.

ത്രിശൂർ
26-11-1995


THE MOST MODERN INDIAN GROCERY STORE IN CHICAGO

**P & P ASIAN FOODS**

6030 S. CASS AVE, WESTMONT, IL 60559
Phone: (708) 719-1800 • Fax: (708) 968-6089

*For all your Indian Grocery needs, please visit our new store in Westmont, Located 2 blocks north of 63rd Street on Cass Ave. We have all selections of Fish, Meat and Grocery. Plenty of parking for your convenience. We accept Visa, Mastercard & Discover*

**Store Hours**

Monday Closed • Tuesday 11am to 8 pm
Wednesday 11am to 8pm. • Thursday 11am to 8pm
Friday 11am to 8 pm. • Saturday 10am to 8pm
Sunday 2pm to 8pm

# EDITOR CMAI JOURNAL INTERVIEWS

## DR. A.K. THARIEN
## CHRISTIAN FELLOWSHIP HOSPITAL, ODDANCHATRAM



വെല്ലൂർ മെഡിക്കൽ കോളജിൽ വർഷം തോറും നടക്കുന്ന വർണ്ണ ശബളമായ ഒരു പരിപാടി ആണ് ബിരുദ ദാന ചടങ്ങ്. വിവിധ ബിരുദങ്ങൾ സമ്പാദിക്കുകയും, അതീവ കഴിവുകൾ പ്രദർശിപ്പിക്കയും ചെയ്യുന്ന യുവതീ യുവാക്കളുടെ നേട്ടങ്ങളിൽ അഭിനന്ദനം രേഖപ്പെടുത്തുന്നതിനു മാതാ പിതാക്കൾ, ബന്ധുജനങ്ങൾ, സ്നേഹിതർ എന്നിവർ കോളജ് അധ്യാപകരോടും അധികാരികളോടും ഒത്തു ചേർന്ന് ഈ സംരംഭം മംഗളമാക്കുന്നു. ഏറ്റവും പ്രധാനപ്പെട്ടതു ഭാരതത്തിലെ തലമുന്തിയ ഏതെങ്കിലും ചിന്തകനെയോ നേതാവിനെയോ സുപ്രധാനമായ ബിരുദ ദാന പ്രഭാഷണം നടത്തുവാൻ ക്ഷണിക്കുക എന്നതാണ്. ആ പ്രാവശ്യം അവർ തിരഞ്ഞെടുത്തതു ത്യാഗം കൊണ്ടും ദീർഘസേവനം കൊണ്ടും ഒരു ഋഷിയെ വെല്ലുന്ന ത്യാഗസന്നദ്ധത കൊണ്ടും പുകൾച്ചയേറിയ ഒട്ടംചത്രം ഫെലോഷിപ്പ് ആശുപത്രി സ്ഥാപകനായ Dr.എ.കെ തര്യനെയാണ്. ആശുപത്രിയുടെ ചരിത്രവും സാക്ഷ്യവും തന്നെ. അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഒരു പ്രതിഫലനമാണ്. Dr. A.K. തര്യനും C.M.A.I Chaplain ആയിരുന്ന റവ.ഒ.എൻ. ചാക്കോയുമായി നടന്ന ഒരു അഭിമുഖം ആണ് പ്രസിദ്ധീകരിക്കുന്നത്.

എഡിറ്റർ.

### Qn:1. WHY DO YOU CALL YOUR ORGANISATION A FELLOWSHIP?

The word Fellowship is based on the scriptural principle of higher calling. It implies commitment to a higher purpose. In a Fellowship each member is committed to one another, affirms and supports actively another's calling. Fellowship implies a community life. Basically the idea started from a small prayer group which we used to call the "Fellowship Group". The other alternative name would have been 'An Ashram'. Ashram is a Hindu concept with strict disciplinary regime. Once we use that term we should also strictly adhere to the percepts of traditional Ashram and its practices. As we were not sure of the pattern, the members wanted to adopt, we thought that it was better to use a flexible and wider term, "Fellowship".

### Qn:2 WHAT ARE THE BASIC PRINCIPLES OF YOUR CHARITABLE SOCIETY

1. Members commit themselves for a living Christ centered witness and a common life style living in one campus.
2. Allowance to members is drawn to meet one's basic needs, not necessarily according to one's qualifications or market value. The disparity between highest and lowest pay in the institution run by the fellowship is not exceeding about three times the lowest.
3. Provision is made for the education of children of members and also other staff from funds assigned for staff children education. There is attempt towards a "common purse" in meeting financial needs from the common fund contributed by members.
4. Christian charity and unanimity are the basis of settling all debatable matters.
5. Simplicity in life style is also accepted though this is subject to individual decision with some variation. But generally the standard of the average person in the community we serve is taken as standard of life style.

### Qn:3 HOW DID YOU FORM THE FELLOWSHIP?

In Miraj where I had my first medical studies, a few students used to get together every Saturday night for a time of prayer in a quiet open ground. It was a time when we used to share our joys and problems to one another. This was an experience of mutual strengthening and spiritual support. Years went by, a time came when we had to leave Miraj after our studies and training.

The question came as to what to do with our lives. Where to go? How do we respond to the rare opportunity and privilege we had to become doctors. Three options appeared before us. One was to stay back in Miraj and try to build up that place to raise it into a medical college, so that we can train generations of doctors and other health professionals. Second option was to go to some of the dying christian mission hospitals and revive them as foreign missionary doctors were leaving India after India's independence. The last option was to go out into very needy, neglected and remote areas and start work as an adventure of Faith. Finally we chose the last. Some in our group were keen on going to North India under the leadership of Dr. P.A Abraham. Some thought of the South. I was the senior in the group that opted south and they entrusted me to find out a needy place. So I accepted a job in the C.S.I. mission hospital in Kancheepuram near Madras.

As I was searching for a place a travelling evangelist Bro.Raj told me of a very backward rural area between Dindigul and Palani 60 KM. apart where there is no qualified doctor nor a hospital. During this period I met Rev.Dr.R.R.Kaithahn working in Gandhigram and whom I knew while I was a university student through the S.C.M. He said he has in mind two places, most needy in Tamil Nadu, one was Ramanad and the other Oddanchatram. When I heard Rev.P.John Varghese was near this place I contacted him also. An immediate response came from him saying that he was praying about starting a medical centre in or around the Pilgrim centre, Palani. He suggested that we pitch our camp at Palani town and visit oddanchatram three or four times a week. Otherwise one cannot survive in the famine stricken village, Oddanchatram, where there is no electricity or water supply. But we thought we should share the life of the villagers and serve them.

### Qn:4 WHAT MADE YOU TO COMMIT YOURSELF TO BE A MISSIONARY DOCTOR?

There are various factors. I grew up

in a loving christian family. My mother had no issue for some years after marriage. She used to tell me that I was an answer to the prayers of my parents. My parents dedicated me to the work of an evangelist.

There was two occasions when I made a personal commitment surrendering myself to Jesus Christ. The first event was when I was sixteen years, I was seriously afflicted with typhoid fever. The other was at a retreat conducted by Late Bishop Abraham Marthoma when I was in the final year in the university at twenty-two years of age.

**Qn:5 HOW LARGE IS YOUR MINISTRY OF HEALING?**

From a small beginning in a thatched shed, over the last 40 years, it has steadily developed into a 270 bed hospital with 700 out patients a day with various specialised departments. There are 43 doctors about half of whom are post graduates. There is also a large community health and development programme covering 19 villages around Oddanchatram. We have also a training programme for general nursing, multipurpose laboratory technology, post graduate diploma course for doctors (Dip. NB) as well as CMAI course for family medicine. A couple from our fellowship(Dr.&Mrs.Cherian) had gone to develop our branch centre in Ambilikkai from a leproy and tuberculosis centre to a larger project which has now become a separate society.

**Qn:6 TO WHOM DO YOU GIVE CREDIT FOR THE GROWTH?**

**ARE YOU SUPPORTED BY DONOR AGENCIES?**

We do not accept any kind of foreign aid and depend entirely on local resources in material and personnel.

It is the grace of God along with those who reponded to his calling to serve with minimum facilities. It is the sweat, blood and tears of these dedicated, humble and sincere people who shared their life in the labour of love through the years. For example a post graduate consultant draws a meagre Rs.4000/- per month. This kind of contribution and other cost effective measures help in funding the support of 15 to 20% charity patients.

**Qn:7 HOW DO YOU ENVISAGE THE FUTURE?**

This is an adventure of Faith. We seek God's guidance in every step we take in meeting the felt need from time to time. We resist the temptation to expand. We hope our centre will serve as a launching spring board for young people to launch out into the needy areas specially in the North. Groups have already gone to Orissa, Assam and other places. They had also had hard times to start with but God has blessed them to be His witness in the holistic healing and development of people.

**Qn:8. WHAT IS YOUR MESSAGE TO YOUNG PEOPLE?**

If one commits his or her life to Christ, there is great fulfilment in serving Him either in mission field or in a secular set- up or in pursuit of scientific medicine but one should be careful not to fall into the trap of commercialisation of medical profession or acquisition of wealth for oneself. One may not have all the answers immediately. But He will lead one, step by step, grace upon grace to have the great joy and satisfaction in following the great Master Physician.

**IS CSI GOING.....**

11-ാം പേജിൽ നിന്നും തുടർച്ച

``.......We have put you in contact with our historically related mission partner churches, so that you may affiliate and grow in partnership with them in the mission of the Churches (sic) in that part of our world, and at the same time witnessing as congregations to the unity of the Churches (sic) in North America and throughout the world''. (Moderator Most Rev. Dr. Victor Premsagar, January 1992). Do we see a regression, instead of a progression? How can we relate to the local churches in the U.S. and Canada, if there cannot be a demonstrated and practical unity among the CSI leaders? Are the CSI leaders encouraging the CSI congregations in the U.S. and Canada toward the goal of establishing relationship with the local churches, instead of maintaining the isolation, and segregation among Christians? This was a concern expressed by the then Moderator Premsagar, quoting the participants of the Lambeth conference, who have reportedly expressed their surprise at the tendency of the CSI (who are being praised for its fervor for unity) congregations to isolate themselves from the rest of the Christians in the U.S. and Canada.

The big question is: is it socially, psychologically and spiritually healthy for our generations in North America to remain isolated from the mainstream Christian Society? ●




ന്യൂ വിഷൻ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത് സുഹൃത്തുക്കൾ നൽകുന്ന സംഭാവനകളിൽ കൂടിയാണ്. ഓരോ ലക്കവും പുറത്തു വന്നതിനുശേഷമാണ് അടുത്ത ലക്കത്തിനുള്ള പണസമ്പാദനം ആരംഭിക്കുക. കഴിഞ്ഞ ലക്കങ്ങൾ വായനക്കാർ ഹൃദ്യമായി സ്വാഗതം ചെയ്തതുകൊണ്ട് സാമ്പത്തിക പരാധീനതയില്ലാതെ പുറത്തിറക്കുവാൻ സാധിച്ചു. ഈ പ്രസിദ്ധീകരണം നിലനിൽക്കണമെന്നു ആഗ്രഹിക്കുന്നവർ നിർലോഭമായ സംഭാവനകൾ തന്നു സഹകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

ഒരു വർഷം, ന്യൂ വിഷൻെറ കോപ്പികൾ ഒരു വ്യക്തിക്ക് ഇന്ത്യയിൽ ലഭിക്കുവാൻ അമ്പതു രൂപയോളം ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എങ്കിലും മുപ്പതു രൂപ മിനിമം സംഭാവന നൽകുന്നവർക്ക് ന്യൂ വിഷൻ എത്തിച്ചു കൊടുക്കുക എന്ന നയമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. നിങ്ങൾ 30 രൂപ നൽകുമ്പോൾ, ഞങ്ങൾ 20 രൂപ മറ്റെവിടെനിന്നോ സംഭാവനയായി ശേഖരിക്കുന്നു. നിങ്ങൾ 50 രൂപ നൽകുമ്പോൾ പ്രസിദ്ധീകരണത്തിനു ചിലവാകുന്ന തുക നിങ്ങൾ തന്നെ വഹിക്കുന്നു. നിങ്ങൾ 100 രൂപ നൽകുമ്പോൾ നിങ്ങൾക്കു വേണ്ടി ചെലവാകുന്ന തുക നിങ്ങൾ വഹിക്കുന്നതോടൊപ്പം മറ്റു രണ്ടാളുകൾക്ക് സബ്സിഡൈസ്ഡ് (Subsidized rate) നിരക്കിൽ നൽകുവാൻ നിങ്ങൾ സഹായിക്കുന്നു.

എഡിറ്റർ

**ജീവിതത്തിൻെറ സമസ്തമണ്ഡലങ്ങളെയും ആവാഹിച്ചധീനമാക്കി, ലോക കമ്പോള പ്രക്രിയ സമഗ്രമായി മുന്നേറുകയാണ്. വീക്ഷണങ്ങളേയും ബന്ധങ്ങളേയും ചരിത്രത്തെ തന്നെയും മാറ്റിമറിക്കുന്ന ഈ പ്രക്രിയ മൗലികമായ ചില ധാർമ്മിക-നൈതിക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. കമ്പോള പ്രക്രിയ സമഗ്രമായി മനസ്സിലാക്കുവാനും അതു സൃഷ്ടിക്കുന്ന നൈതിക പ്രശ്നങ്ങൾക്കു പരിഹാരം തേടാനും വിവിധ സഭാ വിഭാഗങ്ങളിൽ നിന്നുള്ളുവർ ചേർന്ന ഒരു സമിതിയുടേയും വിചാര(മാവേലിക്കര)യുടേയും സംയുക്താഭിമുഖ്യത്തിൽ ഒരു എക്യുമെനിക്കൽ കൺസൾട്ടേഷൻ കോട്ടയം സോഫിയ സെൻററിൽ നടന്നു. അഭിവന്ദ്യരായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, ബിഷപ്പ് ഡോ. സാം മാത്യു, ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്ത, യുഹനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, ഡോ. എം. എ. ഉമ്മൻ, ഡോ. എസ്. പി. ശുക്ല (കേന്ദ്ര ഗവ. മുൻ ഫൈനാൻസ് സെക്രട്ടറി) പ്രൊഫ. നൈനാൻ കോശി, ഫാ. ശാമുവേൽ രായൻ, ഡോ. പി. സഖറിയ(വെല്ലൂർ), പ്രൊഫസർ മൈക്കിൾ തരകൻ, റവ. ഷാജൻ ഇടിക്കുള, റവ. സണ്ണി ജോർജ്, റവ. പ്രൊഫ. കെ. വി. പൗലോസ്, ശ്രീ ജോൺ കച്ചിറമറ്റം, ഡോ. എം. എ തോമസ് എന്നിവർ പ്രഭാഷകരായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ കേരളത്തിലെ മിക്ക സഭ വിഭാഗങ്ങളിൽ നിന്നുമായി, നിരവധി വൈദികരും, അത്മായ നേതാക്കന്മാരും പങ്കെടുത്തു. ക്രൈസ്തവ മൂല്യങ്ങളുടേയും വിശ്വാസത്തിൻെറയും അടിസ്ഥാനത്തിൽ ആഗോള കമ്പോളപ്രക്രിയ വിമർശന വിധേയമാകേണ്ടതിൻെറ ആവശ്യകത ബോധ്യമാക്കി പ്രസ്തുത സമ്മേളനം. പ്രബലമാദ്ധ്യമങ്ങളുടെ പ്രചരണത്തിനിടയിൽ കമ്പോളവത്കരണവുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുതകളെന്തെന്ന് തിരിച്ചറിയുക എളുപ്പമല്ല. ആ സാഹചര്യത്തിൽ, സമ്മേളനത്തിലെ പ്രഭാഷണങ്ങളുടെയും, ചർച്ചകളുടെയും സംഗ്രഹം ഇവിടെ പ്രസിദ്ധീകരിക്കുന്നു.**

# ആഗോള കമ്പോളമുയർത്തുന്ന

ആക്രമണോത്സുകമായ മാത്സര്യത്തിലും വിവേചന രഹിതമായ ഉദാരവത്കരണത്തിലും വേരുറച്ച ആഗോളവത്കരണം ഇന്നൊരു യാഥാർത്ഥ്യമാണ്. ഗതാഗതം, ആശയ വിനിമയം, ഉത്പാദനം എന്നീ മേഖലകളിലുണ്ടായ അത്ഭുതാവഹമായ സാങ്കേതിക നേട്ടങ്ങളാണ് ആഗോളവത്കരണ പ്രക്രിയയെ സുകരമാക്കിയത്. ഈ പ്രക്രിയ വാഗ്ദാനം ചെയ്യുന്ന സാമ്പത്തിക കാര്യക്ഷമതയും വൻ വളർച്ചയും പലരെയും സമ്മോഹിപ്പിച്ചിട്ടുണ്ട്. പക്ഷേ, അതു വരുത്തിവയ്ക്കുന്ന സാമൂഹിക അസ്വസ്ഥതയും, തൊഴിലില്ലായ്മയും ദാരിദ്ര്യവും വിവിധ ജനവിഭാഗങ്ങളുടെ പുറന്തള്ളലും ഭയപ്പെടുത്തുന്നതാണ്. സാമ്പത്തിക പരിണാമത്തിലെ ഒരനിവാര്യതയായി ഇതിനെ അവഗണിക്കുവാനാണ് പലരുടെയും തിടുക്കം. ഒരു വശത്ത് കാര്യക്ഷമത, വളർച്ച, സമൃദ്ധി, എന്നിവയുടെ വാഗ്ദാനം. മറുവശത്ത്, ദാരിദ്ര്യം, കഷ്ടപ്പാട്, മനുഷ്യതയുടെ മരണം. ഈ സങ്കീർണ്ണ സാഹചര്യം, ആഗോള വത്കരണ പ്രക്രിയയുടെ നാനാ വശങ്ങളേയും സംബന്ധിച്ച സൂക്ഷ്മമായ പഠനം ഒഴിവാക്കാനാവാത്ത കടമയാക്കി മാറ്റുന്നു.

'ആഗോള കമ്പോളത്തിൻെറ നൈതികത- ഒരു വിമർശനം' എന്ന വിഷയമധിരിച്ച് ഒരു എക്യുമെനിക്കൽ സമ്മേളനം വിവിധ സഭാവിഭാഗങ്ങളിൽ നിന്നുള്ളവർ ചേർന്ന ഒരു സമിതിയുടെയും 'വിചാര' (മാവേലിക്കര)യുടേയും സംയുക്താഭിമുഖ്യത്തിൽ കോട്ടയം സോഫിയ സെൻററിൽ നടന്നു. ആഗോളവത്കരണത്തിൻെറ സ്വഭാവവും പ്രത്യാഘാതങ്ങളും ആഴത്തിൽ മനസ്സിലാക്കാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിരുന്നു പ്രസ്തുത സമ്മേളനം.

കമ്പോള പ്രക്രിയ മനുഷ്യൻെറ വിശ്വാസങ്ങളേയും മൂല്യങ്ങളേയും ബന്ധങ്ങളേയും ജീവിതരീതികളെയാകെത്തന്നെയും മാറ്റിമറിക്കുകയാണ്. ജീവിതത്തിൻെറ സമസ്ത മണ്ഡലങ്ങളെയും ആവാഹിച്ചധീനമാക്കി കുതിക്കുന്ന ആഗോളവത്കരണം നിരവധി ധാർമ്മിക- നൈതിക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഈ പ്രശ്നങ്ങൾ ക്രൈസ്തവ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടത് അടിയന്തര ആവശ്യമായി തീർന്നിരിക്കുന്നു.

## പുതിയ ആത്മിയത

ഇന്നു നമ്മുടെ ചുറ്റുപാടും ഒരു പുതിയ ആത്മീയത ശക്തിപ്പെടുകയാണ്. കമ്പോളത്തെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ച ഒരു പുത്തൻ ആത്മികത. കമ്പോളമാണ് സർവ്വസ്വവും- കമ്പോള ഭക്തർക്ക്. മറ്റു ദർശനങ്ങളെയും വിശ്വാസങ്ങളെയും കീഴടക്കിയാണ്, കമ്പോള ആത്മീകത ആധിപത്യമുറപ്പിക്കുന്നത്. കമ്പോള വിരുദ്ധ ചിന്തയോ, യുക്തിയോ, ജീവിതരീതിയോ, സാധ്യമല്ലെന്ന അവസ്ഥ വന്നുചേരുന്നു. കമ്പോള മാസ്മരികതയിൽ മാനുഷമൂല്യങ്ങളും ബന്ധങ്ങളും തകർന്നു വീഴുന്നു.

മനുഷ്യന് ഒരു പുതിയ നിർവചനം തന്നെ ഉണ്ടാകുന്നു. 'നാം വാങ്ങുന്നതെന്തോ, അതാണു നമ്മൾ' നാം വിലയ്ക്കു വാങ്ങുന്ന ചരക്കു തന്നെ നമ്മെ നിർവ്വചിക്കുന്ന തലതിരിഞ്ഞ അവസ്ഥ. മനുഷ്യബോധത്തിൻെറ അഗാധതലങ്ങളെ ഉപഭോഗതൃഷ്ണയ്ക്ക് അടിമപ്പെടുത്തിയാണ് കമ്പോളഭക്തി സൃഷ്ടിച്ചെടുക്കുന്നത്. അതുകൊണ്ടുതന്നെ കമ്പോളത്തിൻെറ വിമർശനം രൂപപ്പെടുത്താനും മനസ്സിലാക്കാനും ഒട്ടും എളുപ്പമല്ല.

> **ഇന്നു നമ്മുടെ ചുറ്റുപാടും ഒരു പുതിയ ആത്മീയകത ശക്തിപ്പെടുകയാണ്. കമ്പോളത്തെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ച ഒരു പുത്തൻ ആത്മീകത. കമ്പോളമാണ് സർവ്വസ്വവും- കമ്പോള ഭക്തർക്ക്. മറ്റു ദർശനങ്ങളെയും വിശ്വാസങ്ങളെയും കീഴടക്കിയാണ്, കമ്പോള ആത്മീകത ആധിപത്യമുറപ്പിക്കുന്നത്.**

വാങ്ങുക- അതെന്തുമാകട്ടെ- അതായിതീരുന്നു പുതിയ ഭക്തിമാർഗ്ഗം. മനുഷ്യർ തങ്ങൾ വാങ്ങിയ ചരക്കുകളിൽ തങ്ങളെ തന്നെ തിരിച്ചറിയാൻ തുടങ്ങുന്നു. വിവിധ ഇനം ടൂത്ത് പേസ്റ്റുകളും, സോപ്പും,ചെരിപ്പുമൊക്കെ തിരഞ്ഞെടുക്കുവാനുള്ള അവസരം സ്വാതന്ത്ര്യമായി അനുഭവപ്പെടുന്നു. വൈവിധ്യമാർന്ന ചരക്കുകളിൽ നിന്നു തെരഞ്ഞെടുപ്പ് നടത്താനുള്ള സാധ്യത, സ്വാതന്ത്ര്യത്തിൻെറ നിർവചനമായി തീരുകയും ചെയ്യുന്നു.

## ആഗോളവത്കരണവും ദാരിദ്ര്യവും

കമ്പോളം നടത്തുന്ന ചൂഷണവും ജനലക്ഷങ്ങളുടെ പുറന്തള്ളലുമാണ് നമ്മുടെ ചർച്ചയെ വഴിമാറ്റി വിടുന്നത്. ആഗോളവകത്കരണവും ദാരിദ്ര്യവത്കരണവും തമ്മിൽ വേർപിരിക്കാനാവില്ല. ചൂഷണത്തിൽവേരൂന്നിയ പുത്തൻ സാമ്പത്തിക ക്രമത്തിൻെറ മുഖ്യവാഹനത്രേ ആഗോളവത്കരണം. ഇവിടെ, പഴയ കൊളോണിയൽ വ്യവസ്ഥിതിയിലെപ്പോലെ, പ്രത്യക്ഷ രാഷ്ട്രീയ ആധിപത്യമില്ല. പക്ഷേ, പൂർണ്ണ സാമ്പത്തിക അധീശത്വം ഉണ്ടുതാനും. കൂടുതൽ സങ്കീർണ്ണമായ ചൂഷണമാണിവിടെ നടക്കുന്നത്. അതുകൊണ്ട്, പലപ്പോഴും, ചൂഷകനെ തിരിച്ചറിയാനാകാതെ പോകുന്നു. അവർക്കെതിരായ ജനങ്ങളുടെ പ്രതിരോധം താമസിക്കുന്നതിന് അതിടയാക്കുകയും ചെയ്യുന്നു.

## മനുഷ്യരെ ഒഴിവാക്കുന്ന വികസനം

കമ്പോളത്തിനാധാരമായി വർത്തിക്കുന്ന ഒരു വികസന മാതൃകയുണ്ട്. കമ്പോളവും കമ്പോളത്തിലൂടെ ലാഭവും ഒരു പുതിയ കാര്യമല്ല. എന്നാൽ ഇന്ന്, സാമ്പത്തിക പുരോഗതിക്കും, അതിലൂടെ ജനക്ഷേമത്തിനും കമ്പോളമാണ് ഏകമാർഗ്ഗമെന്നു വന്നിരിക്കുന്നു. ഇത് അപകടകരമായ ഒരു വികസന സങ്കല്പമാണ്. ഇവിടെ സാമ്പത്തിക വളർച്ച മാത്രമാണ് ലക്ഷ്യം. സാമൂഹിക നീതിയും ജനങ്ങളുടെ പങ്കാളിത്തവും ലക്ഷ്യങ്ങളേ അല്ല. വളർച്ചയുടെ സാമ്പത്തിക ശാസ്ത്രം നീതീകരിക്കാത്തതൊക്കെ അനഭിമതവുമത്രെ. ഈ വളർച്ച, പക്ഷേ തൊഴിലവസരങ്ങൾ സൃഷ്ടി

ക്കുന്നില്ല. ഉള്ളവ നശിപ്പിക്കുകയും ചെയ്യുന്നു. ലാഭം മാത്രം ലക്ഷ്യമാക്കിയ ഉത്പാദന സമ്പ്രദായത്തിൽ മനുഷ്യർ വെറും പഴഞ്ചരക്കാണ്. ഒഴിവാക്കപ്പെടേണ്ടവർ! ഈ ക്രമത്തിൽ ലാഭമുണ്ടാക്കാനുള്ള അവകാശമാണ് പരമ പ്രധാനം. തൊഴിലിനോ, മനുഷ്യൻെറ അന്തസ്സിനോ ഉള്ള അവകാശങ്ങൾ പ്രധാനമല്ല. കുമിഞ്ഞു കൂടുന്ന സമ്പത്തിൻെറയും സമൃദ്ധിയുടേയും മധ്യത്തിൽ രൂക്ഷതരമാകുന്ന ദാരിദ്ര്യം, അടിസ്ഥാനപരമായി, ഒരു ധാർമ്മിക പ്രശ്നമാണ്.

## അറിവും ആരോഗ്യവും വെറും ചരക്കുകൾ

അക്ഷരവും അറിവും ആരോഗ്യവും ആഗോള കമ്പോളത്തിൽ വെറും ചരക്കുകളാണ്. ക്രയവിക്രയം ചെയ്യാനുള്ള വസ്തുക്കൾ, മനുഷ്യന് ആവശ്യമുള്ളതെല്ലാം കടകളിൽ വില്ക്കുകയും, വാങ്ങുകയും ചെയ്യാൻ കഴിയുന്ന വസ്തുക്കളാക്കുകയാണ് കമ്പോള പ്രക്രിയ ചെയ്യുന്നത്. വില്പനയുടെയും വാങ്ങലിൻേറയും ഏക ഉദ്ദേശ്യം ലാഭമുണ്ടാക്കുകയാണെന്നതുമാണ്. കമ്പോള പ്രക്രിയ മുന്നേറുമ്പോൾ അറിവും വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും വെള്ളവും വായും പോലും വില്പനയ്ക്കു വയ്ക്കപ്പെടുന്ന ചരക്കുകളായി മാറുന്നു. ഇവ ലാഭമുണ്ടാക്കാനുള്ള വില്പന വസ്തുകൾമാത്രമായിത്തീരുന്നു. ലാഭമുണ്ടാക്കാൻ കഴിയുന്ന ശാസ്ത്രവും സാങ്കേതിക വിദ്യയും മാത്രം സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. പേറ്റൻറ് സംവിധാനത്തിലൂടെ അറിവും വിജ്ഞാനവും ജനങ്ങൾക്ക് അപ്രാപ്യമാക്കിത്തീർക്കുന്നു. ജീവിതത്തെ നിലനിർത്താനും ധന്യമാക്കാനും അവശ്യം വേണ്ട വസ്തുക്കളെ വെറും വില്പന ചരക്കുകളാക്കുന്നത് അതിഗൗരവമായ നൈതിക പ്രശ്നമത്രേ.

> കമ്പോള നൈതികതയുടെ അടിസ്ഥാനമൂല്യങ്ങൾ ലാഭം, അധികാരം, മത്സരം, വെട്ടിപ്പിടിക്കൽ, എന്നിവയത്രേ. ജീവൻെറ നൈതികതയാട്ടെ ഇവയെല്ലാം തിരസ്കരിക്കുന്നു. മനുഷ്യജീവിതമാണ്, അതിൻെറ പരമ മൂല്യം. അതിനെ നിലനിർത്തുന്നതും ധന്യമാക്കാക്കുന്നതമാകട്ടെ, പ്രകൃതി സംരക്ഷണം എന്നിവയും.

നയത്തിന്നാധാരം ആഗോളകമ്പോളത്തിൻെറ ദർശനവും വീക്ഷണവുമാണ്. ഇത്, ഇപ്പോൾ തന്നെ കഷ്ടപ്പെടുന്ന ഭൂരിപക്ഷത്തിൻെറ മേൽ കൂടുതൽ മർദ്ദകമായ ഒരു വ്യവസ്ഥ കെട്ടിയേൽപിക്കുന്നു. ജനങ്ങളുടേയും സംസ്ഥാനങ്ങളുടെയും സ്വാതന്ത്ര്യം കവർന്നെടുക്കുകയും ചെയ്യുന്നു. കമ്പോളവത്കരണ പ്രക്രിയയിൽ നഷ്ടപ്പെടുന്നത് ഈ നാടിൻെറ പരമാധികാരമാണ്.

ആശങ്കാകുലമായ ഇന്നത്തെ സാഹചര്യത്തിൽ, പുറന്തള്ളപ്പെട്ടവരും ദരിദ്രരുമാണ് പ്രതീക്ഷാകേന്ദ്രം. ബദലിനും ഒരു പുതിയ സാമൂഹ്യക്രമത്തിനും വേണ്ടിയുള്ള അന്വേഷണത്തിലും പോരാട്ടത്തിലും അവർ തന്നെയാണ് പ്രത്യാശ. ഒരു ബദൽ മാതൃകയിലധിഷ്ഠിതമായ വികസനത്തിനും നീതിക്കും വേണ്ടിയുള്ള അവബോധവും പ്രക്ഷോഭവും ശക്തിപ്പെടുത്തിയേ, ധാർമ്മികവും നൈതികവുമായ ഉന്നത ലക്ഷ്യങ്ങൾ നേടാനാകൂ.

## രണ്ട് നൈതികതകൾ

ഈ ചർച്ച കമ്പോളത്തിൻെറ നൈതികതയും

## സഭ വഹിക്കേണ്ട സാക്ഷ്യം

ക്രൈസ്തവ സഭ ജീവൻെറ നൈതീകതയാണ് പ്രഖ്യാപിക്കേണ്ടത്. അത് സംരക്ഷിക്കാൻ, മറ്റു വിശ്വാസങ്ങൾ പുലർത്തുന്നവരും കമ്പോളത്തിൻെറ ധാർമ്മിക പ്രശ്നങ്ങളിൽ ഉൽകണ്ഠാകുലരുമായ എല്ലാ ജനങ്ങളുമായി സഭ സഹകരിക്കുകയും വേണം.

ഇന്നത്തെ വിഷണ്ണമായ സാഹചര്യത്തിൽ സഭ പ്രത്യാശയുടെ പ്രവാചക ദൗത്യം നിർവഹിക്കണം. ഒരു പുതിയ ദൈവശാസ്ത്ര ദിശാബോധത്തോടെ, പ്രതിജ്ഞാ ബദ്ധതയോടെ, ദരിദ്രരോടും പുറന്തള്ളപ്പെട്ടവരോടുമൊത്ത് പ്രവർത്തിക്കണം. സ്വാതന്ത്ര്യവും വികസനവും സംബന്ധിച്ച വികലധാരണകൾ തിരസ്കരിക്കുകയും അവയുടെ പ്രചരണോപാധികളെ വെല്ലുവിളിക്കുകയും വേണം.

വിദ്യാഭ്യാസം, ആതുരശുശ്രൂഷ, വികസനം എന്നീ മേഖലകളിലെ സഭയുടെ പ്രവർത്തനങ്ങൾ വിമർശനപരമായ പരിശോധന അർഹിക്കുന്നു. കമ്പോള മൂല്യങ്ങൾ പ്രചരിപ്പിക്കുകയും കമ്പോള താത്പര്യങ്ങൾ സംരക്ഷിക്കുകയുമാണോ സഭ ചെയ്യുന്നതെന്ന് അന്വേഷിക്കണം. വിദ്യാഭ്യാസവും ചികിത്സയുമൊക്കെ വല്പനച്ചരക്കാക്കുന്നത് ക്രൈസ്തവ ദൗത്യത്തിനു വിരുദ്ധമാണ്. അതുകൊണ്ട്, മനുഷ്യരുടെ ക്ഷേമത്തിലും സഹകരണത്തിലുമധിഷ്ഠിതമായ പുതിയ വികസന സങ്കല്പത്തിനനുസരിച്ച് സേവന, വികസന പ്രവർത്തനങ്ങൾ നവീകരിക്കാൻ സഭ തയ്യാറാകണം.

## ആഗോളകമ്പോളത്തിനെതിരെ ഒത്തു ചേരുക

ആഗോള കമ്പോള പ്രക്രിയയുടെ ഉത്തരവാദിത്വപൂർണ്ണവും അഭിജ്ഞവുമായ വിമർശത്തിന്,

# നൈതിക പ്രശ്നങ്ങൾ

## ഭൂമിശാസ്ത്ര അതിർത്തിയുടെ മാത്രം സുരക്ഷിതത്വം

ഇന്നു നിലവിലുള്ള വികസന ശാസ്ത്രം സുരക്ഷിതത്വത്തെ നിർവചിക്കുന്നത് സൈനികാടിസ്ഥാനത്തിലാണ്. അത് ആയുധവത്കരണത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു. ആയുധോപകരണങ്ങളുടെ കച്ചവടം ലോക കമ്പോളത്തിലെ പ്രധാന ഇനമാണ്. മനുഷ്യ സുരക്ഷിതത്വമാണ് ഇന്ന് അപകടത്തിൽ. മനുഷ്യ സുരക്ഷിതത്വത്തിൻെറ അടിസ്ഥാനം, ഭക്ഷണസംബന്ധവും, പാരിസ്ഥിതികവും, ജീവസന്ധാരണപരവുമായ സുരക്ഷിതത്വങ്ങളാണ് ആഗോള കമ്പോളത്തിൻെറ യുക്തി, ഭൂമിശാസ്ത്ര അതിർത്തി സംബന്ധിച്ച സുരക്ഷിതത്വം മാത്രമേ അംഗീകരിക്കുന്നുള്ളു. നീതിയിലും പങ്കാളിത്തത്തിലുമധിഷ്ഠിതമായ സുരക്ഷിതത്വത്തെ അത് അവഗണിക്കുകയും ചെയ്യുന്നു.

'വികസന'ത്തിന് ഒരു പുതിയ നിർവ്വചനം വേണം. എല്ലാ ജനങ്ങളുടെയും, വിശിഷ്യാ, പുറന്തള്ളപ്പെട്ടിരിക്കുന്നവരുടെയും സർഗസാധ്യതകൾ പുഷ്പിക്കാനനുവദിക്കുന്നതും അവരുടെ സ്വാതന്ത്ര്യം വിപുലമാക്കുന്നതുമായ ഒരു വികസനമാണ് ഇന്ന് ആവശ്യം.

ഇന്ത്യയുടെ പുത്തൻ സാമ്പത്തിക

ജീവൻെറ നൈതികതയും തമ്മിലുള്ള വ്യത്യാസം പ്രസ്പഷ്ടമാക്കുന്നു. കമ്പോള നൈതികതയുടെ അടിസ്ഥാനമൂല്യങ്ങൾ ലാഭം, അധികാരം, മത്സരം, വെട്ടിപ്പിടിക്കൽ എന്നിവയത്രേ. ജീവൻെറ നൈതികതയാകട്ടെ ഇവയെല്ലാം തിരസ്കരിക്കുന്നു. മനുഷ്യജീവിതമാണ്, അതിൻെറ പരമ മൂല്യം. അതിനെ നിലനിർത്തുന്നതും ധന്യമാക്കുന്നതുമാകട്ടെ, നീതി, സമാധാനം, തുല്യ പങ്കാളിത്തം, കൂട്ടായ്മ, പ്രകൃതി സംരക്ഷണം എന്നിവയും.

പ്രത്യാഘാതങ്ങളുടെ വിദഗ്ധമായ വിശകലനത്തിന്, കമ്പോളത്തിൻെറ ഭീഷണമായ ശക്തിയെ പ്രതിരോധിക്കുന്നതിന്, പ്രതീക്ഷയുടെ നാളങ്ങൾ തെളിക്കുന്നതിന്,ആഗോളകമ്പോളമുയർത്തുന്ന ധാർമ്മിക-നൈതിക പ്രശ്നങ്ങളിൽ അസ്വസ്ഥരായ എല്ലാവരും ഒത്തു ചേരുകയാണ് ഇന്നത്തെ കടമ.





വടക്കേ അമേരിക്കയിലെ സി.എസ്. ഐ കോൺഗ്രിഗേഷൻ കൗൺസിലിൻെറ പ്രതിനിധികളായി 25-ാമതു സി. എസ്. ഐ സിനഡിൽ (കോയമ്പത്തൂർ) സംബന്ധിച്ച സെക്രട്ടറി ഡോ. കോശിഇട്ടി ഐപ്പും (ഇടത്ത്) ട്രഷറർ മാത്യു ഇടിക്കുളയും (22 ഇടവകകൾ ഉള്ള ഈ കൗൺസിൽ മോഡറേറ്ററുടെ ഭരണനിയന്ത്രണത്തിലാണ്. ആദ്യമായാണ് ഈ കൗൺസിലിനു സിനഡിൽ പ്രാതിനിധ്യം കിട്ടുന്നത്).

-ഹിറ്റലറുടെ കിരാത ഭരണത്തിൽ പീഡനങ്ങളനുഭവിക്കേണ്ടി വന്ന ഒരു കുടുംബത്തിലെ അംഗമായ ശ്രീമതി ജൂലിയൻ എച്ച് ജോൺ, പഴയ കാല ഓർമ്മകൾ ഈ ലേഖനത്തിലൂടെ അയവിറക്കുന്നു. ശ്രീമതി ജൂലിയൻെറ പിതാവ് യഹൂദനായിരുന്നതിനാൽ യഹൂദർക്ക് ഏല്ക്കേണ്ടി വന്ന പീഡനങ്ങൾ ഇവരും അനുഭവിക്കേണ്ടി വന്നു. ക്രിസ്ത്യാനിയായി തീർന്ന പിതാവ് 1923 - 1937 വരെ ജർമ്മൻ ഇവാഞ്ചലിക്കൽ സഭയിലെ വൈദികനായി സേവനമനുഷ്ഠിച്ചു. ഹിറ്റലറിനെതിരെ പോരാടിയ കൺഫഷനൽ സഭയിൽ ചേർന്നു പ്രവർത്തിച്ചതിനാൽ കൂടുതൽ പീഡനങ്ങളനുഭവിക്കേണ്ടി വന്നു. നിർണ്ണായക ഘട്ടത്തിൽ ഇംഗ്ലണ്ടിലേക്ക് കുടിയേറുവാൻ സാധിച്ചു. തുടർന്നു ശ്രീമതി ജൂലിയൻ സി. എം. എസ്സിൻെറ പ്രവർത്തനങ്ങളിൽ പങ്കാളിയായി. ദക്ഷിണേന്ത്യയിലേക്ക് വന്ന ശ്രീമതി ജൂലിയൻ, ബാംഗ്ലൂർ, യു. റ്റി. കോളേജിൽ പഠിപ്പിച്ചു കൊണ്ടിരുന്ന മലയാളിയായ റവ. ഡോ. ഈ. സി. ജോണിൽ തൻെറ ഭർത്താവിനെ കണ്ടെത്തുന്നു. ഇത് 1956-ൽ. പിന്നീടു റവ. ഡോ. ഈ. സി. ജോൺ യു. റ്റി. കോളേജ് പ്രിൻസിപ്പലായി. 1993-ൽ റിട്ടയർ ചെയ്ത റവ. ഡോ. ഈ. സി. ജോണും കുടുംബവും ബാംഗ്ലൂരിൽ താമസിക്കുന്നു.

ജർമ്മനിയിലെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ സാഹചര്യങ്ങൾ, കൺഫഷനൽ സഭ, പ്രവാചക ദൗത്യം നിർവ്വഹിക്കുവാൻ തയ്യാറായ വിശ്വാസ വീരന്മാർ തുടങ്ങിയവ വിവരിക്കുന്ന ലേഖന പരമ്പരയുടെ രണ്ടാം ഭാഗം.

എഡിറ്റർ

# RESISTANCE IN THE THIRD REICH



## JULIANE H JOHN

Though many people are surprised to hear that there was a resistance within Germany against Hitler, it is not really surprising. Although by 1932 the N.S. Party had become the largest party, it never achieved absolute majority. In 1932, at the height of the Depression, N. S. votes were already decreasing. Even after Hitler had come to power in Mrach 1933, and amany had already been killed by the Nazi terror, the N. S. s could not gain the majority. This was particularly disappointing for Hitler, for he wanted to prove that the German people stood behind him like one man. Inspite of having been persecuted, manipulated and threatened, there were seven million voters for the Social Democrats, five million for the communists, four million for the Catholic Centre Party, and two million for smaller democratic parties. Such an election result was actually an act of resistance in itself, since the polling centres were heavily guarded by the SA brownshirts. Surely all these people would not simply accept the defeat of democracy or agree to the victory of a terrorist system!

But there were enough reasons for the defeat of democrac. The communists, strongest among the workers, had consistently fought against the democratic Weimar Republic, the government of Germany between the two World Wars, and against the Socialist party. All otehr parties were disunited and fighting each other. The Catholic and Protestant Churches had remained aloof from the Weimar Republic and had mostly remained conservative and nationalistic. The older Germans could not foget the monarchy and the authoritarian state under the Emperor. Many younger people looked down on the highly divided Republic and were dreaming of a genuine ``people's community'', and felt elated by words like ``Volk'' (the peopl), nation, ``Reich'' and ``Fuehrer''(leader). They particularly hated the Republic for having accepted the Peace Treaty of Versailles, with its unfair verdicts and punishments. The farmers were very disgruntled at their worsening conditons and joined the N. S. in large numbers. The Great Depression pushed the country into the arms of a social revolution. The demoralising effect of years of unemployment with no hope in sight drove millions of Germans to the edge of despair. Therefore, many more people voted for the N. S. party.

Many Christians welcomed Hitler's coming to power, and regarded it as a God willed change. They also felt reassured by his anti-Communist policy. The Catholics, who had so far been second class citizens, now felt proud at being fully accepted. To finally bring Hitler to power some elitist names were needed, like the newspaper magnate Hugenburg, nthe industrial giant Thyssen or the wily politician von papen and the former crown prince.

National Socialism was not a logical development coming directly out of the history of Prussia and Germany, but it did find fertile soil to thrive in. Most Germans had been accustomed to live under an authoritarian state, and they were increasingly critical or hostile to the democracy of the Weimar Republic. The liberal ways and disorder-- if not chaos-- of this first ever democratic government in Germany played into the hands of Hitler. For many Germans were only too ready to turn to a charismatic leader who claimed he could create order. They were happy to get a ruler who wanted obedience, discipline, and personal allegiance and Hitler had a landslide victory in 1933, with the majority of the Germans behind him.

Moreover, just as most Germans felt that the State had to be obeyed, this had been the teaching of the Churches too. The State was put by God. But the Church int he Third Reich found itself in a very difficult situation, for Hitler wanted to used the churches for his prupose of creating a National Socialist religion. Any nationalistic system needs religious fervour, so they adulterated Christian religion, cleansed it of all Jewish elements, included a German God and hero Jesus, and even put a picutre of Hitler on the altar to be worshipped. Thus many Church members and pastors were forced to be in the opposition and learnt how to resist fearlessly the control by the Nazis, the persecution by the Gestapo and the ruthlessness of the SS.

The world ``resistance'' nevertheless sounded strange to most German ears. Many did not know its meaning.

The resistance within Germany was never an organised public movement. In fact, it had to function in secret, in small groups or through individual effort. This was becaise most Germans had become loyal National Socialists; the N. S. party could expect support and help fromt he local population. Anyone who disagreed was regarded as a traitor. It is clear, therefore, that it was dangerous to life to belong to the resistance, even to the life of one's family. The Nazi apparatus had been

Continued to page 21

# കൺവഷനുകളുടെ ശൈലി മാറണം

ക്രൈസ്തവ കൺവൻഷനുകൾ ഹിന്ദു മൗലിക വാദികളുടെ ആക്രമണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മതമൗലികവാദം ശക്തി പ്രാപിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കും. പ്രത്യേകിച്ചും ഭൂരിപക്ഷ വർഗ്ഗീയ ചിന്ത കൂടുതൽ അപകടകരവുമാണ്. പത്തനംതിട്ട ജില്ലയിൽ ഉണ്ടായ സംഭവങ്ങളുടെ വെളിച്ചത്തിൽ സ്വയംവിമർശനത്തിനു സഹായിക്കത്തക്ക രീതിയിലാണ് ഈ കുറിപ്പ്. കൺവൻഷനു നേരെയുണ്ടായ അക്രമണത്തെ ശക്തിയായി അപലപിക്കുന്നതോടൊപ്പം ചില വസ്തുതകൾ സ്വയം വിമർശനത്തിനു അവതരിപ്പിക്കട്ടെ.

കൺവൻഷൻ പ്രസംഗങ്ങളിൽ പൊതുവെ നടക്കുന്നത് താഴെ പറയുന്ന ചില കാര്യങ്ങളാണ്.

1 ക്രിസ്തുമതത്തെ മറ്റു മതങ്ങളുമായി താരതമ്യം ചെയ്തു ക്രിസ്തുമതം മറ്റുള്ളതിനേക്കാൾ മികച്ച മതമാണെന്നു സ്ഥാപിക്കുന്നു.

2 ഹിന്ദുമതത്തിൽ നിന്നോ മറ്റു മതങ്ങളിൽ നിന്നോ മതപരിവർത്തനം ചെയ്തവരുടെ സാക്ഷ്യങ്ങൾ അവതരിപ്പിക്കുന്നു.

3 ക്രൈസ്തവരുടെ ദൈവം ജീവനുള്ള ദൈവമാണ്. മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. മറ്റ് മതങ്ങളുടെ ദൈവങ്ങൾ മരിച്ചിട്ടും ഉയിർത്തെഴുന്നേറ്റിട്ടില്ലെന്നു സ്ഥാപിക്കുന്നു.

4 രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യന് ഭൂമിക്ക് കീഴെ യേശുക്രിസ്തുവിൽ കൂടിയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലായെന്നു പ്രഖ്യാപിക്കുക.

5 യേശുവിൽ വിശ്വസിച്ചാൽ അത്ഭുത രോഗശാന്തിയുണ്ടാകും എന്നു രോഗികളെ ഉദ്ബോധിപ്പിക്കുക. രോഗശാന്തി ശുശ്രൂഷകൾ കൺവൻഷൻെറ ഭാഗമായി മാറിയിട്ടുണ്ട്.

ഇത് പല വിധത്തിലും പല ശൈലിയിലും നടക്കുന്നു. ഇത്തരത്തിലുള്ള പ്രസംഗ ശൈലികൾ ഹൈന്ദവ മൗലിക വാദികൾ ചോദ്യം ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു. ഇടയാറന്മുളയിലും, ഇരവിപേരൂരും, നാരങ്ങാനത്തും നടന്ന കൺവൻഷനുകളിൽ ഹൈന്ദവ മൗലിക വാദികൾ കയറി അടിക്കുകയും, മതസൗഹാർദ്ദം തകരാറിലാവുകയും ചെയ്തിരിക്കുകയാണ്.

ബഹുമത സമൂഹത്തിൽ, മൗലിക വാദം ശക്തിപ്പെടുമ്പോൾ സംഘർഷത്തിനുള്ള സാധ്യതകൾ വർദ്ധിക്കും. ക്രൈസ്തവ മൗലിക വാദവും ഹൈന്ദവ മൗലീകവാദവും അപകടകരമാണ്. മറ്റുള്ളവരുടെ വിശ്വാസങ്ങളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് ആരോഗ്യപരമായ വളർച്ചക്ക് അനിവാര്യമാണ്. അതു കൊണ്ട് കൺവൻഷൻ പ്രസംഗ ശൈലിയിൽ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. പല വിധത്തിലുള്ള ജനങ്ങൾ കേൾക്കുന്ന ഈ പ്രസംഗങ്ങളിൽ പ്രകോപനപരമായ വാചകങ്ങൾ ഉണ്ടാവരുത്. ഗുണപരമായ മൂല്യമുള്ള ജനതയെ സൃഷ്ടിച്ചെടുക്കുവാൻ സഹായിക്കുന്ന രീതിയിൽ കൺവൻഷൻ ശൈലി മാറ്റിയില്ലെങ്കിൽ ഒരു ചടങ്ങെന്ന നിലയിൽ നിന്നു മാറില്ല.

## ഹിന്ദു സമ്മേളനം

7-1-96-ൽ ഇടയാറന്മുളയിൽ ഹൈന്ദവർ പങ്കെടുത്ത ഒരു മഹാസമ്മേളനം നടക്കുകയുണ്ടായി. കൺവൻഷൻ ആക്രമണത്തോടനുബന്ധിച്ച് ഹിന്ദുക്കളെ പോലീസ് കസ്റ്റഡിയിൽ എടുക്കുന്നതിനെതിരെയുള്ള ഒരു പ്രതിഷേധപ്രകടനം കൂടിയായിരുന്നു അത്. ഹൈന്ദവാചാര്യന്മാർ, ഹിന്ദു ഐക്യവേദി നേതാക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പ്രസംഗിച്ചു. പ്രസംഗങ്ങളുടെ ചുരുക്കം ഇപ്രകാരം സംഗ്രഹിക്കാം.

1) ഹിന്ദു ദേവി ദേവന്മാരെ അധിക്ഷേപിച്ചു കൺവൻഷനിൽ പ്രസംഗിച്ചു. മാർത്തോമ്മാ സഭയുടെ ചുമതലപ്പെട്ടവർ വേദിയിലിരുന്നു വേണ്ട പ്രോത്സാഹനം നൽകിയതല്ലാതെ, പ്രസംഗം നിർത്തുവാൻ ആവശ്യപ്പെട്ടില്ല. ഇതിനെ ഇവിടത്തെ ഹിന്ദുക്കൾ ചോദ്യം ചെയ്തു. പത്തനംതിട്ട ജില്ലയിൽ ഇതൊരു തുടക്കമാണ്. ഞങ്ങളുടെ ദേവീ ദേവന്മാരെ അവഹേളിക്കുവാൻ ഞങ്ങൾ ആരെയും അനുവദിക്കില്ല.

2) ഇടയാറന്മുള മതസംഘട്ടനത്തിനു കാരണക്കാരനായ പ്രസംഗകനെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടില്ല. കൺവൻഷൻ പ്രസംഗത്തെ ചോദ്യം ചെയ്ത ഹൈന്ദവരെ പോലീസ് തെരഞ്ഞു പിടിച്ച് പീഡിപ്പിക്കുന്നു. ഇത് ശരിയായ നടപടിയല്ല.


3) കളക്ടറുടെയും, എസ്. പി.യുടെയും സാന്നിദ്ധ്യത്തിൽ നടന്ന മത സൗഹാർദ സമ്മേളനത്തിൽ, ജോർജ് അച്ചൻ ഹൈന്ദവരുടെ വികാരങ്ങളെ വ്രണപ്പെടുത്തിയതിൽ ക്ഷമാപണം നടത്തി. കൊലചെയ്തിട്ട് പോലീസിൻെറ മുമ്പിൽ ക്ഷമാപണം നടത്തിയാലെന്താ പ്രയോജനം?. ഇന്ത്യൻ നിയമമനുസരിച്ച് ശിക്ഷവാങ്ങിയേ പറ്റൂ. മതവിദ്വേഷം ഉളവാക്കുന്ന പ്രസംഗം നടന്നു എന്നു സമ്മതിച്ചപ്പോൾ ഉടനെ ആ വൈദികനെ അറസ്റ്റു ചെയ്യേണ്ടതാണ്. കളക്ടറും, എസ് പിയും അതിനു തയ്യാറായില്ല.

4) ഭാരതത്തെ സുവിശേഷീകരിക്കുവാൻ വിദേശത്തു നിന്ന് പണവും ആളും ഇന്ത്യയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. രണ്ടായിരാം ആണ്ടോടെ ഭാരതത്തിൽ സുവിശേഷീകരണം നടക്കണം എന്നാണവരുടെ പ്രതീക്ഷ. രണ്ടായിരാം ആണ്ടോടെ ഭാരതത്തിൽ ഹൈന്ദവവത്കരണമാണ് ഉണ്ടാവുക. വിദേശപണവും വിദേശിയരും ഇതിനായി ശ്രമിക്കേണ്ടതില്ല. മതമാറ്റത്തിന് ശ്രമിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് കുറ്റകരമാണ്.

## കൺവെൻഷനു നേർക്കുള്ള ആക്രമണം: പ്രതിഷേധമുയരണം: ...

12 ദിവസമായി ആഹാരം വെടി... ഞ്ഞ് പ്രാർത്ഥനയിലേർപ്പെട്ടിരുന്നവരെയാണ് തല്ലിച്ചതച്ചത്. പങ്കെടുത്ത എല്ലാ... ...രിക്കുണ്ട്. ലിജോ(13)

തിരു. ഫെബ്രു. 3: പത്തനംതിട്ട...യിൽ ക്രൈസ്തവ കൺവെൻഷനുനേ...രെ രണ്ടാമതും ആക്രമണ...



നാരങ്ങാനത്ത് ആർഎസ്എസുകാർ ക്രൈസ്തവ കൺവെൻഷനു നേരെ നടത്തിയ ആക്രമണത്തിൽ തകർന്ന പന്തലും വീടും

പത്തനംതിട്ട, ഫെബ്രു 2: ക്രൈസ്തവ കൺവെൻഷനുനേരെ വീണ്ടും ആർഎസ്എസ് ആക്രമണം. അമ്പതോളം പേർക്ക് പരിക്ക്.

പത്തനംതിട്ടയ്ക്കടുത്ത് നാരങ്ങാനത്താണ് വ്യാഴാഴ്ച രാത്രി എട്ടുമണിയോടെ സംഘടിത ആക്രമണം ഉണ്ടായത്. ആര്യങ്കൽ ജംഗ്ഷനുസമീപം വലിയകാലായിൽ വീടിൻെറ മുറ്റത്ത് ഉച്ചഭാഷി... കൺവെൻഷനിൽ കയറി ആക്രമണം നടത്താൻ ആർഎസ്എസുകാർക്ക് പ്രചോദനം നൽകിയത്.

ഹിന്ദു വർഗീയഭ്രാന്തന്മാർ നാട്ടിലെ സ്വൈര ജീവിതം തകർക്കാനും ന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തിനുനേരെ ആക്രമണം നടത്താനും നടത്തുന്ന നീക്കങ്ങളെ കണ്ണുംകെട്ടി നോക്കിയിരിക്കുകയാണ് ആൻറണ്... നടത്തിയത്. സ്ത്രീകളും കുഞ്ഞു...ടക്കം കൺവെൻഷനിൽ പങ്കെ...ടു...കൊണ്ടിരുന്ന 50 ഓളംപേർക്ക് പ...രിക്കു...പറ്റി. ക്രൈസ്തവ കൺവെൻഷ...നുനേരെ...മാരകായുധങ്ങളുമായി കടന്നും ആക്രമണം നടത്തുന്ന ആർഎസ്...എസി...ൻെറ നടപടി ഇതാദ്യമല്ല. കഴിഞ്ഞ ...നുംദിവസം മുമ്പ് ആറന്മുളയിൽ ...



# CONCEPTUAL SHIFT IN HIGHER EDUCATION - A CRITIQUE

**Dr. M.M. Thomas**

The conceptual shift in Higher Education which this Seminar is considering, I suppose, is the one that is reflected in the policy of the Government to permit Self-financing Colleges of Higher Education, specially meant for giving training in technical and managerial skills to those who can afford to by them. This however is not a shift merely in education. It is in fact an extension into the field of higher education of the government policy of globalisation, that is, of letting the global market decide the pattern of economic development of the nation without intervention from the government in the name of social justice, protection of natural environment or national self-reliance; it is a decision to make economic growth the ultimate criterion not only of economic development but also of social and cultural development of the peoples of the country. This calls for converting not only economic but also cultural and educational goods and services into commodities salable in the market for profit, and therefore producing such of them which have a demand from those consumers who have th most purchasing power. It is necessary therefore to evaluate this "ideology" of the market economy if we have to evaluate the commoditisation of education which is now adopted as government policy as a part of its policy of giving priority to economic growth.

Markets have been in existence in every society from old times. It was used by society as a means to achieve its social objectives. Even when Adam Smith made markets the providential order, it was never the only criterion for deciding economic activities. " The view that markets and the price signals they provide should be accepted as the only criterion for all economic decisions and actions became doctrine or ideology only much later", says CT Kurien (The Economy P.108). Even when market with its goal of economic growth became decisive for economic activities in capatalism, it was never accepted as decisive for the non-economic areas of social or cultural life. The ideologisation of the market which commoditised and valued everything including culture and morality in terms of its demand and price in the market, is more recent. After the disintergration of the socialist regimes of Eastern Europe it has become the dominant ideology globalised through the Brettonwood Institutions, the IMF and World Bank, in a unipolar world.

> If this is true, then technologies themselves need reshaping to make them acquire a human face and embody values of justice and community of life. It is this that gives relevance to the idea of "technology with a human face".

Of course, Individualism which elevates the individual as a law unto itself denying the larger dimension of personal fulfillment through responsibility to community and the mechanical materialistc view of the universe characteristic of the Newtonian age which denied the organic and spiritual dimensions of reality have been the ideological framework of the market from the beginning. But it is strange that they have become globally reaffirmed after all the Social Sciences have proved the social dimension of human nature beyond doubt, and after Einstein has brought about a revolution in the philosophy of even the physical universe, dispeacing the mechanical.

The Constitution of India formulated by the founding fathers of Indian nation-state has clearly laid down both in its Preamble and in its Directive Principles of State Policy, made politics and economics instruments of social objective, rather than the reverse. Justice, liberty, equality and frathernity, are the goals to which "we the people" commit ourselves in establishing the nation-state. The word "socialist" which was added later to indicate the character of the Indian Republic only clarified this. But the "socialist pattern of society" was the declared goal of the Nehru era. Further, education was conceived as an instrument to realize the goal of the casteless and classless society. The State shall "make effective provision for securing the right to work, to education" (Part IV.41), provide "free and compulsory education for all children" (45), and "promote with special care the educational and economic interests of the weaker sections of the people" (46). I am not saying that the Nehru era realized these goals. Far from it. But it never repudiated them as goals to be striven for. The shift today in th first place is in the ideology of the leadership of the nation-state and as a corollary in the objective of education. The ultimate commitment of the political community today is to the "ideology" of market economy with its prime objective of economic growth which inheres the promotion of class society with as much of the patriarchies and hierarchies of the traditional society and culture intact as is possible; and education is conceived as an instrument of this end.

Even in the meaning given to privatization of education there is an equivalent shift. Earlier, it was a call to private agencies to enter the field of education, at the primary level of helping the State in imparting education to the poorer sectiions of society and at the level of Higher Eduation in imparting liberal education for leadership of political democracy and social change. In fact the "fundamental duties" of citizens, (enshrined later in the Constitution), gave priority to the development of "scientific temper, humanism and the spirit of enquiry and reform" (Part IVA). Today the State is closing down State primary schools for the poor, nor are they interested in aiding private agencies to conduct such schools, because they see it as a costly exercise in social welfare which reduces money for investment in hitech development aimed at economic growth. Privatization today is for conducting self-financing techni-

cal and managerial professional colleges for the rich to take advantage of the TNC's hi-tech growth-oriented pattern of development.

The difference between education understood only as training in technical skills within the ideology of the economic growth and education for promoting a technical society within the framework of a culture of "scientific temper, humanism, and the spirit of enquiry and reform", is indeed great. It is the difference between promoting technical rationality which concentrates on "means" of living and promoting revolutionary rationality which examines critically the "ends" of living often embedded but hidden in the so-called neutal means. It is the difference between pursuing knowledge as power of the self to exploit neighbour and conquer nature to satisfy human greed and pride, and pursuing knowledge as power responsible to social and ecological justice and to the people whose welfare is affected by the exercise of that power.

The famous German woman liberation theologian Dorothee Solle in her essay on "A Christian Critique of Ideology" (*in Confronting Life: Theology Out of the* Context published by *ISPCK*) speaks about a German film by Lanzmann, where the technicians follow the instructions of the Nazi ideologists in building a suitable truck to gas the Jews, without any question, because they are interested only in scientific technology and "brushes aside all questions about side effects, victims and interests as unscientific". The technicians spoke technical words like load, loading, units, and operational period ignoring the meaning of these words in the context: (The "load" meant children, women and men in mortal terror. "Loading" meant the herding of these creatures by their executioners into the trucks using dog whips. The "units" were people who knew they were going to be killed. The "operation period" was the time during which the people utter death-cries as they suffocated from the gas). She comments, "As I see it, the technical experts or the managers who are totally free of ideology, are the ones who are gaining ground. And this supposed freedom of theirs from ideology and their detachment from traditional myths is at least as dangerous as the blinding of the masses by an outspoken ideology such as Nazism (p.33). Technocrats and Bureaucrats unconcerned with values can easily go along with Tyrants.

I must explain however my statement above of the so-called means which embodies but hides false ends under neutrality. No technological system is just neutral. It is always technology integrated with some end in its very structure. Therefore, an education that gives training in technical skills and do not help the trainees to examine and discern the false ends which may be hidden in the engineering the managing technology that they use, is no service to humanity. Gandhi used to insist that violence was embedded inl arge-scale technology. Vandana Shiva finds that much modern science and technology are patriarchal projects. Philosophy of knowledge affirm that scientific knowledge is the result of the subjective self observing objective purposes of the self, always plays a part in the knowledge attained. That part is greater in social science and social technology. It this is true, then technologies themselves need reshaping to make them acquire a human face and embody values of justice and community of life. It is this that gives relevance to the idea of "technology with a human face".

Any Higher Education which ignores discourse on knowledge of social objectives and human values must end in creating what the Radhakrishan Report on Higher Education calls a Rakshasa Raj. Of course you might well feel that this is the situation in our institutions of liberal education even today, and the new shift is only revealing the truth of our present situation. But realization of this truth is itself healthy if it calls for a proper response to the challenge of the situation.

(Paper presented at the consultation, organised by Kerala Council of Churches and Academic cell of Marthoma College.

Date 28-10-95 Place: Santinilayam Thiruvalla.)

## RESISTANCE IN........

From Page 18

perfected to spy on people, to denounce others and punish those who were not seen to be loyal. Many early resisters were liquidated.

Thus the memebrs of the resistance worked usually in strict isolation, with little contact with others. There were too many spies- at times, even family members could not be trusted. The characteristic feature of the German resistance (unlike similar movements in other countries) was that it was opposed to its own government, its own people.

Later in the war it became necessary to accept the fact that in order to overthrow Hitler and his government, meant accepting defeat and occupation by the enemy nations. As early as 1941, Helmuth von Moltke, leader of a famous resistance group-- the Kreisau Circle-- said that only a military defeat would bring a genuine solution. He said this at a time when Germany stood at the height of its power, and controlling almost the whole of Europe. Bonhoeffer, held the same view. These two ment ried to keep in touch with the British to obtain their cooperation. They and a few others felt that in the name of freedom and humaneness, Hitler had to be destroyed by all possible means.

The civil resistance was of two kinds. There were those who form the outset had been opposed to Hitler due to their won backgroung and prior convension-whether liberal or communist. Since they were in the resistance for years, many of them were gradually eliminated.

The second group of resistance fighters were quite different, and were often the most active fighters. In the beginning they had welcomed Hitler. They were oftern enthusiastic about his improvement of the conditions in Germany, and may have belonged to the N. S. party. Only when they gradually understood what Hitler was aiming at and saw his methods did they begin to oppose him. The immorality of his killing of the Jews, or of the populations in the invaded countries and of enemy soldiers; made them convinced opponents. Often their change of heart began with some non-conformist attitudes about things in daily life-- those with children might disagree with the new system of State education; or young people with having to join the Hitler Youth, after their own youth groups had been forbidden and dissolved. Church people objected to the many attempts by Hitler to gain control; teachers and workers reacted against the dissolution of their organisations, and agains tthe methods of indoctrination. These resisters realised more and more how it was impossible to show any disapproval of anything that was happening. They could not accept the ruthless disreagrd of anyone different; the frightening arrogance of the ``master race'' who believed that other people had no right to live, expect by doing slave labour. The pints of clear divergence that thus emerged are too many to be enumerated here.

# വായനക്കാർ സംസാരിക്കുന്നു

## മെത്രാൻമാരെയാണോ ക്രൂശിക്കേണ്ടത്?



ശ്രീ ജോസഫ് പുലിക്കുന്നേലിൻെറ ലേഖനം ഏതെങ്കിലും ഒരു അക്രൈസ്തവൻ വായിച്ചാൽ കേരളത്തിലെ ബിഷപ്പുമാരെല്ലാവരും വനം കൊള്ളക്കാരൻ വീരപ്പൻെറ സംഘത്തിൽപെട്ടവരാണെന്ന് കരുതിയാൽ അത്ഭുതപ്പെടാനില്ല. (ന്യൂ വിഷൻ ലക്കം 17) അദ്ദേഹം ബിഷപ്പുമാരെ കൊള്ളക്കാരുടെ ഒരു സംഘമായി ചിത്രീകരിക്കാൻ ബൈബിളിൽ നിന്നു വാക്യങ്ങൾ ഉദ്ധരിച്ച് ചാട്ടുളികൾ പോലെ അവരുടെ നേരെ അയയ്ക്കുന്നതു നോക്കുക. "..........കണ്ടാലും നിങ്ങളുടെ ദുഷ്പ്രവൃത്തികൾ നിമിത്തം ഞാൻ നിങ്ങളുടെ കാര്യം ഗൗരവമായി പരിഗണിക്കും. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്" (യിരെ.23:1-2) ബിഷപ്പുമാരെ താറടിക്കാൻ ഉപയോഗിച്ചിരുന്ന മറ്റൊരു വാക്യം വായിക്കുക. "ഏലിയാവ് ജീവിച്ചിരുന്നെങ്കിൽ....നിങ്ങളുടെ നെഞ്ചിനു നേരെ വിരൽ ചൂണ്ടി, 'നീ കൊല നടത്തുകയും പിടിച്ചെടുക്കുകയും ചെയ്യുന്നോ,' (1രാജാ.21:19) എന്ന് ആക്രോശിക്കുമായിരുന്നില്ലേ?

വാക്യങ്ങളൊന്നും ഉദ്ധരിക്കാതെ അദ്ദേഹം ബിഷപ്പുമാരേപ്പറ്റി പറയുന്നതു നോക്കുക. "ഇന്ന് സമൂഹത്തിലെ അഴിമതിയെക്കുറിച്ച് വാചാലരാകുന്ന മെത്രാൻമാരുടെ കൈകൾ അഴിമതിയുടെ കറപുരണ്ടതാണ് എന്ന് കേരളത്തിൻെറ സാമൂഹ്യാന്തരീക്ഷത്തെ ആഴമായി പഠിക്കുന്നവർക്കു മനസ്സിലാകും".

ഇതുപോലെ ഒരു ലേഖനം ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിലെ നേതാക്കന്മാരെ വേർതിരിച്ച് അവർക്കെതിരായി എഴുതാൻ പുലിക്കുന്നേൽ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. ബിഷപ്പുമാർ വഴക്കിനും, ഗുണ്ടായിസത്തിനും കേസിനുമൊന്നും പോകയില്ലെന്നുള്ള ധൈര്യമാണ് ഇത്ര പരുഷമായും നിന്ദ്യമായും എഴുതാൻ അദ്ദേഹത്തിന് ധൈര്യം നല്കുന്നത്.

ഏതു സഭയിലേതായാലും ശരി കേരളത്തിലെ ബിഷപ്പുമാർ പുലിക്കുന്നേൽ ആരോപിക്കുന്നതു പോലെ വ്യക്തികളായി അഴിമതിക്കാരാണെന്ന് കേട്ടിട്ടില്ല. ഇവർ സഭയുടെ പണം മോഷ്ടിച്ച് സ്വിസ്സ് ബാങ്കിൽ നിക്ഷേപിക്കുകയോ, പഞ്ചനക്ഷത്ര ഹോട്ടലുകളിൽ തിന്ന് കുടിച്ച് മദിച്ചു നടക്കുകയോ ചെയ്യുന്നതായി ആരും പറഞ്ഞ് കേട്ടിട്ടില്ല. വ്യക്തമായ ആരോപണങ്ങൾ നിരത്താതെ അദ്ദേഹം പിച്ചും പേയും പറയുകയാണ്. ബിഷപ്പുമാർ ആഡംബര പ്രിയരാണോ? അവർ കാറിൽ സഞ്ചരിക്കാതെ പഴയ കാലത്തെപ്പോലെ വില്ലു വണ്ടിയിലോ, സൈക്കിളിലോ ഈ കാലഘട്ടത്തിൽ സഞ്ചരിക്കണമോ?

ഒരു രാഷ്ട്രീയ പാർട്ടിയുടെ താലൂക്ക് ലവലിൽ ഉള്ള ഒരു നേതാവ് പോലും ഇന്ന് ട്രാൻസ്പോർട്ട് ബസ്സിൽ ഇടിയും തൊഴിയും കൊണ്ട് യാത്ര ചെയ്യുന്നില്ല അപ്പോൾ ബിഷപ്പുമാർ കാറിൽ സഞ്ചരിക്കുന്നത് അഴിമതിയോ ധൂർത്തോ ആണോ?

പുലിക്കുന്നേലിൻെറ ആക്രമണത്തിൻെറ കുന്തമുന മുഖ്യമായും ലക്ഷ്യമാക്കുന്നത് കത്തോലിക്കാ ബിഷപ്പുമാരെയാണെന്നും കരുതേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ പ്രധാന പരാതി സഭയിൽ 'അക്കൗണ്ടബിലിറ്റി' സമൂഹത്തോട് കണക്കു പറയാനുള്ള കടമ ഇല്ലെന്നുള്ളതാണ്. തീർച്ചയായും 'അക്കൗണ്ടബിലിറ്റി' ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. പുലിക്കുന്നേൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, "സമ്പത്തു വിനിയോഗിക്കുന്നതിനു ബജറ്റും വിനിയോഗം ചെയ്തു കഴിഞ്ഞാൽ......അതു സ്വതന്ത്രമായി പരിശോധിക്കുന്നതിന് നിഷ്പക്ഷരായ ഓഡിറ്റർമാരുമുണ്ടെങ്കിൽ" അഴിമതിയില്ലാതാകുമെന്ന് അദ്ദേഹം കരുതുന്നെങ്കിൽ തികച്ചും തെറ്റാണ്. ഉദാഹരണമായി കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന രണ്ട് പുസ്തക പ്രസിദ്ധീകരണശാലകളുടെ കാര്യം പരിശോധിച്ചാൽ മതി. ഒന്ന് സഹകരണ മേഖലയിലുള്ളതാണ്. തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഒരു സംഘം ഭരണത്തിന് മേൽ നോട്ടം വഹിക്കുന്നു. ചെലവാക്കുന്നതിനൊക്കെ ബില്ലും വൗച്ചറും, അക്കൗണ്ടിംഗും, ഓഡിറ്റിംഗും ഒക്കെ ഉണ്ട്. ഇതൊക്കെയുണ്ടായിട്ടും അഴിമതിയും, ധൂർത്തും ഉത്തരവാദിത്വമില്ലായ്മയും മൂലം ആ സ്ഥാപനം തകർന്നു തരിപ്പണമായിരിക്കുകയാണ്. എന്നാൽ ഇത്തരത്തിലുള്ള അഴിമതി നിർമ്മാർജ്ജന സംവിധാനങ്ങളൊന്നുമില്ലാതിരുന്നിട്ടും സ്വകാര്യ ഉടമസ്ഥതയിലുള്ളള പ്രസിദ്ധീകരണശാല ഉത്തരോത്തരം അഭിവൃദ്ധിയിലേക്കു നീങ്ങുന്നു. അപ്പോൾ ജനാധിപത്യ സംവിധാനവും അക്കൗണ്ടബിലിറ്റിയും ഒന്നും അല്ല അടിസ്ഥാന പ്രശ്നമെന്ന് വ്യക്തമാണ്. കേരളത്തിൽ വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന ആയിരക്കണക്കിനു സഹകരണ സൊസൈറ്റികൾ ഉണ്ട്. ഇവയൊക്കെ അഴിമതിയുടെ കൂത്തരങ്ങുകളായി തീർന്ന് നഷ്ടത്തിലോടുന്നത് ഓഡിറ്റിംഗും മറ്റു സംവിധാനങ്ങളും ഇല്ലാതിരിക്കുന്നതു കൊണ്ടല്ല. ഇവയിൽ 90 ശതമാനവും പത്തുപൈസപോലും ഡിവിഡൻറ് നൽകാതായിട്ട് ദശകങ്ങൾ കഴിഞ്ഞു. സത്യസന്ധതയ്ക്കും, സമർപ്പണത്തിനും സേവനസന്നദ്ധതക്കും പകരം വയ്ക്കാവുന്നതല്ല 'അക്കൗണ്ടബിലിറ്റി'. അക്കൗണ്ടബിലിറ്റിയില്ലാത്തതു കൊണ്ട് മദർ തെരേസയുടെ സ്ഥാപനങ്ങൾ തട്ടിപ്പും വെട്ടിപ്പും നടത്തുന്ന സ്ഥാപനങ്ങളാണെന്ന് ആരും പറയുകയില്ല.

കത്തോലിക്കേതര സഭകളുടെ ഉടമസ്ഥതയിൽ നടക്കുന്ന പല ആശുപത്രികളും, പ്രസ്സും മറ്റു സ്ഥാപനങ്ങളും കാര്യക്ഷമതാരാഹിത്യവും, അഴിമതിയും മൂലം തകരുകയോ, തകർച്ചയുടെ വക്കിൽ എത്തിനിൽക്കുകയോ ചെയ്യുന്നു. ഇവയുടെയൊക്കെ മേൽ നോട്ടം വഹിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഘവുമുണ്ട്. മെത്രാൻമാരും ബിഷപ്പുമാരും കയ്യിട്ടു വാരുന്നതുകൊണ്ടാണ് അവ തകരുന്നതെന്ന് ആരും പറയുകയില്ല. എന്നാൽ കത്തോലിക്കാ സഭ നേതൃത്വം നല്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് കാര്യക്ഷമമായി നടക്കുന്നത്. എന്നിട്ടും പുലിക്കുന്നേൽ നിരുത്തരവാദപരമായി തട്ടിവിടുന്നത് ശ്രദ്ധിക്കുക. സത്യ ദീപത്തിൽ ഇടയലേഖനം പ്രസിദ്ധീകരിച്ചത് ആഹാബ് രാജാവിനും ഇസബേൽ രാജാവിനുമെതിരെ വിരൽ ചൂണ്ടി നിൽക്കുന്ന ഏലിയാപ്രവാചകൻെറ ചിത്രത്തോടു കൂടിയാണ്. ഇതേപ്പറ്റി അദ്ദേഹം പറയുകയാണ്, "തങ്ങളിറങ്ങി പ്രവർത്തിക്കുന്ന സമസ്ത സാമൂഹിക മേഖലകളിലും അഴിമതിയുടെ വിഷവിത്തു വിതക്കുന്ന മെത്രാൻമാർക്കും സഭാധികാരികൾക്കും നേരെ വിരൽ ചൂണ്ടി നിൽക്കുന്ന ഏലിയായെയാണ് വരയ്ക്കേണ്ടിയിരുന്നത്." ഇടയലേഖനം ഇറക്കിയ മെത്രാൻമാരുടെ ഉദ്ദേശ ശുദ്ധിയെപ്പോലും ചോദ്യം ചെയ്യുന്ന പുലിക്കുന്നേലിൻെറ ധിക്കാരം നോക്കുക. "പൊതു സമൂഹത്തിലെ അഴിമതിക്കെതിരെ പ്രവാചക കുപ്പായം എടുത്തണിഞ്ഞ് സഭക്കുള്ളിലെ അഴിമതിക്കുമേൽ കരിമ്പടം വിരിക്കാനുള്ള ഒരു തന്ത്രം മാത്രമാണ് ഈ അഴിമതി വിരുദ്ധ സംയുക്ത ഇടയ ലേഖനം എന്നു തോന്നുന്നു."

പുലിക്കുന്നേലിൻെറ മറ്റൊരാരോപണം ബിഷപ്പുമാർ, "റോമാ സാമ്രാജ്യത്തിൽ നിന്നു കടം കൊണ്ട രാജകീയ വസ്ത്രങ്ങളും ധാടിയും മോടിയും സ്വീകരിച്ചിരിക്കുന്നു." എന്നതാണ്. മെത്രാൻമാരുടെ വസ്ത്രങ്ങൾ റോമൻ സാമ്രാജ്യത്തിൻെറ സിംബലായി ജനങ്ങൾ കാണുന്നില്ലെന്നതാണ് വാസ്തവം. മെത്രാൻമാർ തങ്ങളുടെ വസ്ത്രധാരണ രീതി മാറ്റിയാൽ സഭയ്ക്കും ജനങ്ങൾക്കും ഉണ്ടാകുന്ന ഗുണപരമായ നേട്ടങ്ങൾ കൂടി അദ്ദേഹം ചൂണ്ടിക്കാട്ടേണ്ടതായിരുന്നു. പെന്തക്കോസ്തു സഭാ വിഭാഗങ്ങളിലെ നേതാക്കന്മാർ ലളിതവസ്ത്രങ്ങളായ ജുബ്ബായും, മുണ്ടും ധരിക്കുന്നവരായതുകൊണ്ട് ആ സഭയ്ക്ക് എന്തെങ്കിലും കൂടുതൽ ഗുണമുള്ളതായി ആരും പറഞ്ഞു കേട്ടിട്ടില്ല നേതാക്കന്മാർ ലളിത വസ്ത്രം ധരിച്ചിട്ടും പെന്തക്കോസ്തു സഭകളിൽ വഴക്കും ഭിന്നതയും കോടതികേസും ഒക്കെ നടക്കുന്നു.

ഇന്ന് ക്രൈസ്തവ സഭക്ക് പറ്റിയ യഥാർത്ഥ പാളിച്ച എന്താണ്? ബിഷപ്പുമാരുടെ അഴിമതി എന്നത് പുലിക്കുന്നേലിനെപ്പോലുള്ള ചുരുക്കം ചില ഡോൺക്വിസോട്ടുമാർ നടത്തുന്ന വെറും നിഴൽ യുദ്ധമാണ്. ഭാവനയിൽ മാത്രം കാണുന്ന ശത്രുക്കൾക്കെതിരായി കുരിശുയുദ്ധം നടത്തുന്നവർക്ക് യഥാർത്ഥ പാളിച്ച മനസ്സിലാകുകയില്ല. സഭ എന്തിനു വേണ്ടിയാണ് നില നില്ക്കേണ്ടത്? സഭയുടെ മുഖ്യ ചുമതല ക്രിസ്തുവിൽ കൂടെയുള്ള പാപക്ഷമയുടെ രക്ഷണ്യ ദൂത് സമൂഹത്തിൽ പ്രചരിപ്പിക്കുക എന്നതാണ്. ഇക്കാര്യത്തിൽ പ്രാധാന്യം നല്കുന്നവർ അതോടെ ആശയം പരസ്പരവിരുദ്ധമായി സഭയെ ഒരു സോഷ്യൽ ക്ലബ്ബ് ആക്കുകയാണ് വേണ്ടത്. റോട്ടറി ക്ലബ്, ലയൺസ് ക്ലബ്, റെഡ് ക്രോസ് തുടങ്ങിയവ ഭവനദാനവും, സമൂഹവിവാഹവും അനർത്ഥങ്ങൾ ഉണ്ടാകുമ്പോൾ മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്താറുണ്ട്. സഭ സുവിശേഷ പ്രവർത്തനത്തിന് പ്രാധാന്യം നല്കാതിരിക്കുമ്പോൾ ദൈവശാപം ക്ഷണിച്ചു വരുത്തുകയാണ്. ലവോദിക്യ സഭയ്ക്കുണ്ടാവുന്ന ശിക്ഷ നോക്കുക. " നീ....ശീതോഷ്ണവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എൻെറ വായിൽ നിന്ന് ഉമിണ്ണു കളയും." (Spew out) വെളിപാട് 3:16).

സുവിശേഷ പ്രചരണത്തിൽ കാണിക്കുന്ന അനാസ്ഥ എത്രമാത്രമുണ്ടെന്ന് കേരളത്തിലെ ഒരു സഭയുടെ ഒരു ഭദ്രാസനത്തിൻെറ 1994-1995 ബജറ്റ് നോക്കിയാൽ മനസ്സിലാകും. 64 ലക്ഷം

വച്ചത് ഒരു ലക്ഷം രൂപയാണ്. അഴിമതിയല്ല സഭയുടെ മുഖ്യ പ്രശ്നം. സഭയ്ക്ക് ദർശനമില്ലാതായിത്തീർന്നരിക്കുന്നു എന്നതാണ് പ്രശ്നം. പൊതുമേഖലാ സ്ഥാപനങ്ങൾ പോലെ ശമ്പളവും അലവൻസും ഒക്കെ കൃത്യമായി നല്കേണ്ടവരുടെ എണ്ണം വർഷം തോറും പെരുകിക്കൊണ്ടിരിക്കുന്നു. സ്ഥാപനങ്ങളുടെ മെയിൻറനൻസ്, ജീപ്പ്, കാറ് അവക്ക് ആവശ്യമുള്ള ഡീസൽ, സൽക്കാരങ്ങൾ തുടങ്ങി നിരവധി ആവശ്യങ്ങളുടെ ഒരു പ്രസ്ഥാനമായിരിക്കുന്നു സ്ഥാപനവല്ക്കരിക്കപ്പെട്ട സഭ. അങ്ങനെ വളർന്നു കൊണ്ടിരിക്കുന്ന ഈ എസ്റ്റാബ്ളീഷ്മെൻറ് വരുമാനത്തിൻെറ മുഖ്യ ഭാഗവും വിഴുങ്ങുന്നു. ബിഷപ്പുമാരും മെത്രാന്മാരും മാറി മാറി വന്നാലും സ്ഥാപനവൽക്കരണമെന്ന കിനാവള്ളിയുടെ പിടിയിൽ നിന്ന് യാതൊരു മോചനവും സഭക്ക് ഉണ്ടാകുന്നില്ല. ഇതാണ് യഥാർത്ഥ വിപത്ത്.

ഈ ലേഖനം ഉപസംഹരിക്കുന്നതിനു മുൻപ് ഒരു ചോദ്യം പുലിക്കുന്നേലിനോട് ചോദിച്ചു കൊള്ളട്ടെ. വിദേശത്തുള്ള ഫണ്ടിംഗ് ഏജൻസികളിൽ നിന്നു നിർല്ലോഭം പണം ലഭിക്കുന്ന ധാരാളം ക്രിസ്തീയ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും കേരളത്തിൽ തന്നെയുണ്ട്. ഈ സ്ഥാപനങ്ങൾക്കൊന്നും യാതൊരു അക്കൗണ്ടബിലിറ്റിയുമില്ല. ഈ പ്രസ്ഥാനങ്ങളിലൊക്കെയുള്ളവരെക്കാൾ കേരളത്തിലെ മെത്രാന്മാർ അഴിമതി വീരന്മാരാണെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?

ജോർജ്ജ് വർഗ്ഗീസ്,
നെടുങ്ങാടപ്പള്ളി.

17ാം നമ്പർ New visionനിൽ സഭാഅദ്ധ്യക്ഷന്മാർക്കുള്ള ഇടമറ്റം ജോസഫ് പുലിക്കുന്നേലിൻെറ കത്തിലെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിയത് വായിച്ചു. നാബോത്തിൻെറ മുന്തിരിത്തോട്ടം കൈവശപ്പെടുത്തിയതിനോട് ഉപമിച്ച് സഭാസ്വത്തുക്കളുടെ ഇടയരായ ഇവർ ഇഷ്ടം പോലെ ചെലവഴിച്ച് അഴിമതി കാട്ടുകയാണ് എന്നും എടത്വായിലും പരുമലയിലും കോതമംഗലത്തും മഞ്ഞനിക്കരയിലും വീഴുന്ന പണം ''ദൈവിക കോഴയാണ്'' എന്നും എഴുതിയിരിക്കുന്നത് ശരിയാണോ? സഭകളുടെ സ്വത്ത് ചെല്ലും വകയെന്ന പോലെ ചെലവാക്കുകയാണ് എന്നതിൽ വല്ല വാസ്തവവും ഉണ്ടോ? സഭയിൽ ആതുരസേവനങ്ങൾക്കും, വികസനപ്രവർത്തനങ്ങൾക്കും ചെലവഴിക്കുന്ന പണം അഴിമതിയാണു എന്ന് പറയാനാവുമോ? ഇവയൊക്കെ സൂക്ഷ്മ നിരീക്ഷണം ചെയ്യുന്നതിനും കണക്ക് പരിശോധിക്കുന്നതിനും പ്രത്യേകം സംവിധാനം അതതു സഭകൾക്ക് ഉണ്ടല്ലോ. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന "ഉപകാര സ്മരണ" ഇനത്തിൽ ലഭിക്കുന്ന പണം പത്രങ്ങൾക്ക് ഉള്ളതാണല്ലോ.

''കൈമുത്തായി'' ലഭിക്കുന്ന പണം തന്നെ സാധുക്കൾക്കും സഭയുടെ വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്ന ഇടയശ്രേഷ്ഠന്മാർ നമുക്ക് ഉണ്ട്. അവർ ലളിത ജീവിതം നയിക്കുന്നവരാണ്. ചുരുക്കം ചിലർ സ്വന്ത കാര്യത്തിനായി ധാരാളം പണം ചെലവഴിക്കുന്നതായി ആരോപിച്ച് കേട്ടിട്ടുണ്ട്. ഇവർ ഈ പണത്തിൻെറ കാര്യവിചാരകത്വം ശരിയായി വിനിയോഗിക്കാത്തതിൽ അവർക്ക് ന്യായ വിധി തന്നെ ഉണ്ടാകുമല്ലോ.

സഭാ നേതാക്കളെ പൊതുവേ ചെളി വാരിയെറിയാതെ, അഴിമതി കാട്ടി എന്ന് ബോധ്യമുള്ളവരുടെ പേർക്ക് നേരിട്ട് കത്തെഴുതി പരിഹാരം കാണുകയാണ് ഉചിതം എന്ന് ശ്രീ ജോസഫ് പുലിക്കുന്നേലിനോടപേക്ഷിക്കുന്നു. ലളിത ജീവിതവും ശുശ്രൂഷ മനോഭാവവും ഇടയശ്രേഷ്ഠന്മാർക്ക് അത്യന്താപേക്ഷിതമാണ്. യേശു ക്രിസ്തുവിൻെറ മാതൃകയിൽ ജീവിത ലാളിത്യവും ആത്മീക നേതൃത്വവും നല്കി ഭരിക്കുകയല്ല, ശുശ്രൂഷിക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുവാൻ തെറ്റിപ്പോയ ഇടയശ്രേഷ്ഠർ വ്യത്യസ്തരായിത്തീരുവാൻ താല്പര്യപ്പെടുന്നു.

പി.കെ. ചാക്കോ,
ചെട്ടികുളങ്ങര

New Vision's Editorial Board, Advisory Board, Office bearers and other personnel are highly commendable, in my opinion, for their significant achievement in publishing this bi-monthly. The articles are fair, impartial, interesting and informative. It is evident that the originators' motivation to uplift spiritual realities to nuture the contemporary Christian society, irrespective of denominational differences, is being fulfilled. It appears that it was an adventure on their part, with a vision to start the publication with very limited financial resources for its support. I was privil(ged to read the New Vision from the first to the present issues and am well gratified for its performance.

The growth, development, advancement in readership and format of the periodical are remarkable, a sign of its wider acceptance. How ever, there is considerable, scope for further improvement in printing, size of the scripts, quality of paper and such other aspects. If affordable, these factors can immensely add to its effectiveness.

I wish and pray for its long lasting success. My prayer is that God may use it as a vital source for developing deeper understanding of the Holy Scriptures in the lives of all its readers. I assure continued financial support for this worthy cause.

**Rev. C. S. Philip**
Chicago.


ന്യൂവിഷൻ - 16-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ എൻെറ ലേഖനത്തെക്കുറിച്ചുള്ള പ്രതികരണം അറിയിച്ചതിൽ സന്തോഷം ഉണ്ട്. സാറിൻെറ കൂടാതെ മറ്റു ഏതാനും കത്തുകൾ കൂടി എനിക്കു ലഭിക്കുകയുണ്ടായി. ഈ ശുശ്രൂഷ ഞാൻ ഏറ്റെടുത്തതിന് ശേഷം ലഭിച്ചിട്ടുള്ള പല അനുഭവങ്ങളും എന്നെ സ്പർശിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുള്ളതുപോലെ വായനക്കാരെയും സ്പർശിക്കുകയും ചിലർക്കെങ്കിലും ലേഖനത്തിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രേരണ നല്കുകയും ചെയ്യുന്നതായാൽ ഞാൻ കൃതാർത്ഥനായി. ``Dear and Rev. Achan, we reached home safely. We carried with us the greatest truth `Jesus never fails'. Achan's service and good counsel was of great impact on us. But for your timely help we could not admit our daughter in CMC Hospital so soon. Every thing went on so smoothly. Except for some fever, my daughter is well now. We are sure achan will pray for our daughter and for us always. I have gone through achan's article in the New Vision and it is timely and most wanted one. The response will definitely be in great magnitude. I am passing on the article to others. We are grateful to you for all that you have done to us."

ഏതാനും ആഴ്ചകൾക്കു മുമ്പ് ഇവിടെ ചികിത്സക്കായി കൊണ്ടുവന്ന ഒരു വിദ്യാർത്ഥിനിയുടെ പിതാവിൽ നിന്നു ലഭിച്ച എഴുത്തിലെ പ്രസക്തഭാഗമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ബിരുദാനന്തര പഠനം നിർവ്വഹിക്കുന്ന പ്രസ്തുത വിദ്യാർത്ഥിനി ഏതാനും നാളുകളായി തുടർച്ചയായി ഉണ്ടാകുന്ന പനിമൂലം മെഡിക്കൽ കോളജ് ഉൾപ്പെടെ പല ആശുപത്രികളുടെ കവാടങ്ങൾ കയറിയിറങ്ങി. ഒരു ഡോക്ടരുടെ നിർദ്ദേശപ്രകാരം രോഗനിർണ്ണയം ചെയ്യുന്നതിനും സൗഖ്യമാകും എന്ന പ്രതീക്ഷയോടെ മാതാപിതാക്കളുടെയും ഏക സഹോദരൻെറയും മറ്റു രണ്ടു ബന്ധുക്കളുടെയും സഹായത്തോടെ ചികിത്സക്കായ് എത്തിച്ചേർന്നത്. രാവിലെ തന്നെ കേരളത്തിലെ ഡോക്ടറുടെ നിർദ്ദേശപ്രകാരം Haematology Deptൽ രജിസ്റ്റർ ചെയ്തു അടിയന്തരമായി ചെയ്യേണ്ടിയിരുന്ന പരിശോധനകൾക്കു വിധേയയായ ശേഷം സ്വകാര്യവാർഡിലേക്ക് പ്രവേശനം വാങ്ങിക്കുകയും ചെയ്തു. ഇത്രയും അവർ ചെയ്തശേഷമാണ് രോഗിയുടെ മാതാപിതാക്കൾ എന്നെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്തുമായി എന്നെ സമീപിക്കുന്നത്. കത്തിൻെറ അവസാന ഭാഗത്ത് അവരുടെ സാമ്പത്തിക പരാധീനതയെക്കുറിച്ച് സൂചനയുണ്ടായിരുന്നു. ഉടൻ തന്നെ ബന്ധപ്പെട്ട ഡോക്ടറുമായി ഞാൻ സംസാരിക്കുകയും നിജസ്ഥിതി അറിയുന്നതിന് ശ്രമിക്കുകയും ചെയ്തു. രോഗി അത്യാസന്ന നിലയിലാണെന്നും ഇതുവരെയും കഴിച്ചിട്ടുള്ള മരുന്നുകൾ അവളെ കൂടുതൽ ക്ഷീണിതയാക്കിയിട്ടുണ്ടെന്നും, അടിയന്തരമായി രക്തദാനം നടത്തിയശേഷം മാത്രമേ തുടർന്നു എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു എന്നും ഡോക്ടർ നിർദ്ദേശിച്ചു. രോഗിക്കു admission നിർദ്ദേശിച്ചിരുന്നതോ ദൈനം ദിനം 400 ൽ പരം രൂപ വാടക കൊടുക്കേണ്ട സ്വകാര്യമുറിയിലും. മറ്റു ചിലവുകൾ കൂടാതെ ചികിത്സ ആരംഭിച്ചാൽ 5 ലക്ഷം രൂപയെങ്കിലും ചിലവഴിക്കേണ്ടി വരുമെന്നും എന്നാൽ തന്നേ പൂർണ്ണസൗഖ്യം പ്രാപിക്കുന്നതിനുള്ള സാധ്യത വിരളമാണെന്നും ഡോക്ടർ പറയുകയുണ്ടായി.

സാമ്പത്തിക പരാധീനതയുള്ള ഒരു കുടുംബം, അത്യാസന്ന നിലയിൽ എത്തിയിരിക്കുന്ന ഏക മകൾ, കഷ്ടപ്പെട്ടു ദൂരയാത്ര ചെയ്ത സാഹചര്യം ഇതൊക്കെയും ഓർത്തു ഞാൻ അല്പനേരം വികാരാധീനനായിത്തീർന്നു.

മാതാപിതാക്കളെ മാത്രം ഞാൻ എൻെറ ഓഫീസ് മുറിയിൽ സ്വീകരിച്ചു കാര്യത്തിൻെറ ഗൗരവം അവരെ വിശദമായി ഗ്രഹിപ്പിച്ചു. പിന്നീട് ഞങ്ങൾ ഒന്നിച്ചു ഡോക്ടറുമായി കുറച്ചുനേരം സംസാരിക്കുന്നതിനിടയായി. ഈ സാഹചര്യത്തിൽ എന്താണ് ചെയ്യേണ്ടതെന്ന ഒരു തീരുമാനം എടുക്കുവാൻ ഈ കൂടിക്കാഴ്ച സഹായിച്ചു. കൂടെ വന്ന ആളുകളിൽ നിന്ന് രക്തം സ്വീകരിച്ച് രോഗിക്കു നല്കുകയും അടിയന്തരമായ ചില നിർദ്ദേശങ്ങൾ കൊടുത്തു കേരളത്തിലേക്ക് അടുത്ത ദിവസം തന്നെ തിരിച്ചയക്കുകയും ചെയ്തു. ഈ തീരുമാനം ഒരു പക്ഷെ ശരിയോ തെറ്റോ എന്ന സംശയം ഉയർന്നേക്കാം. എന്നാൽ പിതാവിൻെറ എഴുത്തിൽ നിന്നും തക്ക സമയത്തു ലഭിച്ച നിർദ്ദേശത്തിൽ അദ്ദേഹവും കുടുംബവും സംതൃപ്തരാണെന്നത്രെ ഞാൻ വിശ്വസിക്കുന്നത്. ഇതു സാധാരണ ഉണ്ടാകുന്ന അനുഭവങ്ങളുടെ ഒരു ഉദാഹരണമാണ്.

റവ. ഈപ്പൻ ജോൺ
ചാപ്ളെയിൻ
സി. എം. സി. ഹോസ്പിറ്റൽ, വെല്ലൂർ.



# PRIMACY OF THE

**Varkey M. Cherian**

Vignettes, if not a total vision of the church of the future, were provided at a conference of pastors and lay persons, in about equal numbers, in mid-October in Madras.

The primacy of the local church as against the present top-heavy organisational structure of the mainline denominations, a pastor accountable to the parish for his time and dedication, and a laity shouldering equal responsibility with the pastor for the building up of the Kingdom of God, were stressed in the conference presentations. The three-day gathering was for "Dreaming About the church of the Future."

In the opening worship, Rev. Premayya (Egmore Wesley Church) compared the present church to the helpless victim in the good Samaritan parable in that it is in dire need of neighbors (a caring, participatory laity) to bind up its wounds and provide succour and nourishment in the face of the callous attitude of the church bureaucracy (the priest and Levite in the parable).

Dr. K. Rajaratnam, Lutheran church leader, in his keynote speech, emphasized that the local congregations hold the key to the future of the church structure. The thrust should be on (1) participatory worship; (2) nurture of parishioners, both young as well as adult; (3) proclamation of the good news through life and witness and (4) active promotion of social justice.

Dr. Devasagayam (Gurukul seminary) saw the local congregation's pastor as a facilitator among 'priesthood of believers.' The future church's ministry should be a team effort to involve in and continue with Christ's mission on earth. Three strands of this ministry were pinpointed by him: (a) constant prayer quest in finding out God's purpose for the congregation; (b) constant awareness of the parishioners' identity as God's children and what that awareness entails, and (c) a consistent example to others in the neighbourhood of the church.

The conference had occasion to take a look at a Presbyterian congregation in the United States through a presentation by an Indian-born lay leader, Mr. David Rendall. He described how a pastor is chosen by the congregation and how the ministry is shared by lay persons; how the sacraments, teaching, visitations, the outreach mission, and the discipline of the pastor and the parishioners are their joint responsibility. The church hierarchy only lays down broad policies, and acts as the apex court of appeal.

Bishop Anandarao Samuel, a former Moderator of the C.S.I., in his valedictory address, stated that the church

# CONSULTATION ON CHRISTIAN

**JOSEPH MANI - OLASSA**

A consultation meeting on 'Christian Education in Multi Faith Society' was held from Oct. 12-14 at the C.S.I Centre Madras, sponsored by the Christian Education department of the Church of South India and the World Council of Churches. The inaugural meeting was presided by Dr. K. Rajaratnam, Senate member, Searampore College. He remarked that the theme is much daring and we should know which are the doctrines that divide us from other religions.

> He advised Christian educators to enter in dialogue with people of other faiths not to find their faiths but to appreciate which is worthy in them and to have a healthy understanding.

We should aim at one world and one humanity. Rev. Hans Ucko, office on Inter-Religious Relations, W.C.C., introduced the theme through a question "What do you think if you hear some one say he is a real Jew/ He is a real Christian? The answer for the latter may be positive. How do you feel people of other Faith. Today the world is changing and we too need to be cope with it. Christian Education should enable us to discover the light and truth. He narrated an interesting story to show the importance of Christian education to children. "Once god asked the people of Israel to whom was ' Thora'- the first five books of Moses given. The people said that it was for the Patriarchs. But God said a big No to their answer. Then the people said 'the Prophets'. God disapproved the answer. At last the people said that Thora was given for their children and God said it was so."

Prof. George Koshy, the General Secretary C.S.I. Synod, quoted the words of Arch Bishop of Canterbury and said, Church is only one generation from extinction, if we neglect Christian education for our children.

Dr. C.A. Perumal, University of Madras praised the role of early missionaries who opened the eyes of the oppressed and uplifted them by providing proper education. Ven. U. Ratnapala Thero, Maha Bodhi Society, Madras, (the Buddhist leader) in his speech told that the welfare and well-being of human be-

# LOCAL CONGREGATION

should be a movement, and not an institution, marching toward the Kingdom of God. A church's life should be rooted in an everyday encounter with God just as Moses' encounter with Him in the burning bush. Christ should be our eternal contemporary; a church's mission is Christ's mission, that is, always identifying with the dispossessed and the marginalised in society. Christ, he said, should be preached in humility, realizing that Christ is at work in other religions too. He is not exclusively our own. A church's life and activities have to be irradiated by the Holy Spirit.

That the indigenous missionary effort is a silver lining in the otherwise clouded Indian church scene was brought home vividly by Mr. M. Patrick Joshua (Friends Missionary Prayer Band). During the last decade, there has been a real explosion of missionary activity in various, unreached areas of our country, mainly by the parachurch agencies such as the FMPB. Those sent identify themselves with the backward and tribal peoples among whom they bring the good news and help in very trying circumstances. Their saga of sacrifice and dedication win souls by the tens of thousands.

The conference was conducted by the Rev. Roopsingh Carr, founder-director of the Scripture Applied Leadership Training (SALT) institute in Madras. Rev. Carr moderated the discussions. He plans to have similar conferences in

**Christ should be our eternal contemporary; a church's mission is Christ's mission, that is, always identifying with the dispossessed and the marginalised in society. Christ, he said, should be preached in humility, realizing that Christ is at work in other religions too. He is not exclusively our own. A church's life and activities have to be irradiated by the Holy Spirit.**

1996 and '97 and hopes to bring out a blueprint of the church of the next century.

The participants who numbered over 50 were drawn mostly from the southern states; they represented both the mainline and evengelical churches.

The conference was in line with SALT's ongoing programs of training Christian lay persons to be preachers, evangelists, church administrators, and youth leaders so as to strengthen the ministry in the pastorates.

# EDUCATION MULTI - FAITH SOCIETY

ings is the ultimate aim of all religions. As we are living in a multi-faith society we should know the teachings of other religions and their Custom and faith. Rev. Prasanna Kumari Executive secretary UELIC, through an illustration showed the danger of teaching Sunday School children that our faith is the only unique one.

Bishop Dr. P.G. Kuruvilla the Chairman of Christian Education Department in his welcome speech said that Multi-faith Society is a reality not only in India but also thoughout the world. We are living in a technically interlocked world and our responsibility is to build up a genuine human Community. Rev. Dr. Arun Gopal, Director Christian Education Department, CSI Synod, extended a hearty vote of thanks to delegates from different religions and churches. Delegates represented not only the Dioceses of the CSI but also churches like Mar Thoma, Orthodox, Catholic, Lutheran, Methodist and Christian Education Agencies like AISSA, CEEFI, ISSU, SU, UELIC.

Papers on the theme were presented by Bishop Dr. R. Paulraj, Deputy Moderator CSI and discussions followed on it. Bishop said that Christian Education should transform the individual as well as the society. He admitted that transformation of the Kingdom on Earth to the Kingdom of God is not an easy task. He referred to the transmigration and Karma Marga in the Hindu faith which he fears may lead to fatalism and idleness. He advised Christian educators to enter in dialogue with people of other faith not to find their faiths but to appreciate which is worthy in them and to have a healthy understanding.

Another paper was presented by Bishop Elia Peter, Methodist Church in India. He highlighted the different aspects of Christian Education in a Multi-Faith Society. The Most Rev. I. Jesudasan Former Moderator, CSI in his Bible Study asked the participants of the consultation on Christian Education in a Multi-Faith Society to demolish the walls built in their minds and see people of other religions in the right perspective. We should make bridges and not break them. The Bishop said that we often talk above transformation but seldom like to be transformed. Truth is not a theology but is the out pouring of god's love. Whatever we do against His love is sin. Christian Education in a multi faith Society can be effective only with prayer and he advised the delegates to pray for our Hindu and Muslim brothers. At the valedictory service Rev. Mrs. Krupaveni Prakasa Rao, wife of Bishop in Krishna Godavari Diocese was the preacher. She reminded the triangular harmony of the time of creation which is now missing in the society. Understanding the faith of our neighbors is recovery to a deeper understanding of our own faith. The meeting came to a close on the third day with lunch.

## രോഗ പ്രതിരോധം

# വ്യക്തി ശുചിത്വം

ആരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് വ്യക്തി ശുചിത്വം പാലിക്കുക എന്നുള്ളത്. വയറിളക്കം, വിരശല്യം, ത്വക് രോഗങ്ങൾ, മഞ്ഞപ്പിത്തം, ദന്തക്ഷയം, തുടങ്ങി പല രോഗങ്ങളും ഒഴിവാക്കുന്നതിന് ശ്രദ്ധാപൂർവ്വം നമ്മുടെ ജീവിത രീതികൾ ക്രമീകരിച്ചാൽ മതിയാകും.

സ്വയം ശുചിത്വം പാലിക്കുന്നതിൽ നാം ഓരോരുത്തരും എന്തു മാത്രം ശ്രദ്ധിക്കുന്നു എന്നറിയുന്നതിനുള്ള ഒരു ലളിത മാർഗ്ഗമാണിത്. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഓരോന്നും നിങ്ങളുടെ കാര്യത്തിൽ എന്തുമാത്രം ശരിയാണ് എന്ന് സത്യസന്ധമായി വിലയിരുത്തി ശരിയായ കോളത്തിൽ ( ) അടയാളപ്പെടുത്തുക.

1. വൃത്തിയുള്ള വസ്ത്രങ്ങൾ, പ്രത്യേകിച്ച് അടിവസ്ത്രങ്ങൾ ധരിക്കുന്നതിൽ ഞാൻ വളരെയധികം ശ്രദ്ധിക്കുന്നു.
   a. വളരെ ശരിയാണ് ( ) b. കുറച്ചെല്ലാം ശരിയാണ് ( ) c. ഒട്ടും ശരിയല്ല ( )
2. ദിവസത്തിൽ ഒരിക്കലെങ്കിലും കുളിച്ച് ദേഹശുദ്ധി വരുത്തുക എന്നത് എന്റെ പതിവാണ്.
   a. പതിവായി ചെയ്യുന്നു ( ) b. വല്ലപ്പോഴുമെല്ലാം ചെയ്യുന്നു ( ) c. ചെയ്യാറില്ല.
3. നഖങ്ങൾ വെട്ടി വൃത്തിയായി സൂക്ഷിക്കുന്നതിന് ഞാൻ വളരെ പ്രാധാന്യം നൽകുന്നു.
   a വളരെ പ്രാധാന്യം നൽകുന്നു( ) b. കുറച്ചെല്ലാം പ്രാധാന്യം നൽകുന്നു ( ) c. ഒട്ടും പ്രാധാന്യം നൽകുന്നില്ല. ( )
4. ഭക്ഷണം കഴിക്കുന്നതിനു മുമ്പായി കൈകൾ കഴുകി വൃത്തിയാക്കണം എന്ന് എനിക്ക് നിർബന്ധമുണ്ട്.
   a. നിർബന്ധമുണ്ട് ( ) b. ഓർത്താൽ മാത്രം ചെയ്യും ( ) c. മറ്റുള്ളവർ ഓർമ്മിപ്പിച്ചാൽ മാത്രം. ( )
5. ഉറങ്ങാൻ കിടക്കുന്നതിനു മുമ്പായി പല്ലു തേക്കുക എന്നത് എന്റെ ശീലമാണ്.
   a . എന്നും പല്ലു തേക്കും ( ) b.വല്ലപ്പോഴും പല്ലു തേക്കുന്നു.( ) c ഒരിക്കലും ചെയ്യാറില്ല ( )
6. പതിവു സമയത്തു തന്നെ 'കക്കൂസിൽ പോകുന്നതിൽ' ഞാൻ വളരെ ശ്രദ്ധിക്കുന്നു.
   a. പതിവായി ചെയ്യുന്നു. ( ) b. മിക്കവാറും ദിവസങ്ങളിൽ ( ) c. നിവൃത്തിയില്ലെങ്കിൽ മാത്രം ( )
7. വീടിനു വെളിയിൽ വൃത്തിഹീനമായ സ്ഥലത്തു കൂടി നടക്കുമ്പോൾ ചെരിപ്പുകൾ ധരിക്കുക എന്റെ പതിവാണ്.
   a. പതിവായി ചെരിപ്പുകൾ ധരിക്കുന്നു. ( ) b. വല്ലപ്പോഴും ധരിക്കുന്നു. ( ) c. ചെരിപ്പുകൾ ധരിക്കാറില്ല. ( )
8. ഭക്ഷണം കഴിക്കുന്നതിനു മുൻപായി പാത്രങ്ങൾ വേണ്ടത്ര വൃത്തിയുള്ളതാണോ എന്ന് പരിശോധിക്കാറുണ്ട്.
   a. എന്നും പരിശോധിക്കാറുണ്ട്( ) b. വല്ലപ്പോഴും( ) c. നോക്കാറില്ല. ( )
9. തുറന്നു വച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങൾ ഞാൻ വാങ്ങി കഴിക്കാറില്ല.
   a. ഒരിക്കലും ( ) b. വല്ലപ്പോഴും വാങ്ങി കഴിക്കുന്നു.( ) c.എന്നും വാങ്ങി കഴിക്കുന്നു.
10. ബാത്ത്റൂമിൽ പോയതിനു ശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് ഞാൻ വൃത്തിയാക്കുന്നു.
    a. എപ്പോഴും വൃത്തിയാക്കുന്നു. ( ) b. വല്ലപ്പോഴും വൃത്തിയാക്കുന്നു.( ) c. വൃത്തിയാക്കാറില്ല.
11. എന്റെ തലമുടി ചീകി വൃത്തിയാക്കി സൂക്ഷിക്കുന്നതിൽ ഞാൻ ശ്രദ്ധിക്കുന്നു.
    a വളരെ ശ്രദ്ധിക്കുന്നു ( ) b കുറച്ചു ശ്രദ്ധിക്കുന്നു. c ഒട്ടും ശ്രദ്ധിക്കുന്നില്ല.
12. മറ്റുള്ളവരുടെ വസ്ത്രങ്ങൾ ഞാൻ ഉപയോഗിക്കാറില്ല.
    a. ഒരിക്കലും ഉപയോഗിക്കാറില്ല.( ) b. ചിലപ്പോൾ ഉപയോഗിക്കാറുണ്ട്.( ) c. പതിവായി ഉപയോഗിക്കാറുണ്ട്. ( )

a,b,c എന്നീ കോളങ്ങളിൽ ഓരോന്നിലും എത്ര ഉത്തരങ്ങൾ നിങ്ങൾക്കുണ്ട് എന്നു കൂട്ടി നോക്കുക. a - 3പോയിൻറ്, b - 2പോയിൻറ്, c -1പോയിൻറ്, എന്നക്രമത്തിൽ മൂല്യം നൽകുക. നിങ്ങളുടെ ആകെ സ്കോർ എത്രയെന്ന് ഇപ്പോൾ മനസ്സിലായി കാണുമല്ലോ. 24 -ൽ കൂടുതൽ പോയിൻറുകൾ ഉണ്ടെങ്കിൽ നിങ്ങൾ അഭിനന്ദനം അർഹിക്കുന്നു. 13 - നും 24 - നും ഇടയ്ക്കാണെങ്കിൽ നിങ്ങൾ ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 12 പോയിൻറിൽ താഴെയാണെങ്കിൽ നിങ്ങളുടെ സ്ഥിതി അപകടകരമാണ് എന്നു വേണം കരുതാൻ. ഉചിതമായ തീരുമാനങ്ങൾ എടുത്ത് ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കാനുള്ള തീരുമാനങ്ങൾ ഇപ്പോൾ തന്നെയെടുക്കുക. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നാണല്ലോ പറയുന്നത്.

കടപ്പാട്:

Centre for Health Care Research and Education, Rajagiri.

# ഗ്രന്ഥ നിരൂപണം

## വിശുദ്ധ കുർബ്ബാന : മാനവോദ്ധാരണത്തിനുള്ള ദൈവ പദ്ധതി

ഗ്രന്ഥ കർത്താ: ഡോ മാത്യു ഡേവിഡ് കല്ലുംപുറത്ത്

പ്രസാധകർ : മാർ ഇഗ്നാത്യോസ് ഓർത്തഡോക്സ് ഫെലോഷിപ്പ്, ഓമല്ലൂർ & ബോംബെ

വിതരണം: കല്ലുംപുറത്തു ഫിനാൻഷ്യേഴ്സ്, മുസ്ലിംപള്ളി റോഡ്, പത്തനംതിട്ട.

പേജ് 201. വില കാണിച്ചിട്ടില്ല.

വിശുദ്ധ കുർബ്ബാനയെപ്പറ്റി സാധാരണക്കാർ ഗ്രഹിച്ചിരിക്കേണ്ട കാര്യങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണിത്. വിശുദ്ധ കുർബാനയുടെ രഹസ്യ ഭാവവും അർത്ഥ വ്യാപ്തിയും വ്യക്തമാക്കാനും ഉപയോഗിക്കുന്ന ഉപകരണങ്ങളും പ്രതീകങ്ങളും വിശദീകരിക്കാനും ഗ്രന്ഥ കർരതാവ് ശ്രദ്ധിച്ചിട്ടുണ്ട്.

വിശുദ്ധ രഹസ്യങ്ങൾ ദിവ്യദാനമാണെന്നും മാനവോദ്ധാരണത്തിനായി സഹസ്രാബ്ദങ്ങൾക്കു മുമ്പേ ദൈവം തയ്യാറാക്കിയ പദ്ധതിയുടെ പൂർത്തീകരണമാണെന്നും ഡോ. മാത്യു ഡേവിഡ് സമർത്ഥിക്കുന്നു. ക്രിസ്തുവിന്റെ യാഗം ലോകമെങ്ങുമുള്ള നാനാജാതി മതസ്ഥർക്കും രക്ഷയെ എത്തിച്ചു കൊടുക്കുന്നതിനായിരുന്നു.

സാധാരണ ജനങ്ങളും പുരോഹിതനും ചേർന്നാണു കുർബാന ശുശ്രൂഷ നിർവഹിക്കുന്നത്. ജനമില്ലാതെ പുരോഹിതനോ പുരോഹിതനില്ലാതെ ജനത്തിനോ ഈ കൂദാശ നടത്തുവാൻ സാധ്യമല്ല. തൻമൂലം സാധാരണ ജനങ്ങൾ വിശുദ്ധ കുർബാനയെപ്പറ്റി പഠിക്കാൻ നിർബന്ധിതരാണ്.

കുർബാനയ്ക്ക് ഉപയോഗിക്കുന്ന വിവിധ സാധന സാമഗ്രികളുടെ ഉപയോഗം വിശദീകരിച്ചത് ഉചിതമായി. കുർബാനയിൽ ഓർക്കുന്ന സഭാ പിതാക്കന്മാരെപ്പറ്റിയും വിവിധ ഗണങ്ങളിൽപ്പെട്ട മാലാഖമാരെപ്പറ്റിയും കുറിപ്പുകൾ ചേർത്തത് വിജ്ഞാന വർദ്ധനയ്ക്കു സഹായിക്കും.

വിശ്വാസികളുടെ പഠനത്തിനും ഉപയോഗത്തിനും സർവഥാ സഹായകരമായ നിലയിൽ ഈ ഗ്രന്ഥം രചിച്ചതിൽ ഗ്രന്ഥകർത്താവിനു ചാരിതാർഥ്യത്തിനു വകയുണ്ട്.

ഇത്ര നല്ല ഗ്രന്ഥത്തിൽ ഒട്ടേറെ അക്ഷരത്തെറ്റുകൾ കടത്തിവിടാൻ അനുവദിച്ചത് കല്ലുകടി പോലെ തോന്നുന്നു എന്നു കൂടി ചൂണ്ടിക്കാണിക്കട്ടെ.

## ദാവീദിന്റെ കീർത്തനങ്ങൾ

ഗ്രന്ഥകർത്താ: കല്ലും പുറത്തു ഗീവറുഗീസ് ദാവീദ്

പ്രസാധകൻ: ഡോ. മാത്യു ഡേവിഡ്

വിതരണം: കല്ലുംപുറത്തു കുടുംബയോഗം, ഓമല്ലൂർ

പേജ് 50 വില 10 രൂപ

ചെറുപ്പം മുതലേ മാർഗം കളിയാശാനായി പ്രശസ്തി നേടി, ഇപ്പോൾ തൊണ്ണൂറിലെത്തിയ ഗീവറുഗീസ് ദാവീദ് പ്രസിദ്ധീകരിക്കുന്ന ഈ ലഘു കൃതിയിൽ ഒമ്പതു മാർഗം കളിപ്പാട്ടുകളും, തെരസ്സാപ്പള്ളി ശാസനം തുടങ്ങിയ വിഷയത്തെപ്പറ്റി ആറു നാടോടിപ്പാട്ടുകളും മാർ ഇഗ്നാത്തിയോസ് ഏലിയാസ് ബാവായുടെ ഓമല്ലൂരിലേയ്ക്കുള്ള എഴുന്നള്ളത്ത്, ചരമം, കബറടക്കം എന്നിവയെപ്പറ്റി ഏതാനും ഗാനങ്ങളും ഉൾപ്പെടുന്നു. മാർഗം കളിപ്പാട്ടുകളിൽ ഉൽപ്പത്തി കഥകളെ ലളിത സുന്ദരവും സരളവുമായ പദങ്ങളിലൂടെ താളാത്മക ഗാനങ്ങളായാണ് അവതരിപ്പിച്ചിട്ടുള്ളത്'. ഒരു ജനതയുടെ സാംസ്കാരിക പൈതൃകം കണ്ണിമുറിയാതെ സൂക്ഷിക്കുന്നതിനുള്ള ഈ യത്നം ശ്ലാഘനീയമാണ്.

എം. കെ.

# *With Best Compliments From*

***"Good service,
good coverage,
good price-***

# ***That's State Farm insurance."***

STATE FARM

Auto
Life
Fire

INSURANCE ®

***Like a good neighbour
State Farm is there.®***

State Farm Insurance Companies Home Offices: Bloomington, Illinois

**CHRIS ANGILERI**
**Agent**

**15 S. Cass Avenue
Westmont, IL 60559**

**Off: (708) 960 - 3100
Fax: (708) 960 - 9740**

Anual Contribution : Rs. 50/-
Single Copy Contribution : Rs. 10/-

# മനുഷ്യോചിതമായി ജീവിക്കുക

പ്രൊഫ. തോമസ് മാത്യു.

ആത്മ ബന്ധങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ലോകത്തിൽ മനുഷ്യോചിതമായി ജീവിക്കുക അസാദ്ധ്യമായി ത്തീർന്നിരിക്കയാണെന്നു പ്രസിദ്ധ സാഹിത്യ നിരൂപകനായ പ്രൊഫ. തോമസ് മാത്യു അഭിപ്രായപ്പെട്ടു. കേരളാ വൈ. എം. സി. എയുടെ ആഭിമുഖ്യത്തിൽ കേരള യുവതയുടെ എഴുത്തുകാർക്ക് വേണ്ടി നടത്തപ്പെട്ട സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു യുവതയുടെ മുഖ്യ പത്രാധിപർ കൂടിയായ പ്രൊഫ. തോമസ് മാത്യു. അദ്ദേഹം ഇപ്രകാരം തുടർന്നു.

1912 - ൽ ലണ്ടൻ സന്ദർശിച്ചപ്പോൾ ശ്രീ. കെ. പി. കേശവമേനോനെ അത്ഭുതപ്പെടുത്തിയത് ലണ്ടൻ ടൈംസിന് സ്വന്തമായി ഒരു ഫോൺ ഉണ്ടെന്നുള്ള കാര്യമാണ്. 1945 - ൽ ആർതർ സി. ക്ലാർക്ക് സാറ്റലൈറ്റിൽ കൂടി വാർത്തവിനിമയം നടത്തുവാൻ സാധിക്കും എന്നൊരു ആശയം മുമ്പോട്ട് വയ്ക്കുകയുണ്ടായി. 1958 ൽ അമേരിക്കൻ പ്രസിഡൻറ് ഐസൻ ഹോവർ സാറ്റലൈറ്റിൽ കൂടിയാണ് ക്രിസ്മസ്സ് സന്ദേശം നൽകിയത്. സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള അകലം കുറഞ്ഞുകൊണ്ടിരിക്കുന്നു. കമ്മ്യൂണിക്കേഷൻ തന്നെയില്ലാതായിരിക്കുന്ന സമൂഹത്തിൽ ബന്ധങ്ങൾ എങ്ങനെ നില നിർത്തും? അയൽവക്കങ്ങൾനഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ആത്മ ബന്ധങ്ങൾ നഷ്ടപ്പെട്ടിരിക്കുന്ന ഈ ലോകത്തിൽ മനുഷ്യോജിതമായി ജീവിക്കുക പ്രയാസമാണ്. ഷൈറ്റസറുടെ വാക്കുകളിൽ, ആകാശത്തിലൂടെ പറക്കാൻ സാധിക്കും. വെള്ളത്തിലൂടെ മത്സ്യങ്ങൾക്ക് സഞ്ചരിക്കാനാവും. ഭൂമിയുടെ ഉപരിതലത്തിൽ മനുഷ്യനെപ്പോലെ ജീവിക്കുക പ്രയാസമാണ്. ജീവിതത്തെ കൂടുതൽ മനുഷ്യോചിതമായി മാറ്റുവാൻ സാധിക്കണം. ഈ ലോകത്തിൽ ചെറിയൊരു കൈത്തിരി കത്തിക്കുക എന്നതാണ് യുവതലമുറയുടെ ലക്ഷ്യം.



പ്രൊഫ. എം.തോമസ് മാത്യു എഴുതിയ 'വാങ്മുഖം' എന്ന കൃതിയുടെ പ്രസാധനം പ്രസിദ്ധ സാഹിത്യകാരൻ സി. രാധാകൃഷ്ണൻ, ഭാഷാപോഷണി എഡിറ്റർ മാധവൻ നായർക്ക് നൽകി നിർവഹിച്ചു. Y.M.C.A ഭാരവാഹികൾ, എഴുത്തുകാർ തുടങ്ങിയവർ സംസാരിച്ചു.

# പ്രതികരണ ശക്തി

പ്രസിദ്ധ ഗാന്ധിയൻ കെ. ഇ. മാമ്മൻ തൻെറ പ്രവർത്തന കേന്ദ്രം തിരുവനന്തപുരത്തിന് മാറ്റിയപ്പോൾ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ നിരാശനായി കോട്ടയം നിവാസികളെ പരാമർശിച്ചു "പ്രതികരണ ശക്തി നഷ്ടപ്പെട്ടവർ" എന്ന് സൂചിപ്പിച്ചത് ശ്രദ്ധേയമാണ്. അനീതി, അക്രമം, ചൂഷണം, അഴിമതി എന്നിവ ഏതു രംഗത്ത് പ്രകടമായാലും അതിനെതിരായി ശബ്ദം ഉയർത്തേണ്ടത് സത്യസന്ധരായ പൗരന്മാരുടെ കർത്തവ്യമാണ്. കാൻസർ പോലെ ഭാരതത്തിൽ പൊതു രംഗത്തെ നശിപ്പിച്ച് കൊണ്ടിരിക്കുന്ന അഴിമതി ഭയാനകമായി വളർന്നു കഴിഞ്ഞു. ഹവാല കേസുകൾ, കോൺട്രാക്ട് കൊടുക്കുന്നതിലും ഉപകരണങ്ങൾ വാങ്ങുന്നതിലും പൊതു മുതൽ ധൂർത്ത് അടിക്കുന്നതിലും മറ്റും നമ്മുടെ നേതാക്കൾ അപഹാസ്യരായിത്തീർന്നിരിക്കുയാണ്. ജനങ്ങൾ ബന്ധപ്പെടുന്ന എല്ലാ സർക്കാർ ആഫീസുകളിലും അഴിമതിയുടെ തിക്തഫലം അനുഭവിക്കുന്നു. ഒരു പറ്റം ജീവനക്കാർ കണക്കു പറഞ്ഞു കൈകൂലി വാങ്ങുമ്പോൾ സത്യസന്ധരായ ഉദ്യോഗസ്ഥർ പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരായി കേഴുകയാണ്. അഴിമതിക്കാരായ ഭരണാധിപരെയും പൊതു പ്രവർത്തകരെയും മാതൃകാപരമായി ശിക്ഷിക്കുവാൻ വേണ്ട സംവിധാനമില്ല. അഴിമതി അന്വേഷണ കമ്മീഷൻെറ ചെയ്തികൾ പലപ്പോഴും പ്രഹസനങ്ങളായിത്തീരുന്നു. അന്വേഷണ കാലാവധി നീളുന്നതു തന്നെ സംശയാസ്പദമാണ്. ജനാധിപത്യ രാജ്യങ്ങളിൽ പലതിലും പൊതു നേതാക്കൾ സത്യസന്ധരായി പ്രവർത്തിക്കണം എന്ന് നിർബന്ധമാണ്. കുറ്റം ചെയ്യുന്നവരുടെ സ്ഥാനമാനങ്ങൾ തെറിച്ചു പോകുന്നത് കാണുവാൻ സാധിക്കും. അഴിമതി നശിപ്പിക്കുന്നതിനുള്ള കുറ്റമറ്റ സംവിധാനം ഉണ്ടാകേണ്ടയിരിക്കുന്നു. തെരെഞ്ഞെടുപ്പ് രീതിയിലും, ഭരണ സംവിധാനത്തിലും സമൂല മാറ്റം വരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

ജീവിതത്തിൽ ധാർമ്മിക മൂല്യങ്ങൾക്ക് വില നൽകാതെ ധന സമ്പാദനം ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം എത്തിയിരിക്കുന്നു. ഏതു മാർഗ്ഗത്തിലൂടെയും ധനം സമ്പാദിക്കുന്നവൻ സമൂഹത്തിലും സഭയിലും മാന്യനാണ്. അവർക്കു വേണ്ടത് സമൂഹത്തിൽ സ്ഥാനമാനങ്ങളാണ്. വോട്ടു പിടിത്തത്താലും ചാക്കിടിലിൽ കൂടെയും എങ്ങനെയും അധികാരത്തിൽ പ്രവേശിക്കും. അവരുടെ ദുഷിച്ച പരിശീലനം സഭയുടെയും സമൂഹത്തിൻെറയും പ്രവർത്തനത്തിൽ കളങ്കം വരുത്തുന്നു.

സത്യത്തിനും നീതിക്കും വേണ്ടി ശബ്ദം ഉയർത്തുവാനും, ദുഷ്ടതയ്ക്ക് എതിരെ പ്രതികരിക്കുവാനും പോരാടുവാനും ജനങ്ങൾ എഴുന്നേൽക്കണം. ജീവിത മൂല്യങ്ങളിൽ വിശ്വാസമുള്ളവരും പ്രവർത്തനമേഖലകളിൽ ശുദ്ധമായ പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള സേവന സന്നദ്ധരും നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെടണം. ദാവീദ് രാജാവിനോട് "ആ തെറ്റു ചെയ്തത് നീ ആകുന്നു." എന്ന് ധൈര്യ സമേതം പറഞ്ഞ നാഥാൻ പ്രവാചകൻെറ പിൻഗാമികളെ ഇന്ന് വളരെ ആവശ്യമാണ്.

മുഖ്യാസനം ആഗ്രഹിക്കുന്നവരും, അതു ലഭിക്കുന്നതിന് ഏതു നീചമാർഗ്ഗവും സ്വീകരിക്കുന്നവരും സ്ഥാനം നിലനിർത്തുന്നതിന് ചെകുത്താനെയും കൂട്ടു പിടിക്കുവാൻ ശ്രമിക്കുന്നവരുമായ പൊതു പ്രവർത്തകരെയും സഭാ നേതാക്കളെയും കാണുമ്പോൾ വെള്ള തേച്ച ശവക്കല്ലറകൾ എന്ന് ഉറക്കെ പറയുവാൻ എത്ര പേർ ധൈര്യപ്പെടും? സ്വന്തം നിലനില്പിനു വേണ്ടി ആദർശ ഭാവം പ്രകടിപ്പിക്കുമെങ്കിലും എല്ലാവരെയും പ്രീതിപ്പെടുത്തുന്നതിനുള്ള ശ്രമത്തിൽ ദർശനം നഷ്ടപ്പെടുന്ന നേതാക്കൾക്ക് എതിരായി പ്രതികരിക്കാതിരിക്കുന്നത് അപകടകരമല്ലേ?

സഭയിലും സമൂഹത്തിലും രാഷ്ട്രത്തിലും ദർശിക്കുന്ന അഴിമതി നിഷ്ക്കാസനം ചെയ്യുന്നതിന് ഒരു പക്ഷെ പുതിയ സംവിധാനം തന്നെ രൂപപ്പെടുത്തേണ്ടി വരും. എന്നാൽ പ്രാരംഭമായി, നിർഭയം പ്രതികരിക്കുക നല്ല ഭാവി ആഗ്രഹിക്കുന്ന ഏവരുടെയും കർത്തവ്യമാണ്. ദൈവരാജ്യം നീതിയിലും സമാധാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമാണ്. യേശുക്രിസ്തുവിലൂടെ പ്രഖ്യാപിതമായ ദൈവരാജ്യം കൈവരിക്കുവാൻ ഇന്ന് പ്രതികരണ ശേഷിയുള്ള വ്യക്തികളെയാണ് ആവശ്യം.

Edited by Prof. Mathew Koshy Punnakadu and Published by Rev. Prof. K.C. Mathew
for New Vision - Manganam